പുസ്തകം 78
ലക്കം 2
ഫെബ്രുവരി 2006
തബ്‌ലീഗ് 1385
മുഹററം - 1427



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) 95495 (Land) } 5520733
**ഫാക്സ് :** 0495 - 2721609
e-mail: sathyadoothan@ahmadiyya.com


**സ്ഥാപിതം**
**1925**

لا إله إلا الله محمد رسول الله

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


4 *യുഗശബ്ദം*
5 *മുഖക്കുറിപ്പ്*

**ലേഖനം**

6 *ദിവ്യവെളിപാടുകൾ*
ഹദ്റത്ത് അഹ്മദ് *(അ)*

7 *എന്താണ് വെളിപാട്?*
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

10 *'ആഗോള സംപ്രേക്ഷണം' ഒരു പ്രവചനത്തിന്റെ സാക്ഷാത്കാരം*
മുഹമ്മദ് ഉമർ, കോഴിക്കോട്

14 *വാഗ്ദത്ത മസീഹിന്റെ സ്വഭാവ വൈശിഷ്ട്യം*
മൗലാനാ അബ്ദുൽ കരീം (റ)

20 *ഫലസ്തീൻ പ്രശ്നം*
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്

22 *ശത്രുവിന് സാന്ത്വനമരുളിയ മഹാത്മാവ്*
ഇഹ്ജാജ് അലി സുബൈരി

25 *യേശു ദാവീദിന്റെ പുത്രനോ*
ഇഖ്ബാൽ അഹ്മദ്

29 *സമുദ്രവും കപ്പലുകളും*
എ.എം. മുഹമ്മദ് സലിം

32 *നൂഹ് നബിയുടെ കപ്പൽ*
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

34 *ഇസ്രാഉം മിഅ്റാജും അത്യുന്നതമായ ഒരു ആത്മീയദർശനം*
എ. പി. കുഞ്ഞാമു

36 *മൗദൂദി സാഹിബിനെ വെള്ളപൂശാൻ*
*ജമാഅത്തെ ഇസ്‌ലാമിയുടെ നിരർത്ഥക വാദങ്ങൾ*
മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ.

37 *കുറിപ്പുകൾ - യുക്തിവാദികളുടെ ശാസ്ത്രബോധവും സദാചാരവും*

*വാർത്തകൾ*


*മുഖചിത്രം :* **ചൈനയിലെ ഒരു മുസ്‌ലിം കെട്ടിടത്തിന്റെ പൂമുഖം**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്


തീർച്ചയായും ഭൂതലത്തിലുള്ള എല്ലാ വസ്തുക്കളേയും നാം അതിന് ഒരു അലങ്കാരമാക്കി വെച്ചിരിക്കുന്നു. (മനുഷ്യരിൽ) വെച്ച് നന്നായി പ്രവർത്തിക്കുന്നവർ ആരെന്ന് അവരെ പരീക്ഷിക്കുന്നതിന് വേണ്ടി. അതിന്മേലുള്ളതെല്ലാം തരിശു നിലമാക്കി നാം മാറ്റുന്നതാണ്. (18 : 8,9)

## നബിവചനം

'രണ്ടു വലിയ ജനവിഭാഗങ്ങൾക്കിടയിൽ ഒരു ഘോരസമരം നടക്കും മുമ്പ് അന്ത്യ പ്രളയം സംഭവിക്കുകയില്ല. ആ രണ്ട് വിഭാഗങ്ങളുടേയും ആദർശം ഒന്നുതന്നെയായിരിക്കും. അപ്രകാരം തന്നെ അസത്യവാദികളായ മുപ്പതോളം ദജ്ജാലുകൾ പുറത്ത് വരും. അവരിലോരോരുത്തരും താൻ ദൈവദൂതനാണെന്ന് വാദിച്ചുകൊണ്ടിരിക്കും. അപ്രകാരം ജ്ഞാനം നശിച്ചു പോകുകയും കാലം വേഗം, വേഗം കടന്നു പോകുകയും കൊല വർദ്ധിക്കുകയും കുഴപ്പങ്ങൾ പൊട്ടിപ്പുറപ്പെടുകയും ഭൂകമ്പം വർദ്ധിക്കുകയും ചെയ്യും വരേക്കും അന്ത്യപ്രളയം സംഭവിക്കുകയില്ല'. (ബുഖാരി)

**യുഗശബ്ദം**

# ശത്രുസംഹാരത്തിന് സ്വർഗ്ഗീയായുധം



**വാഗ്ദത്ത മസീഹ്**

ഇപ്പോൾ കാലമിതാ അതിന്റെ അവസാന ഘട്ടത്തിലേക്കു കടന്നിരിക്കുന്നു. സൗര പഞ്ചാംഗത്തിന്റെ ഏഴാം സഹസ്രാബ്ദത്തിൽ പ്രവേശിച്ചിരിക്കുകയാണ്. ഈ കാലഘട്ടത്തിൽ ആ ശപിക്കപ്പെട്ട സാത്താൻ പ്രതീകാത്മകമായ രൂപത്തിൽ ഒരു ജനവിഭാഗത്തിന്റെ വേഷമാണ് അണിഞ്ഞിരിക്കുന്നത്. വഴിപിഴപ്പിന്റെ അവസാനത്തെ പരിധിയും കടക്കുകയും 'ഫാത്തിഹാ' സൂക്തത്തിലെ അവസാനത്തെ വാക്യത്തിൽ പരാമർശിക്കപ്പെടുകയും ചെയ്തിട്ടുള്ളവരുടെ വേഷത്തിൽ തന്നെ. ഉൾക്കാഴ്ച്ച ഉള്ളവർക്ക് മാത്രമേ ഈ വസ്തുത മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ആ കപട വേഷധാരി സ്വർഗ്ഗീയമായ ആയുധങ്ങൾ കൊണ്ടല്ലാതെ നശിപ്പിക്കപ്പെടുകയില്ല. അതായത് മനുഷ്യരുടെ കഴിവുകൾ കൊണ്ടല്ലാതെ അല്ലാഹുവിന്റെ ആനുകൂല്യം കൊണ്ടുമാത്രം. അതിനാൽ യുദ്ധമോ സംഘട്ടനമോ ഉണ്ടായിരിക്കുകയില്ല. പകരം ദൈവിക സവിധത്തിൽ നിന്നു ഇറങ്ങുന്ന ഒരു അത്ഭുത പ്രതിഭാസം മാത്രം. (ഇഅ്ജാസുൽ മസീഹ്)

# ടെലിവിഷൻ ധാർമ്മിക വിപ്ലവത്തിന്

പ്രശസ്ത ഫ്യൂച്ചറോളജിസ്റ്റായ ആൽവിൻ ടോഫ്ളർ തന്റെ 'ഫ്യൂച്ചർ ഷോക്ക്' എന്ന കൃതിയിൽ മനുഷ്യവംശം പിന്നിട്ട മൂന്ന് വിപ്ലവങ്ങളെക്കുറിച്ച് പറയുന്നു. അതിൽ ആദ്യത്തേത് കൃഷിയാണ് കാട്ടുപഴങ്ങൾ ശേഖരിച്ചു ഉപജീവനം കഴിച്ചിരുന്ന മനുഷ്യൻ കൃഷി ആരംഭിച്ചപ്പോഴാണ് സ്ഥിരവാസവും നാഗരികതയും ആരംഭിച്ചത്. രണ്ടാമത്തെ വിപ്ലവം യന്ത്രസഹായത്തോടെ വൻതോതിൽ ഉല്പാദനം സാധ്യമാക്കിയ വ്യവസായ വിപ്ലവമാണ് മൂന്നാമത്തേത് നമ്മുടെ കാലത്ത് സംഭവിച്ച വിവര സാങ്കേതിക വിപ്ലവമാണ് അഥവാ ഇൻഫർമേഷൻ എക്സ്പ്ലോഷൻ. ഈ ഇൻഫർമേഷൻ യുഗത്തിന്റെ ഏറ്റവും ശക്തമായ ആയുധമാണ് ടെലിവിഷൻ. പ്രശസ്ത ടെലിവിഷൻ അവതാരകനായ സ്റ്റീവ് അലൻ പറഞ്ഞത്പോലെ 'ഉപകരണത്തിന് ജനങ്ങൾക്ക് മീതെയുള്ള ഒരു വിജയമാണ് ടെലിവിഷൻ' (Television is a triumph of equipment over people) ലോകത്ത് ടെലിവിഷനെ പോലെ ജനസ്വാധീനമുള്ള മാസ്മീഡിയ മറ്റൊന്നില്ല.

ടെലിവിഷൻ വിഭവങ്ങൾ സംവിധാനം ചെയ്യുന്നത് ധാർമ്മികമായി യാതൊരു ഉത്തരവാദിതവുമില്ലാത്തവരാണ്. ഉപഭോക്തൃ വസ്തുക്കളുടെ വിപണിയും നിക്ഷിപ്ത താല്പര്യക്കാരുമാണ് ടെലിവിഷൻ നടത്തിപ്പുകാരുടെ യഥാർത്ഥ യജമാനന്മാർ. അവർക്ക് വേണ്ടി പ്രേക്ഷകനെ ആവുന്നത്ര ആസ്വദിപ്പിച്ച് ഉല്ലാസവാനായി ടെലിവിഷനു മുമ്പിൽ ഇരുത്തുക എന്നതിലാണ് ഈ ജനകീയ മാധ്യമത്തിന്റെ പ്രൊഫഷനൽ വൈദഗ്ദ്യവും വിജയവും നിലകൊള്ളുന്നത്. ഇതിന്നായി ലൈംഗികതയേയും, മൃദുലവികാരങ്ങളേയും, ശരീരേഛകളേയും ഉദ്ദീപിപ്പിക്കുന്ന വിഭവങ്ങൾ വിളമ്പി ആസ്വാദനത്തിന്റെ ഉത്സാഹത്തിമിർപ്പിൽ പ്രേക്ഷകനെ നിർത്താൻ ദൃശ്യമാധ്യമങ്ങൾ പരസ്പരം മത്സരിക്കുന്നു. അങ്ങിനെ ഒരു ജനതയുടെ മുഴുവൻ സംവേദനശീലത്തേയും ടെലിവിഷൻ മലിനപ്പെടുത്തുകയാണ്. മലയാളത്തിൽ മാത്രം 18 ഓളം ടി വി ചാനലുകളുണ്ടെന്ന് വരുമ്പോൾ അതിന്റെ ജനകീയ സ്വീകാര്യതയും സ്വാധീനവും വ്യക്തമാണല്ലോ.

ഈ ടെലിവിഷൻ വിപത്തിൽ നിന്നും മനുഷ്യസമൂഹത്തെ രക്ഷിക്കാനുള്ള ഒരു ബദൽ സംവിധാനമാണ് 1991 ൽ ആരംഭിച്ച മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ (M.T.A) അഹ്മദീയ്യാ ഖലീഫ നേതൃത്വം നൽകുന്ന ആഗോള അഹ്മദിയ്യാ സമൂഹത്തെ അഭിസംബോധന ചെയ്യാനും അവരെ ഉദ്ബോധിക്കാനും ഖലീഫ തിരുമനസ്സിന്റെ സാന്നിദ്ധ്യമറിയിക്കാനും ടെലിവിഷൻ ഉപഗ്രഹസംപ്രേക്ഷണം പോലെ കാര്യക്ഷമമായ മറ്റൊരു മാധ്യമമില്ല. ജുമാ ഖുത്ബ ഖുർആൻ ക്ലാസ്, ഏകദൈവ രാധനയിലേക്കുള്ള ക്ഷണം, അഭിമുഖങ്ങൾ, മതസംവാദങ്ങൾ, ആത്മ സംസ്കരണാത്മകമായ പ്രഭാഷണങ്ങൾ, തുടങ്ങി മനുഷ്യന്റെ ആത്മീയ പുരോഗതിയെ മാത്രം ലക്ഷ്യം വെച്ചുകൊണ്ടുള്ള ഒരു മഹൽ സംരംഭമാണ് M.T.A കണ്ണിനേയും കാതിനേയും വശീകരിച്ച് നരകത്തിലേക്ക് മനുഷ്യനെ ആനയിച്ചുകൊണ്ടിരിക്കുന്ന ടെലിവിഷൻ; അഹ്മദിയ്യാ ജമാഅത്തിലൂടെ മോക്ഷം പ്രാപിക്കുകയാണ്. സ്വർഗ്ഗകവാടത്തിലേക്ക് പ്രേക്ഷകനെ നയിക്കുന്ന M.T.A യുടെ വഴിയിൽ സത്യവിശ്വാസികൾക്ക് ഇനി നിർഭയം സഞ്ചരിക്കാം.

■

ലേഖനം

# ദിവ്യവെളിപാടുകൾ

ഹദ്റത്ത് അഹ്മദ് (അ)

## ദിവ്യവെളിപാടുകൾ ലഭിക്കുമ്പോഴുണ്ടാകുന്ന ആത്മീയാനുഭവങ്ങളെപറ്റി വാഗ്ദത്ത മസീഹ്

അല്ലാഹു തന്റെ ദാസന്, ആ ദാസന്റെ പ്രാർഥനയ്ക്കു ഉത്തരമായിട്ടോ അഥവാ സ്വയം ഇച്ഛരിച്ചോ മറഞ്ഞ ഒരു കാര്യത്തെപ്പറ്റി അറിയിച്ചുകൊടുക്കുവാൻ ഉദ്ദേശിച്ചാൽ, അയാളിൽ ഒരു തരം അബോധാവസ്ഥയും മയക്കവും ഉണ്ടാക്കുന്നു. അതോടെ പെട്ടെന്നു ചുറ്റുപാടുമായി ബന്ധമറ്റ നിലയിൽ അയാൾ ആയിത്തീരുന്നു. സ്വന്തം വ്യക്തിത്വം തന്നെ നഷ്ടപ്പെട്ട ഒരവസ്ഥയാണ് ആയാൾക്കുണ്ടാകുക. ഒരാൾ വെള്ളത്തിൽ നീന്തുകയോ ഒരു മുങ്ങൽക്കാരൻ വെള്ളത്തിന്നടിയിലേക്ക് ഊളിയിട്ടുപോകുകയോ ചെയ്യുന്നതുപോലെ അയാൾ ആത്മവിസ്മൃതിയിലും മയക്കത്തിലും അബോധാവസ്ഥയിലും മുങ്ങുമാറാകുന്നു. ആ പ്ലവത്തോടു വളരെയധികം സാമ്യമുള്ള ഈ മയക്കത്തിന്റെ അവസ്ഥയിൽനിന്നു ആ ദാസൻ പുറത്തുവന്നാൽ ഒരു മണിമുഴക്കം പോലുള്ള ആന്തരീയമായ ഒരു അനുഭവം അയാൾക്കുണ്ടാവുന്നു. ഈ മുഴക്കം നേർത്തുനേർത്തു വരുന്നതോടെ പെട്ടെന്നു അയാൾക്കു തന്റെ ഉള്ളിൽനിന്നു താളാത്മകവും സൂക്ഷ്മവും ആനന്ദപ്രദവുമായ ഒരു ഭാഷണം കേൾക്കുമാറാകുന്നു. ഈ മയക്കത്തിന്റെ അഥവാ മുങ്ങലിന്റെ അത്ഭുതം വാക്കുകളിൽ വിവരിക്കുക അസാദ്ധ്യം. ദിവ്യജ്ഞാനത്തിന്റെ ഒരു നദീപ്രവാഹം അപ്പോൾ മനുഷ്യനു മുമ്പിൽ തുറന്നുകിട്ടുന്നു. അടിക്കടി പ്രാർഥന നടത്തിക്കൊണ്ടിരിക്കുമ്പോൾ ഈ വിപ്ളവാവസ്ഥയും മയക്കവും തന്റെ ഭക്തദാസനിൽ സൃഷ്ടിച്ചുകൊണ്ട് അവന്റെ എല്ലാ ഓരോ പ്രാർഥനക്കും സൂക്ഷ്മവും സുന്ദരവുമായ ഭാഷണത്തിൽ ദൈവം മറുപടി നല്കുന്നു. ഓരോ അന്വേഷണാവസ്ഥയിലും മനുഷ്യന്റെ കഴിവിന്നപ്പുറത്തുള്ള യാഥാർഥ്യങ്ങൾ അയാൾ ക്കായി തുറക്കപ്പെടുന്നു. അപ്പോൾ ഈ കാര്യം അയാളെ സംബന്ധിച്ചിടത്തോളം വർദ്ധമാനമായ ദൈവിക സ്ഥാന സിദ്ധിക്ക് കാരണവും പൂർണമായ ദിവ്യജ്ഞാനലബ്ധിക്ക് ഹേതുകവും ആയിത്തീരുന്നു. ഭക്തദാസൻ പ്രാർഥന നടത്തുന്നതും ദൈവം അവന്റെ 'ഉലൂഹിയ'ത്തിന്റെ തേജോവിലാസത്തിലൂടെ ഓരോ പ്രാർഥനക്കും ഉത്തരം നല്കുന്നതും ഈ ലോകത്ത് വച്ചു തന്നെ ദാസൻ തന്റെ നാഥനെ നേരിട്ടുകാണുന്നതു പോലുള്ളതും ഇരുലോകവും വൈരുദ്ധ്യമില്ലാത്തവിധം ഒരുപോലെയായി അനുഭവപ്പെടുന്നതുമായ ഒരവസ്ഥയാകുന്നു.

(റൂഹാനീ ഖസായിൻ വാള്യം 1, ഭാ.261,262, ബറാഹീനെ അഹ്മദിയ്യ, അടിക്കുറിപ്പ്)

ഇൽഹാമിന്റെ മറ്റൊരുരൂപം ഇതാണ്. മനുഷ്യന്റെ ഹൃദയവുമായി യാതൊരു ബന്ധവുമില്ലാത്ത നിലയിൽ, പുറത്തുനിന്നെന്നപോലെ ഒരു ശബ്ദം വരുന്നു. ആ ശബ്ദം ഒരു മറയുടെ പിന്നിൽനിന്ന് ആരോ സസംസാരിക്കുന്നതുപോലെ തോന്നും. എന്നാൽ ഈ ശബ്ദം കർണാനന്ദകരവും അതിമനോഹരവും ഒരളവോളം വേഗതകൂടിയതുമായിരിക്കും. ഹൃദയത്തിനു അതൊരു ആനന്ദനിർവൃതി നല്കും. മനുഷ്യൻ ഏതോ ലയത്തിലായിരിക്കുമ്പോൾ പെട്ടെന്നുണ്ടായിവരുന്ന ശബ്ദം കേട്ട് അത് ഏതു ഭാഗത്തുനിന്നാണ് വന്നതെന്നും ആരാണ് തന്നോട് സംസാരിച്ചതെന്നും മനസ്സിലാകാതെ അയാൾ അത്ഭുതപ്പെട്ടുപോകും. വിസ്മയ പരതന്ത്രനായി അയാൾ അങ്ങോട്ടുമിങ്ങോട്ടും നോക്കുകയും ഏതോ മാലാഖയാണ് തന്നോട് സംസാരിച്ചതെന്നു അപ്പോൾ മനസ്സിലാക്കുകയും ചെയ്യും. ഈ ബാഹ്യശബ്ദം അധികവും മനുഷ്യൻ ഏതെങ്കിലും കാര്യത്തിൽ വളരെയേറെ വിചാരമഗ്നനും ദു:ഖിതനുമായിരിക്കുമ്പോൾ സുവിശേഷമായിട്ടാണ് കേൾക്കുമാറാകുക.

(റൂഹാനി ഖസായിൻ വാള്യം 1, ഭാ. 287; ബറാഹീനെ അഹ്മദിയ്യ, അടിക്കുറിപ്പ്)

അപ്രകാരം തന്നെ പ്രകാശദാനത്തിന്റെ നിയമവും ഇതാണ്; ആരുടെ പക്കൽ പ്രകാശമുണ്ടോ അയാൾക്ക്

*(ശേഷം 9-ാം പേജിൽ)*

Revelation Rationality knowledge and Truth

ലേഖനം

# എന്താണ് വെളിപാട്?

## ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**ദിവ്യവെളിപാടുകൾ മനുഷ്യന്റെ അന്തർ മണ്ഡലത്തിൽ നിന്നും വരുന്ന മാനസിക പ്രതിഭാസങ്ങളല്ല. ബാഹ്യമായ ഒരു സ്രോതസ്സിൽ നിന്ന് അഥവാ ദൈവത്തിൽ നിന്നാണ് അത് വരുന്നത്.**

എന്താണ് വെളിപാട്? മനുഷ്യന്റെ ആന്തരിക ലോകത്തുള്ള ബോധാത്മകവും അബോധാത്മകവുമായ കണ്ടെത്തലുകൾക്ക് പറയുന്ന സംജ്ഞയാണോ വെളിപാടുകൾ അതല്ലെങ്കിൽ മനുഷ്യന്റെ ജ്ഞാനത്തെ അതിവർത്തിക്കുന്ന ബാഹ്യമായ ഒരു അസ്തിത്വത്തിൽ നിന്നുമാണോ വെളിപാടിന്റെ ഉറവിടം?

വെളിപാടുകളിൽ വിശ്വസിക്കുന്ന ആളുകളിൽ തന്നെ അതിന്റെ പ്രകൃതത്തെ സംബന്ധിച്ചുള്ള അവരുടെ ധാരണകളിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഉദാഹരണമായി ഇന്നത്തെ ബുദ്ധമതക്കാർ, കൺഫ്യൂഷ്യൻ മതക്കാർ താവോ മതക്കാർ എന്നിവരിൽ ബഹുഭൂരിപക്ഷവും കരുതുന്നത് അവരുടെ മത സ്ഥാപകന്മാർക്കുണ്ടായ അനുഭവങ്ങൾ എല്ലാം തന്നെ അവരുടെ ബോധമനസ്സിൽ നിന്നോ അബോധമനസ്സിൽ നിന്നോ ആവിർഭവിച്ചതാണെന്നാണ്. നേരത്തെ പ്രതിപാദിച്ചത്പോലെ സത്യം എല്ലാ ആത്മാക്കളുടേയും ഉള്ളിൽ തന്നെ പ്രകൃതിയുടെ ഭാഗമായി നിലകൊളളുന്നു എന്ന് അവർ വിശ്വസിക്കുന്നു. അവരെ സംബന്ധിച്ചേടത്തോളം അന്ത: പ്രചോദനം എന്നാൽ ഈ അനശ്വര സത്യത്തിന്റെ സ്രോതസ്സുകളുമായി ബന്ധപ്പെടാനുള്ള ഉപകരണങ്ങൾ മാത്രമാണ്. മറ്റുള്ള മതങ്ങളുടെ വീക്ഷണ പ്രകാരം വെളിപാടുകൾ എന്നത് ബാഹ്യമായ ഒരു സ്രോതസ്സിൽ നിന്നും ഉത്ഭവിക്കുന്ന അനുഭവങ്ങളാണ്. അതായത് അനന്തനു സർവ്വജ്ഞനുമായ ഒരു ദൈവത്തിൽ നിന്ന്.

നാം നമ്മുടെ പഠനമേഖല വിപുലീകരിക്കുകയാണെങ്കിൽ മതത്തിന്റെ മേഖലക്ക് പുറത്തു നിന്നും വെളിപാടുകളുടെ സത്യസന്ധമായ അനേകം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതായി കാണാൻ കഴിയും. ഉദാഹരണത്തിന് ചില ശാസ്ത്രജ്ഞന്മാർക്ക് വളരെ സങ്കീർണ്ണമായ ചില വിവരങ്ങൾ വെളിപാടിലൂടെ അറിയിക്കപ്പെട്ട കൗതുകകരമായ ചില സംഭവങ്ങളുണ്ട്.

1865 ൽ, രസതന്ത്രജ്ഞനായിരുന്ന ജർമ്മൻകാരൻ ഫെഡറിക് ആഗസ്റ്റ് കെകുലെ (Fredric August Kekule) പല ശാസ്ത്രഗവേഷകന്മാരേയും കുഴക്കിയ രസതന്ത്രത്തിലെ ഒരു പ്രശ്നം നിർദ്ദരിക്കാൻ പാടുപെടുകയായിരുന്നു. ഒരു ദിവസം രാത്രി കെകുലെ ഒരു സ്വപ്നം കണ്ടു. ഒരു പാമ്പ് അതിന്റെ വാൽ തന്റെ വായിൽ വിഴുങ്ങി നില്ക്കുന്നതായിരുന്നു സ്വപ്നം. ഈ സ്വപ്നം പെട്ടെന്ന് അദ്ദേഹത്തെ കുഴക്കിക്കൊണ്ടിരുന്ന പ്രശ്നത്തെ ശരിയായ പാതയിലേക്ക് നയിച്ചു. ജൈവരസതന്ത്രത്തെ മനസ്സിലാക്കുന്നതിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ച ചില ജൈവസംയുക്തങ്ങളിലെ (Organic Compounds) തന്മാത്രകളുടെ പ്രവർത്തനങ്ങളെ പറ്റിയുള്ള രഹസ്യം ഈ സ്വപ്നത്തിലൂടെ അനാവരണം ചെയ്യപ്പെടുകയായിരുന്നു. ബെൻസീൻ (Benzene) തന്മാത്രകളിൽ കാർബൺ ആറ്റങ്ങൾ വൃത്താകൃതിയിൽ പരസ്പരം ഒരുമിച്ചു ചേർന്ന് ഒരു വൃത്താകൃതിയിൽ നില്ക്കുകയാണെന്നാണ് ഈ സ്വപ്നം അർത്ഥമാക്കുന്നതെന്ന് അദ്ദേഹം വ്യഖ്യാനിച്ചു. ഈ അറിവ് നിരവധി കൃത്രിമ വസ്തുക്കൾ ഉൽപാ

ദിപ്പിക്കുന്ന വിപുലവും വളരെ വികസിതവുമായ കൃത്രിമ ജൈവ രസതന്ത്രത്തിന് (Synthetic Organic Chemistry)) ജന്മം നൽകുകയുണ്ടായി. ഇപ്പോഴത്തെ ഔഷധ വ്യവസായം അധികമധികമായി കൃത്രിമ മരുന്നുകളെ ആശ്രയിക്കുന്നു. കെകുലെയെ മഥിച്ചിരുന്ന പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയ ആ സ്വപ്നത്തിന് തീർച്ചയായും മാനവരാശി കടപ്പെട്ടിരിക്കുന്നു.

തയ്യൽ വേല ആദ്യമായി യന്ത്രവത്ക്കരിച്ച വ്യക്തിയാണ് ഏലിയാസ് ഹോവി (Elias Howe) . ദീർഘകാലമായി ഹോവിയുടെ മനസ്സിനെ അലട്ടിയിരുന്ന ഒരു പ്രശ്നത്തിന് പ്രതിവിധി കണ്ടെത്തിയതും ഒരു സ്വപ്നത്തിലൂടെയായിരുന്നു. അദ്ദേഹത്തിനുണ്ടായ സ്വപ്നത്തിൽ കുറെകാട്ടാളന്മാരാൽ അദ്ദേഹം വലയം ചെയ്യപ്പെട്ടതായും തങ്ങൾക്കൊരു തയ്യൽ യന്ത്രം ഉണ്ടാക്കിതന്നില്ലെങ്കിൽ അദ്ദേഹത്തെ കൊന്നുകളയുമെന്ന് കാട്ടാളന്മാർ ഭീഷണിപ്പെടത്തുന്നതുമായിരുന്നു സ്വപ്നം. കാട്ടാളന്മാരുടെ ഈ ആവശ്യത്തോട് പ്രതികരിക്കാൻ കഴിയാതിരുന്ന ഹോവിയെ അവർ ഒരു മരത്തിൽ ബന്ധിച്ചിട്ടുണ്ടായിരുന്നു. എന്നിട്ട് കാട്ടാളന്മാർ അദ്ദേഹത്തെ അമ്പുകൊണ്ടും കുന്തം കൊണ്ടും ആക്രമിക്കാൻ ആരംഭിച്ചു. അവരുടെ കുന്തമുനകളിൽ കണ്ട ദ്വാരം അദ്ദേഹത്തെ അത്ഭുതപ്പെടുത്തുകയും ചെയ്തു. സ്വപ്നത്തിൽ നിന്നും ഉണർന്ന ഹോവി തന്റെ മനസ്സിനെ മഥിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നത്തിന് ഉടൻ തന്നെ പരിഹാരം കണ്ടെത്തുകയായിരുന്നു. ആ സ്വപ്നം അദ്ദേഹത്തെ തയ്യൽ യന്ത്രത്തിന്റെ പ്രാകൃതരൂപം കണ്ടെത്തുന്നതിലേക്ക് നയിച്ചു. പിന്നീട് വസ്ത്രനിർമ്മാണ വ്യവസായത്തെ നാടകീയമായി മാറ്റി മറിച്ച തയ്യൽ മെഷീന്റെ കണ്ടുപിടുത്തമായിരുന്നു അത്. തയ്യൽ സൂചിയുടെ ദ്വാരം ഉണ്ടാക്കേണ്ട സ്ഥലം ഏതായിരിക്കണമെന്ന് ഈ സ്വപ്നത്തിലൂടെ മനസ്സിലാക്കാൻ അദ്ദേഹത്തിന്ന് സാധ്യമായി.

പ്രത്യക്ഷത്തിൽ അസാധ്യം എന്ന് തോന്നുന്ന ഒരു പ്രവൃത്തി സാധ്യമാക്കി തീർക്കാൻ സ്വപ്നത്തിൽ നിന്നു ലഭിച്ച ഈ ആശയത്തിന് കഴിഞ്ഞു. ഈ സ്വപ്നത്തിന്റെ സഹായമില്ലെങ്കിൽ മനുഷ്യൻ ഇന്ന് അകപ്പെടുന്ന സങ്കടാവസ്ഥ ഊഹിക്കാൻ സാധ്യമല്ല. തീർച്ചയായും ഈ വെളിപാടു മുഖേന എന്തൊരു വിപ്ലവകരമായ പരിവർത്തനമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് !

ഇത്തരത്തിലുള്ള നിരവധി അനുഭവങ്ങളുടെ വെളിച്ചത്തിൽ വെളിപാടുകൾ എന്നാൽ ഉപബോധമനസ്സിൽ നിന്നും ഉരുവം കൊള്ളുന്ന പ്രതിഭാസമാണെന്ന ഒരു വിശദീകരണം മനസ്സിൽ കണ്ടെത്തുന്നു. അതായത് ഉറങ്ങാൻ പോവുന്നതിന് മുമ്പ് മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളിൽ ഗാഢമായി ചിന്തിച്ച് വ്യാപൃതമാവുന്ന ബോധമനസ്സിന് ക്ഷീണം ബാധിക്കുന്നു. അത്തരം പ്രശ്ന ചിന്തകൾ ഉപബോധ മനസ്സിലേക്ക് മാറ്റപ്പെടുന്നു. ഉറക്കസമയത്ത് ഉപബോധമനസ്സ് അതിലേക്ക് കുത്തി നിറച്ച കാര്യങ്ങളെ പറ്റി ചിന്തിക്കുകയും അവസാനം ഏറ്റവും ആവശ്യമായ പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു. ചിലപ്പോൾ ഈ പരിഹാരം ദർശനങ്ങളായി അനുഭവപ്പെടുന്നു. ചിലപ്പോൾ ശാബ്ദിക വെളിപാടുകളായി അനുഭവപ്പെടുകയും ചെയ്യുന്നു. ഇതെല്ലാം അങ്ങിനെയുള്ളതാണെന്നു തന്നെയിരിക്കട്ടെ. എന്നാലും ഏത് രീതിയിലും അനുഭവവേദ്യമാവുന്ന എല്ലാ വെളിപാടുകളും യഥാർത്ഥത്തിൽ അബോധമനസ്സിൽ നിന്നുള്ള സന്ദേശങ്ങളാണെന്ന് കരുതാമോ? ഇങ്ങിനെയല്ലാതെ മറ്റൊരു വിധത്തിലും ഇത് സംഭവിക്കാൻ സാധ്യതയില്ലേ?

മേൽ വിവരിച്ച സംഭവത്തിൽ പ്രശ്ന പരിഹാരത്തിനു വേണ്ട എല്ലാ അവശ്യ വിവരങ്ങളും ബോധമനസ്സിൽ അപ്പോൾ തന്നെയുണ്ടെന്നും ആ വിവരങ്ങൾ നിഗൂഢമായ രീതിയിൽ കൂട്ടിച്ചേർക്കാൻ കഴിയുന്ന ശക്തമായ ഒരു പകരണമായി ഉപബോധമനസ്സ് വർത്തിക്കുകയായിരുന്നു എന്ന് തെളിയിക്കപ്പെടുക മാത്രമാണ് ചെയ്യുന്നത് എന്ന വാദവും ഉന്നയിക്കാവുന്നതാണ്. ഇതാണോ പ്രചോദനാത്മകമായ വെളിപാടിന്റെ സമസ്താനുഭവങ്ങളുടേയും ആകെത്തുക. അതല്ല ഈ ഒരെയൊരു മാനസിക പ്രക്രിയക്ക് പുറമേ മറ്റു വല്ല രൂപങ്ങൾക്കും സാധ്യതയുണ്ടോ?

ലോകത്തിലെ പ്രബലമായ മതങ്ങൾ അവരുടെ പ്രവാചകന്മാർക്കും മറ്റു പല വിശുദ്ധർക്കും ദൈവമെന്ന് വിളിക്കപ്പെടുന്ന ബാഹ്യമായ ഒരു സ്രോതസിൽ നിന്നുമാണ് വെളിപാടുകൾ ലഭിക്കുന്നത് എന്ന് വിശ്വസിക്കുന്നു. ഈ വിശ്വാസം ഒരു തെറ്റായ നിഗമനമായിരിക്കണം എന്ന് കരുതുന്നവരാണ് മറ്റുള്ളവർ. എങ്കിലും ഇങ്ങിനെ വെളിപാടു ലഭിക്കുന്നവർ കരുതിക്കൂട്ടി കള്ളം പറയുന്നവരാണ് എന്ന് അവർ ആരോപിക്കുന്നില്ല. കാരണം തികച്ചും ഉള്ളിൽ നിന്നു തന്നെയുള്ള ഒരു അനുഭവം പുറമേയുള്ള ഒരു സ്രോതസിൽ നിന്നും വരുന്നതായി യഥാർത്ഥത്തിൽ തെറ്റിദ്ധരിക്കുകയാണെന്നാണ് ഇക്കൂട്ടർ പറയുന്നത്. എന്നാൽ ഇത് അവർ പറയുന്നത് പോലെയായിരുന്നുവെങ്കിൽ വെളിപാടു മതങ്ങളുടെയെല്ലാം അടിസ്ഥാനം ശിഥിലമായ അടിത്തറയിലായിരിക്കും പ്രതിഷ്ഠിക്കപ്പെടുക. അത്തരം അവകാശ വാദങ്ങളുടെ സത്യം തെളിയിക്കാൻ പുറമെ നിന്നുള്ള മതിയായ തെളിവുകളുടെ സഹായം കൊണ്ട് മാത്രമെ സാധിക്കൂ.

അത്തരത്തിൽ വാദം ഉന്നയിക്കുന്ന എല്ലാവരുടെയും അവകാശവാദത്തിലെ സത്യം പരിശോധിക്കുക എന്നത് അത്യന്തം പ്രയാസകരവും വിപുലമായ ഒരു ശ്രമമായതിനാൽ നാം ഈ മാനദണ്ഡം വിശുദ്ധഖുർആനിൽ മാത്രം ആരോപിക്കുവാൻ ശ്രമിക്കുന്നതാണ്. മനുഷ്യനെ സൃഷ്ടിക്കുകയും, അവനെ ഉപേക്ഷിക്കാതെ തുടർന്നും അവന്റെ എല്ലാ കാര്യങ്ങളിലും തല്പരനായിരിക്കുകയും ചെയ്യുന്ന പരമോന്നതനായ ഒരു സ്രഷ്ടാവ് ഉണ്ട് എന്ന വിശ്വാസത്തിന്റെ അസ്ഥിവാരത്തിലാണ് എല്ലാ മുഖ്യമതങ്ങളുടെ അടി

സ്ഥാനം നിലകൊള്ളുന്നത്. എപ്പോഴാണോ ഏതൊരുകൂട്ടരിലാണോ ദൈവം ഇച്ഛിക്കുന്നത്. അപ്പോഴെല്ലാം അവന്റെ ദൂതന്മാരിലൂടെ ദൈവം അവർക്ക് മാർഗ്ഗദർശനം നൽകുന്നു. അവന്റെ അസ്തിത്വത്തെക്കുറിച്ചുള്ള ജ്ഞാനം അവൻ വെളിപ്പെടുത്തുകയും അവന്റെ ആജ്ഞ പ്രകാരം മനുഷ്യവംശത്തെ രൂപപ്പെടുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഇത് സത്യമാണെങ്കിൽ വെളിപാടുകൾ സ്വതന്ത്രമായ ഒരുജ്ഞാന സ്രോതസ്സിൽ നിന്നാണ് വരുന്നതെന്ന് കരുതണം. അതാകട്ടെ വെറും മാനസിക പ്രചോദനത്തിൽ നിന്നും വിഭിന്നവുമായിരിക്കണം. അതുമായി താരതമ്യം ചെയ്യുമ്പോൾ യുക്തിജ്ഞാനം രണ്ടാം സ്ഥാനത്താണ് വരുന്നത്.

മനുഷ്യമനസ്സിന്റെ ഒരു ബിന്ദുവിൽ നിന്നു നോക്കുമ്പോൾ വെളിപാടുകൾ മനുഷ്യന്റെ മാനസികമായ അന്തർമണ്ഡലത്തിൽ നിന്നു തന്നെ സംഭവിക്കുന്ന ഒരു അനുഭവമാണെന്ന് കാണപ്പെടുന്നു. ഈ കാരണത്താൽ ദിവ്യസന്ദേശങ്ങളും ഉപബോധമനസ്സിന്റെ സമാനസ്വഭാവമുള്ള അനുഭവങ്ങളാണോ എന്ന ആശയക്കുഴപ്പം ഉണ്ടായേക്കാം. എല്ലാ ആളുകൾക്കും അവരുടെ ജീവിതത്തിൽ ഒരു ഘട്ടത്തിലോ അല്ലെങ്കിൽ മറ്റൊരു ഘട്ടത്തിലോ മനസ്സിന്റെ ചില പ്രവർത്തനങ്ങൾ അനുഭവപ്പെട്ടിട്ടുണ്ടാകാം. മനുഷ്യമനസ്സ് മനുഷ്യന്റെ ഉള്ളിൽ തന്നെയുള്ള ഒരു സംവിധാനമാണ്. അത് ചിലപ്പോൾ മായാക്കാഴ്ചകളും ദർശനങ്ങളും നൽകുന്നു. ചിലപ്പോൾ യഥാർത്ഥത്തിൽ സംഭവിക്കുന്നത് പോലെ വ്യക്തികൾക്ക് അത് പ്രത്യക്ഷമായി അനുഭവപ്പെടുന്നു.

വിപുലമായ തോതിലുള്ള അത്തരം അനുഭവങ്ങളെ സ്വപ്നങ്ങൾ, ശാബ്ദിക സന്ദേശങ്ങൾ സംഗീതാത്മക ശബ്ദങ്ങൾ, രൂപങ്ങൾ മുദ്രകൾ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. താളം തെറ്റിയതും പ്രക്ഷുബ്ധവുമായ മനസ്സുള്ളവർക്ക് അവരുടെ അനുഭവങ്ങൾ വളരെ തീവ്രമായിരിക്കും. അത് സൃഷ്ടിക്കുന്ന സംഭീതാത്മകമായ മിഥ്യാഭ്രമങ്ങൾ അവരെ ഭ്രാന്തിയിലേക്ക് നയിച്ചേക്കും. അത്തരം മാനസിക വിഭ്രാന്തിയുടെ അവസ്ഥയിൽ കഠിനമായ പനിയും ബാധിച്ചേക്കാം. ഇത് കൂടാതെ തികച്ചും വ്യത്യസ്തമായതും ചിട്ടയോടുകൂടിയതും, സമാശ്വാസം നൽകുന്നതും സാന്ത്വനാത്മകവുമായ സ്വപ്നങ്ങളുടേയും അനുഭവങ്ങളുണ്ടാകുന്നു. അകാരണമായി പലർക്കുമുണ്ടാകുന്ന ഉൾഭയത്തിൽ നിന്നും അപകടഭീതിയിൽ നിന്നും അത് മനസ്സിന് മോചനം നൽകുന്നു. മാത്രമല്ല ചിലപ്പോൾ വ്യക്തമായി കേൾക്കാവുന്ന വ്യതിരിക്തമായ ശബ്ദത്തിൽ ചില സന്ദേശങ്ങൾ നൽകപ്പെടുന്നു. അത്തരം സന്ദേശങ്ങൾ ചിലപ്പോൾ മനുഷ്യന്റേയോ, മാലാഖയുടേയോ രൂപങ്ങളാണ് കൊണ്ടുവന്നു നൽകുന്നത്. അതും മനുഷ്യമനസ്സിന്റേയും ചിന്തയുടേയും ഉല്പന്നമാണ് എന്ന് വിശദീകരിക്കപ്പെടുകയാണെങ്കിൽ ആത്മീയമായ അനുഭവങ്ങളെല്ലാം തന്നെ മാനസിക പ്രതിഭാസങ്ങളുടെ മേഖലയിലേക്ക് തരം താഴ്ത്തപ്പെടും!

അപ്പോൾ പിന്നെ വെളിപാടുകൾക്കും ദിവ്യദർശനങ്ങൾക്കും എവിടെ സ്ഥാനം? എല്ലാ പ്രധാനപ്പെട്ട ചോദ്യങ്ങൾക്കും വ്യക്തമായി അഭിമുഖീകരിക്കപ്പെടുകയും ഉത്തരം നൽകപ്പെടുകയും വേണം. മനുഷ്യമനസ്സ് അത്തരം പ്രതിഭാസങ്ങൾ സ്വീകരിക്കാനും സൃഷ്ടിക്കപ്പെടാനുമുള്ള സവിശേഷതകൾ കൊണ്ട് സജ്ജീകരിക്കപ്പെട്ടതാണ്. പക്ഷേ ഈ മാനസിക സംവിധാനം ദൈവം ഇച്ഛിക്കുമ്പോഴും ഉചിതമായ സമയത്ത് നേരിട്ടുതന്നെ പ്രവർത്തന സജ്ജമാകാം. പരമപ്രധാനമായ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ഇക്കാര്യം വളരെ വിശദമായി പരിശോധിക്കേണ്ടിയിരിക്കുന്നു. പ്രതിഭാസങ്ങളെ ഉപ വിഭാഗങ്ങളാക്കി തിരിച്ചുകൊണ്ട് ഈ പരിശോധന എളുപ്പമാക്കാവുന്നതാണ്.

(തുടരും)

*(6 -ാം പേജിൽ നിന്ന് തുടർച്ച)*

കുറേക്കൂടി പ്രകാശം നല്കപ്പെടുന്നു. ആരുടെ പക്കൽ ഒന്നും ഇല്ലയോ അയാൾക്ക് ഒന്നും നല്കപ്പെടുകില്ല. ആർക്ക് കണ്ണുകളുടെ പ്രകാശം ഉണ്ടോ അവർക്കു മാത്രമെ സൂര്യപ്രകാശം സിദ്ധിക്കുകയുള്ളൂ. ആരുടെ കണ്ണുകൾക്ക് പ്രകാശം ഇല്ലയോ അവർക്ക് സൂര്യപ്രകാശം കാണുവാൻ ഒക്കുകയില്ല. പ്രകൃതിദത്തമായ പ്രകാശം ആർക്ക് അല്പം മാത്രം കിട്ടിയോ അയാൾക്ക് ബാഹ്യപ്രകാശവും അല്പം മാത്രം കിട്ടുന്നു. ആന്തരീയ പ്രകാശം ആർക്ക് കൂടുതൽ കിട്ടിയോ അയാൾക്ക് ബാഹ്യപ്രകാശവും ധാരാളം ലഭിക്കുന്നു.

(റൂഹാനി ഖസായിൻ വാല്യം 1, ഭാ.195, 196; ബറാഹീനെ അഹ്മദിയ്യ, അടിക്കുറിപ്പ്)

സർവശക്തനായ അല്ലാഹു ഈ അത്ഭുത പ്രപഞ്ചത്തെ മൂന്നു തരങ്ങളിലായി വിഭജിച്ചിരിക്കുന്നു. ഒന്നാമത്തേത്, കണ്ണുകളും കാതുകളും മറ്റു ബോധേന്ദ്രിയങ്ങൾ മുഖേനയും ബാഹ്യോപകരണങ്ങളുടെ സഹായത്താലും അറിയാൻ സാധിക്കുന്ന പ്രത്യക്ഷപ്രപഞ്ചം. രണ്ടാമത്തേത് ബുദ്ധികൊണ്ടും യുക്തിചിന്ത കൊണ്ടും മാത്രം അറിയാൻ കഴിയുന്ന പരോക്ഷപ്രപഞ്ചം., മൂന്നാമത്തേത്, പരോക്ഷാൽപരോക്ഷമായ പ്രപഞ്ചം. അതു വളരെ സന്ദിഗ്ധവും അദൃശ്യവും ചിന്തകൾക്ക് അതീതവുമായ പ്രപഞ്ചമാകുന്നു. അതിനെക്കുറിച്ചറിയുന്നവർ വളരെ കുറച്ചുപേർ മാത്രം. ചിന്തിച്ചറിയാനാവത്തതും ഭാവനയിൽ മാത്രം കാണാവുന്നതുമായ ഒരു നിഗൂഢപ്രപഞ്ചം. ഈ പ്രപഞ്ചത്തെപ്പറ്റി 'കശ്ഫ്' (ദിവ്യദർശനം) 'വഹ്‌യ്' (ദിവ്യവെളിപാടുകൾ) 'ഇൽഹാം' (ദിവ്യബോധനം) എന്നിവ മുഖേനയാണ് അറിയാൻ കഴിയുക. മറ്റേതു മാർഗ്ഗത്തിലും അതറിയാൻ കഴിയുന്നതല്ല. ആദ്യത്തെ രണ്ടുതരത്തിൽപെട്ട ലോകങ്ങളെക്കുറിച്ചു അന്വേഷിച്ചറിയുന്നതിന്

*(ശേഷം 13-ാം പേജിൽ)*

ലേഖനം

# 'ആഗോള സംപ്രേക്ഷണം' ഒരു പ്രവചനത്തിന്റെ സാക്ഷാൽക്കാരം

മുഹമ്മദ് ഉമർ, കോഴിക്കോട്

## വിദൂരസംവേദന വിദ്യയെപ്പറ്റി പതിറ്റാണ്ടുകൾക്ക് മുമ്പ് നടത്തിയ പ്രവചനങ്ങളുടെ പുലർച്ച

അല്ലാഹു തന്റെ പ്രവാചകന്മാർക്ക് നൽകുന്ന സുവിശേഷങ്ങളും മുന്നറിയിപ്പുകളും അവരുടെ ജീവിതകാലത്തോ മരണശേഷമോ പൂർത്തിയാക്കി കാണിക്കുന്നതാണെന്ന് വിശുദ്ധഖുർആനിൽ അരുൾ ചെയ്യുന്നു. അതായത്

*'നാം അവരോടു താക്കീതായി ചെയ്ത വാഗ്ദാനങ്ങളിൽ ചിലത് നിനക്ക് നാം കാണിച്ചു തരികയോ അല്ലെങ്കിൽ അതു സംഭവിക്കുന്നതിനു മുമ്പ് നിന്നെ മരിപ്പിക്കുകയോ ചെയ്തേക്കാം. സന്ദേശമെത്തിക്കുക മാത്രമാണ് നിനക്ക് ബാധ്യതയായിട്ടുള്ളത്. കണക്കെടുക്കുവാനുള്ള ബാധ്യത നമ്മുടേതാണ്.'* (13:41) ഇതുപോലുള്ള വചനങ്ങൾ വിശുദ്ധ ഖുർആനിൽ 23:96, 10:47, 40:78, 43:43, എന്നീ സ്ഥലങ്ങളിലും കാണപ്പെടുന്നു.

ജനങ്ങളോടു അല്ലാഹു ചെയ്തിരുന്ന പല വാഗ്ദാനങ്ങളും ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ ജീവിതകാലത്തും തിരുനബിയുടെ മരണശേഷം ഖുലഫാഉർറാശിദീങ്ങളുടെ കാലത്തും പൂർത്തിയായതായി ഇസ്‌ലാം മത ചരിത്രം വ്യാഖ്യാനിക്കുന്നു. കൈസറിന്റെയും കിസ്റായുടെയും പതനവും ആ ഭരണ കൂടങ്ങൾ ഇസ്‌ലാമിന്റെ ഭരണകൂടത്തിൽ വന്നു ചേർന്നതും ഹദ്റത്ത് ഉമറി (റ) ന്റെ കാലത്തുണ്ടായ നബി തിരുമേനിയുടെ പ്രവചനത്തിന്റെ പൂർത്തീകരണമായിരുന്നു.

അതേ പ്രകാരം ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹ് ചെയ്ത പല പ്രവചനങ്ങളും അദ്ദേഹത്തിന്റെ കാലത്തും മരണശേഷവും പൂർത്തിയായതായി നാം കാണുന്നു. അവയെക്കുറിച്ച് വിശദീകരിക്കുവാൻ ഒരു പുസ്തക ഭണ്ഡാരം തന്നെ ആവശ്യമാണ്.

അവയിൽ ഒന്നിനെക്കുറിച്ച് മാത്രം ഇവിടെ വിവരിക്കുകയാണ്.

അല്ലാഹു ഹദ്റത്ത് വാഗ്ദത്ത മസീഹിനെ ഇപ്രകാരം സുവിശേഷമറിയിക്കുന്നു.

*'മൈ തെരി തബ്‌ലീഗ് കോ സമീൻ കെ കിനാരോൻ തക് പഹുഞ്ചാഊംഗാ'* ഞാൻ നിന്റെ തബ്‌ലീഗ് ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതാണ്. കേൾപ്പോരും കേൾവിയുമില്ലാത്ത ഒരു കു ഗ്രാമമായ ഖാദിയാനിൽ വസിച്ചിരുന്ന കാലത്തായിരുന്നു ഈ സുവാർത്ത അദ്ദേഹത്തിനു ലഭിച്ചിരുന്നതു. ആ അവസ്ഥയെക്കുറിച്ച് അദ്ദേഹം തന്റെ ഒരു കവിതയിൽ പറയുന്നു.

*മൈഥാ ഗരീബൊ ബേകസൊ*

*ഗുംനാമമോ ബേഹുനർ*

*കോയീ ന ജാൻതാഥാ*

*ഹൈ ഖാദിയാൻ കിധർ.*

ഞാൻ വളരെ സാധുവും നിരാലംബനും അപ്രസിദ്ധനും ഒരു നൈപുണ്യവും ഇല്ലാത്തവനുമായിരുന്നു. ഖാദിയാൻ എവിടെയാണുള്ളത് എന്നു കൂടി ആരുമറിഞ്ഞിരുന്നില്ല.

ആ അവസരത്തിലായിരുന്നു അല്ലാഹു അദ്ദേഹത്തെ ഈ സുവിശേഷമറിയിക്കുന്നത്.

അദ്ദേഹം തന്റെ മറ്റൊരു കവിതയിൽ പറയുന്നു

*ഇസ്മഊ സൗത്തസ്സമാ*

*ജാഅൽ മസീഹ് ജാഅൽ മസീഹ്*

മസീഹ് ആഗതനായി മസീഹ് ആഗതനായി എന്ന് ആകാശത്ത് നിന്നുള്ള ശബ്ദം നിങ്ങൾ കേൾക്കുവിൻ.

അതായത് മസീഹിന്റെ ആഗമനത്തെക്കുറിച്ചുള്ള ശബ്ദം ആകാശത്ത് നിന്നും നിങ്ങൾക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നതാണ്.

ഹദ്റത്ത് വാഗ്ദത്ത മസീഹ് ദൈവകല്പനയനുസരിച്ചു നടത്തിയ ഖുത്തുബ ഇൽഹാമിയാ എന്ന ഈ ദുൽ അസ്ഹാ പ്രഭാഷണത്തിൽ പറയുന്നു.

(ഈ ഖുത്തുബ ഒരു സുദീർഘമായ ദിവ്യവെളിപാടെന്നോണം അദ്ദേഹത്തിന്റെ ചുണ്ടിൽ നിന്നും പുറപ്പെട്ട ഒരത്യത്ഭുത ആത്മീയ പ്രതിഭാസമായിരുന്നു).

"ഒരു ഭാഗത്ത് നിന്നു പുറപ്പെട്ടു മറ്റേ ഭാഗത്ത് ചെന്നെത്തുന്ന മിന്നൽ

പിണർ പോലെ അദ്ദേഹത്തിന്റെ വാദവും ദൃഷ്ടാന്തവും ലോകത്തിന്റെ നാനാ ഭാഗങ്ങളിലും ചെന്നെത്തുന്നതാണ്. അതു എല്ലാ ഭാഗങ്ങളിലും പ്രകാശം വീശുന്നതായിരിക്കും. ഈ സ്ഥിതി ഈ കാലഘട്ടത്തിൽ പ്രകടമാകുന്നതാണ്. ആർക്കാണോ രണ്ടു കാതുകൾ നൽകപ്പെട്ടിരിക്കുന്നത് അവർ കേൾക്കട്ടെ.

ഈ പ്രകാശത്തിന്റെ പ്രചരണത്തിനായി കാഹളം ഊതപ്പെടുന്നതാണ്. സദ് പ്രകൃതരായ ജനങ്ങൾ സത്യ മാർഗ്ഗത്തിനായി ആഹ്വാനം ചെയ്യുന്നതായിരിക്കും. കിഴക്കും പടിഞ്ഞാറും വടക്കും തെക്കുമുള്ള ജനങ്ങൾ ദൈവ കല്പനയനുസരിച്ച് ഒന്നായിച്ചേരുന്നതാണ്. അപ്പോൾ ഹൃദയങ്ങൾ ഉണരുന്നതായിരിക്കും. (ഖുത്തുബ ഇൽഹാമിയ്യ ഭാ: 285)

അതേ പ്രകാരം ഹദ്റത്ത് വാഗ്ദത്ത മസീഹ് 'നുസുലുൽ മസീഹി'ന്റെ യാഥാർത്ഥ്യം വെളിപ്പെടുത്തിക്കൊണ്ട് അരുൾചെയ്യുന്നു.

" വാഗ്ദത്ത മസീഹിന്റെ പ്രശസ്തി, സമയത്തെയും കാലത്തെയും അതിക്രമിച്ച് കൊണ്ട് ഏറ്റവും ത്വരിതവേഗത്തിൽ ലോകത്തുള്ള എല്ലാ പട്ടണങ്ങളിലും എത്തിച്ചേരുന്നതാണ് എന്നു ഈ വചനം കാണിക്കുന്നു. ആകാശത്ത് നിന്നു ഇറങ്ങും എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം നാനാഭാഗങ്ങളിലുമുള്ള ജനങ്ങൾക്ക് അടുത്തു നിന്നും ദൂരെ നിന്നും അദ്ദേഹത്തെ ദർശിക്കുവാൻ സാധിക്കുമെന്നാണ്. നീതിമാന്മാരുടെ കണ്ണുകളിൽ അദ്ദേഹത്തെ ദർശിക്കുന്നതിൽ ഒരു മറയും ഉണ്ടാകുന്നതല്ല. നാനാഭാഗങ്ങളിലും ഒരറ്റം മുതൽ മറ്റെ അറ്റം വരെ വ്യാപിക്കുന്ന മിന്നൽ പിണർ കാണുന്നത് പോലെ അദ്ദേഹത്തിന്റെ പ്രഭ കാണുവാൻ സാധിക്കുന്നതാണ്. (ഖുത്തുബ ഇൽഹാമിയാ ഭാഗം 4. അടിക്കുറിപ്പ്) വാഗ്ദത്ത മസീഹിന്റെ കാലത്തുണ്ടാകാനിരിക്കുന്ന മഹത്തായ ഈ അത്ഭുത പ്രതിഭാസത്തെക്കുറിച്ച് പൂർവ്വിക ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്.

ഇഞ്ചീലിലെ മത്തായ് സുവിശേഷ ഗ്രന്ഥത്തിൽ അവസാന കാലത്ത് പ്രത്യക്ഷനാകുന്ന വാഗ്ദത്ത മസീഹിനെക്കുറിച്ച് 24-ാം അദ്ധ്യായത്തിൽ ധാരാളം പ്രവചനങ്ങൾ ഉണ്ട്. അവയിലൊന്ന് ഇതാണ്.

"മിന്നൽ കിഴക്കു നിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങും പോലെ മനുഷ്യപുത്രന്റെ വരവാകും" മത്തായ് (24:2)

അതായത് വാഗ്ദത്ത മസീഹിന്റെ അവതരണ കാലത്ത് അദ്ദേഹത്തിന്റെ സന്ദേശം മിന്നൽ പിണർ പോലെ പൗരസ്ത്യ നാട്ടിൽ നിന്നു പുറപ്പെട്ടു പാശ്ചാത്യ നാടുകളിൽ ചെന്നെത്തുന്നതാണ്.

വാഗ്ദത്ത മസീഹുമായി ബന്ധപ്പെട്ട ഇത്തരം പല പ്രവചനങ്ങളും പൂർവ്വിക ഗ്രന്ഥങ്ങളിൽ കാണപ്പെടുന്നു. ഉദാഹരണമായി ഹദ്റത്ത് അലി (റ) യുടെ ഒരു പ്രവചനം 'യനാബീ ഉൽ മവദ്ദത്തി' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെട്ടു കിടക്കുന്നു.

"വാഗ്ദാനം ചെയ്യപ്പെട്ട ഇമാം ആഗതനാകുമ്പോൾ അല്ലാഹുത്തആല അദ്ദേഹത്തിനായി കിഴക്കിനെയും പടിഞ്ഞാറിനെയും സംയോജിപ്പിക്കുന്നതാണ്. (യനാബീ ഉൽ മവദ്ദത്തി വാല്യം 3 പേജ് 90)

അതായത് ആ കാലത്ത് പാശ്ചാത്യ പൗരസ്ത്യ നാടുകളുടെ അന്തരം ഇല്ലാതാകും വണ്ണം ആ നാടുകൾ പരസ്പരം സമ്പർക്കം പുലർത്തുന്നതായിരിക്കും.

ഇതേ പ്രകാരം ഹദ്റത്ത് ശാഹ് വലിയുല്ലാഹ് മുഹദ്ദസ് ദഹ്‌ലവിയുടെ പുത്രൻ ഹദ്റത്ത് ശാഹ് റഫീയുദ്ദീൻ (റഹ്) തന്റെ ഖിയാമത്ത് നാമ: എന്ന ഗ്രന്ഥത്തിൽ എഴുതുന്നു.

"ബൈഅത്തിന്റെ അവസരത്തിൽ ആകാശത്ത് നിന്ന് ഇത് അല്ലാഹുവിന്റെ ഖലീഫ ഇമാം മഹ്ദിയുടെ വാക്കുകളാണെന്ന ശബ്ദം വരുന്നതാണ്. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധാപൂർവ്വം ശ്രവിക്കുകയും അദ്ദേഹത്തെ അനുസരിക്കുകയും ചെയ്യുക. ഈ ശബ്ദം അവിടുത്തെ എല്ലാ ജനങ്ങൾക്കും ശരിക്കും കേൾക്കുവാൻ സാധിക്കുന്നതാണ്." (ഖിയാമത്ത് നാമ പേജ് 4)

അതേപ്രകാരം ഒരു ശിയാ ഗ്രന്ഥമായ അൻവാറെ നുഅ്മാനിയായിൽ അതിന്റെ ഗ്രന്ഥകർത്താവ് എഴുതുന്നു.

"ഇമാം മഹ്ദിയുടെ കാലത്ത് അദ്ദേഹത്തിൽ വിശ്വസിക്കുന്നവരുടെ ശ്രവണ ശക്തിയും ദൃശ്യ ശക്തിയും എത്രമാത്രം തീഷ്ണമേറിയതായിരിക്കുമെന്നാൽ അദ്ദേഹത്തിന്റെ അനുയായികൾ ഒരു നാട്ടിലായിരിക്കുമെങ്കിൽ അദ്ദേഹം മറ്റൊരു നാട്ടിൽ നിന്നും പ്രസംഗിക്കുന്നത് അവർക്കു കാണുവാനും പ്രസംഗം കേൾക്കുവാനും സാധിക്കുന്നതാണ്. (പേജ് 70)

അതേ പ്രകാരം ശിയാക്കളുടെ സുപ്രസിദ്ധ പ്രമാണ ഗ്രന്ഥമായ ബഹാറുൽ അൻവാറിൽ എഴുതുന്നു.

"നമ്മുടെ ഇമാം ഖായിം (മഹ്ദീ ഇമാം) ആഗതരാകുമ്പോൾ അല്ലാഹുത്തആല നമ്മുടെ വിഭാഗത്തിന്റെ ശ്രവണ ശക്തിയെയും കാഴ്ച ശക്തിയെയും വളരെയധികം വർദ്ധിപ്പിക്കുന്നതാണ്. അങ്ങനെ തങ്ങൾക്ക് ഇമാം മഹ്ദിയുമായുള്ള ദൂരം ഒരു ബരീദിനു (ഏകദേശം 12 നാഴിക ദൂരം) സമമായതായി തോന്നുന്നതാണ്. ഇമാം മഹ്ദീ തന്റെ ആ സ്ഥാനത്ത് തന്നെയായിരിക്കുമെങ്കിലും അദ്ദേഹം സംസാരിക്കുന്നത് വളരെ അടുത്തു നിന്നോണം കേൾക്കുവാനും കാണുവാനും സാധിക്കുന്നതാണ്.

(ബഹാറുൽ അൻവാർ വാല്യം 18. പേജ് 1118)

ഇതേ പ്രകാരം ഹ: ഇമാം ബാഖിർ (റഹ്) എഴുതുന്നു. ഹദ്റത്ത് മഹ്ദീ ഇമാമിന്റെ പേരിൽ ആകാശത്ത് നിന്നും ഒരു വിളിക്കാരൻ (മുനാദി) വിളിക്കുന്നതായിരിക്കും. അദ്ദേഹത്തിന്റെ ശബ്ദം കിഴക്കും പടിഞ്ഞാറും ഉള്ള ജനങ്ങൾക്കു പൗരസ്ത്യർക്കും പാശ്ചാത്യർക്കും വ്യക്തമായി കേൾക്കുവാൻ സാധിക്കുന്നതാണ്. അങ്ങനെ സുഖസുഷുപ്തിയിലാണ്ടിരിക്കുന്നവർ ഉണരുന്നതായിരിക്കും.

(അൽമഹ്ദിയുൽ മൗഊദുൽ മുൻതസർ പേജ് 284) ഇതിൽ നിന്നും ആകാശത്ത് നിന്നും ഒരു മാധ്യമം വഴി (ഉപഗ്രഹം വഴി) ഇമാം മഹ്ദിയുടെ സന്ദേശം അദ്ദേഹത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന ആളായിരിക്കും എത്തിക്കുക എന്നു മനസ്സിലാവുന്നു.

പ്രസ്തുത പ്രവചനങ്ങളിലേക്ക് വെളിച്ചം വീശിക്കൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് - IV (റഹ്) പ്രസ്താവിക്കുന്നു.

ഏറ്റവും വ്യക്തമായ രീതിയിൽ ഈ കാലത്ത് പുലർന്നിരിക്കുന്ന ഒരു ദീർഘദർശനമാണിത്. ഇതിൽ ശ്രദ്ധേയമായ ഒരു കാര്യം ഇതു പൊതുവിൽ എല്ലാവർക്കും കാണുവാനും കേൾക്കുവാനും സാധിക്കും എന്നതല്ല. നമ്മുടെ ശ്രവണ ദൃശ്യശക്തികൾ വർദ്ധിപ്പിക്കുന്നതാണെന്നാണ് ഇമാം ജഅ് ഫർസാദിഖ് (റ) പറഞ്ഞിരിക്കുന്നത്. അതായത് അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കുവാനും അദ്ദേഹത്തെ കാണുവാനും ആഗ്രഹിക്കുന്നവർക്ക് തങ്ങളുടെ സ്ഥാനത്തിരുന്നുകൊണ്ടു തന്നെ (ഇമാം മഹ്ദിയുടെ അടുക്കെ പോകാതെ തന്നെ അദ്ദേഹത്തെ കാണുവാനും കേൾക്കുവാനും സാധിക്കുന്നതാണ്. (ഖുത്തുബ 19-2-1993)

പ്രസ്തുത എല്ലാ പ്രവചനങ്ങളും മഹ്ദി ഇമാമിന്റെ പ്രതിനിധിയായ ഹ: മിർസാ താഹിർ അഹ്മദും (റഹ്) അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദും (അയ്യദഹുല്ലാഹു) മുഖേന എം. ടി. എ യുടെ ആവിഷ്ക്കാരത്തോടുകൂടി പൂർത്തിയായിരിക്കുന്നു. 2005 ഡിസംബർ 26, 27, 28 തീയതികളിൽ ഖാദിയാനിൽ വെച്ചു നടന്ന 114-ാം ആഗോള അഹ്മദിയ്യാ വാർഷിക സമ്മേളനത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം ഖാദിയാനിൽ നിന്നു നേരിട്ടു സംപ്രേക്ഷണം ചെയ്തു ലോകത്തിന്റെ നാനാ കോണുകളിലും എത്തുകയുണ്ടായി. അങ്ങനെ നിന്റെ സന്ദേശം ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതാണെന്ന പ്രവചനം അക്ഷരാർത്ഥത്തിൽ തന്നെ പൂർത്തിയായിരിക്കുന്നു. അൽഹംദുലില്ലാഹ്.

ഈ അവസരത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദു ഖലീഫത്തുൽ മസീഹ് - II (റ) യുടെ ഒരു ദൈവികാഭിലാഷ പൂർത്തീകരണത്തെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നതു ഉചിതമാണെന്നു തോന്നുന്നു.

1936 ൽ ഖാദിയാനിൽ നടന്ന വാർഷിക സമ്മേളനത്തിൽ ആദ്യമായി ഉച്ചഭാഷിണി ഘടിപ്പിക്കപ്പെട്ടപ്പോൾ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ചെയ്ത പ്രഭാഷണത്തിൽ പറയുന്നു.

"ഹദ്റത്ത് മസീഹ് തന്റെ പ്രചാരണം മുഖേന ഇസ്ലാം മതത്തെ വിജയത്തിലേക്കെത്തിക്കുന്നതാണെന്ന് ഹദ്റത്ത് നബീ കരീം (സ) പ്രവചിച്ചിരുന്നു. വാഗ്ദത്ത മസീഹിന്റെ കാലം ഇശാ അത്തിന്റെ (പ്രചാരണത്തിന്റെ) കാലമായിരിക്കുമെന്നും വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നു. ഈ അടയാളത്തിന്റെ സാക്ഷാൽക്കാരമെന്നോണം അല്ലാഹു അച്ചടി യന്ത്രത്തിനുള്ള ഏർപ്പാടു ചെയ്തു. പിന്നീടു നാലു ഭാഗത്തും ശബ്ദമെത്തിക്കുവാൻ ഉച്ചഭാഷിണിയും വയർലെസ്സ് സംവിധാനവും ആവിഷ്കരിക്കപ്പെട്ടു. ഇനി അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ ഒരു നാൾ വരും അന്നു മസ്ജിദിൽ വയർലെസ്സ് സംവിധാനം ഘടിപ്പിക്കും. ഖാദിയാനിൽ വെള്ളിയാഴ്ച നടക്കുന്ന ഖുത്തുബാ പ്രഭാഷണം മുഴുലോകത്തും കേൾക്കുവാൻ സാധിക്കുന്നതാണ് " (അൽഫസ്ൽ ഖാദിയാൻ 29-12-1836)

1938 ജനുവരി ഏഴാം തീയതി ഖാദിയാനിലെ മസ്ജിദു അഖ്സായിൽ ഉച്ചഭാഷിണി ഘടിപ്പിക്കപ്പെട്ടപ്പോൾ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ചെയ്ത ഖുത്തുബാ പ്രഭാഷണത്തിൽ ഇപ്രകാരം പ്രസ്താവിച്ചു.

"ഒരാൾ തന്റെ സ്ഥാനത്തിരുന്നുകൊണ്ടും മുഴുലോകത്തും ഖുർആൻ ക്ലാസ് എത്തിക്കുവാനുള്ള ഏർപ്പാടു ചെയ്യപ്പെടുന്ന നാൾ അതി വിദൂരമല്ല. ഇപ്പോഴുള്ള നമ്മുടെ സാമ്പത്തികാവസ്ഥ അതിനുള്ള അനുവാദം തരുന്നില്ല. ഈ വഴിയിൽ പല തടസ്സങ്ങളും ഞെരുക്കങ്ങളും ഉണ്ട്. ഈ എല്ലാ തടസ്സങ്ങളും നീങ്ങികിട്ടുകയാണെങ്കിൽ നമ്മുടെ ഇപ്പോഴുള്ള പുരോഗതിയുടെയും അഭിവൃദ്ധിയുടെയും വേഗതയും തീഷ്ണതയും മനസ്സിലാക്കിത്തരുന്നത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആസന്ന ഭാവിയിൽ തന്നെ എല്ലാ തടസ്സങ്ങളും ദൂരപ്പെടുന്നതാണ് എന്നാണ്. ഖാദിയാനിൽ നടക്കുന്ന ഖുർആൻ ഹദീസു ക്ലാസുകളിൽ ജാവയിലെയും അമേരിക്കയിലെയും ഇംഗ്ലണ്ടിലെയും ഫ്രാൻസിലെയും ജർമ്മനിയിലെയും ആസ്ത്രേലിയയിലെയും ഹങ്കറിയിലെയും ഇതുപോലുള്ള എല്ലാ നാടുകളിലെയും ജനങ്ങൾ തങ്ങളുടെ സ്ഥാനത്തിരുന്നുകൊണ്ടുതന്നെ വയർലെസ്സു സംവിധാനം മുഖേന പങ്കെടുക്കുവാൻ സാധിക്കുന്നതാണെന്നാണ്. ആ കാലം ഇതാ സമാഗതമാവുകയാണ്. അതു എന്തു മാത്രം മഹത്തായ വിപ്ലവത്തിന്റെ മുന്നോടിയായിരിക്കും! ഇതിന്റെ സങ്കല്പം തന്നെ ഇന്നു നമ്മുടെ ഹൃദയങ്ങളെ ആനന്ദത്തിലാക്കിത്തീർക്കുന്നു."

(അൽഫസ്ൽ ഖാദിയാൻ 13-1-1938)

ഏകദേശം അറുപത് വർഷങ്ങൾക്ക് മുമ്പുള്ള ആ ദൈവിക മനുഷ്യന്റെ സങ്കല്പം മുസ്ലിം ടെലിവിഷൻ അഹ്മദിയാ മുഖേന ഒരു യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു. വാഗ്ദത്ത മസീഹി (അ) ന്റെ നാലാമത്തെ ഖലീഫ ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്) 1995 ഫെബ്രുവരി 19-ാം തീയതിത്തെ എം. ടി. എ മുഖേന നടത്തിയതിന്റെ ആഗോള ഖുർആൻ ക്ലാസിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദി (റ) ന്റെ പ്രസ്തുത ഉദ്ധരണി കേൾപ്പിച്ചുകൊണ്ട് ഇപ്രകാരം പറയുകയുണ്ടായി. "അപ്പോൾ ഞാൻ പത്തു വയസ്സുള്ള എട്ടും പൊട്ടും തിരിയാത്ത ബാലനായിരുന്നു. ആ സന്ദർഭത്തിൽ ഒന്നുമറിയാത്ത ഈ ബാലകൻ മുഖേന ഈ പ്രവചനത്തിന്റെ സാക്ഷാ

ൽക്കാരമുണ്ടാകുമെന്ന് ആർക്കും സങ്കല്പിക്കുവാൻ സാധിച്ചിരുന്നില്ല. അല്ലാഹുവിന്റെ മഹത്തായ അത്ഭുത പ്രതിഭാസം നോക്കുക. ഒരു ജനുവരി ഏഴാം തീയതി (1938 ജനുവരി 7-ാം തീയതി) യായിരുന്നു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഈ പ്രവചനം ചെയ്തിരുന്നത്. ഈ വർഷം ജനുവരി ഏഴാം തീയതി അദ്ദേഹത്തിന്റെ ആ സങ്കല്പം പുവണിയുകയുണ്ടായി.

ഇന്നു ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ മുസ്‌ലിം ടെലിവിഷൻ അഹ്മദിയാ ഇന്റർനേഷണൽ ലോകത്ത് അത്ഭുതകരമായ ആത്മീയ വിപ്ലവം തന്നെ സംജാതമാക്കിക്കൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ ശരീരചരകളെ പ്രകോപിപ്പിക്കുകയും മനുഷ്യമനസ്സിൽ പ്രദൂഷണം പരത്തുകയും ചെയ്യുന്ന ഒരു വിവര വിനിമയ മാധ്യമത്തെ ആത്മീയത വളർത്തുന്ന ഒരു ഉപകരണമാക്കി മാറ്റിയിരിക്കുന്നു. വാഗ്ദത്ത മഹ്ദിമസീഹിന്റെ പ്രതിനിധിയുടെ ഖുത്തുബാ പ്രസംഗങ്ങൾ പ്രഭാഷണങ്ങൾ, ക്ലാസുകൾ, വിവിധ രാഷ്ട്രങ്ങളിൽ നടത്തികൊണ്ടിരിക്കുന്ന പര്യടനങ്ങൾ എന്നിവ ലോകത്ത് ഇരുനൂറിലധികം രാഷ്ട്രങ്ങളിൽ ഇടതടവില്ലാതെ ഇരുപത്തിനാലു മണിക്കൂറും ശ്രവിച്ചും ദർശിച്ചും കൊണ്ടിരിക്കുകയാണ്.

ഇതു സംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ 1992 ജനുവരി 31-ാം തീയതി ഓതിയ ഖുത്തുബാ പ്രഭാഷണത്തിൽ പറയുന്നു.

“അങ്ങനെ വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യത്തിനുള്ള അതിമഹത്തായ ദൃഷ്ടാന്തം പ്രത്യക്ഷമായിരിക്കുന്നു. ഇത്തരം മാധ്യമങ്ങൾ മുഖേന ജനങ്ങളെ ഒന്നിച്ചു ചേർക്കുക. ഒരേ ദീനിൽ ഐക്യപ്പെടുത്തുക, ഖുത്തുബ മാർഗ്ഗേണ ജുമുആ ദിവസം ജനങ്ങൾ ഏകീഭവിക്കുക. ഇവയൊക്കെ ഇമാം മഹ്ദിയുടെ ആഗമനവും ആയി ബന്ധപ്പെട്ട ദൈവീക വിധികളാണ് വിശുദ്ധ ഖുർആനിലെ ജുമുആ, സഫ്, തൗബ, ഫത്ഹ് എന്നീ അദ്ധ്യായങ്ങളിൽ കാണപ്പെടുന്ന പ്രവചനങ്ങളുടെ പുലർച്ചെ ഇന്ന് വാഗ്ദത്ത മസീഹിനാൽ സ്ഥാപിതമായ അഹ്മദിയ്യാ ജമാഅത്ത് മുഖേന മാത്രമാണ് കാണപ്പെടുന്നതെന്ന് ഞാനിതിനു മുമ്പ് വിശദീകരിക്കുകയുണ്ടായിട്ടുണ്ട്. മഹത്തായ ഈ പാരിതോഷികം, ഈ പ്രത്യേകത, അഹ്മദിയാ ജമാഅത്തിനു മാത്രമാണ് ലഭ്യമായിരിക്കുന്നത്. ലോകത്തുള്ള എല്ലാ ശക്തികളും ഒന്നിച്ചു ചേർന്നാലും അഹ്മദിയ്യാ ജമാഅത്തിൽ നിന്നും ഈ പ്രത്യേകതയെ പിടിച്ചെടുക്കാൻ സാദ്ധ്യമല്ല. ദൈവദത്തമായ ഈ ബഹുമതി ലൗകികമായ എല്ലാ മഹനീയതകളും സ്വായത്തമാക്കിയിട്ടുള്ള ഭരണ കൂടങ്ങൾക്കു പിടിച്ചെടുക്കാൻ സാധ്യമല്ല. അഹ്മദിയ്യാ ജമാഅത്തിനു ലഭ്യമായ ഈ മുൻകൈ അതിനു മാത്രം സ്വന്തമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ശത്രുകൾക്കു ഇനി തലയിട്ടടിക്കയല്ലാതെ മറ്റൊരു നിർവാഹവും ഇല്ല തന്നെ.

(ബദർ 23-4-1992)

അഭിനവ ഫിർഔൻ ആയിരുന്ന ജനറൽ സിയാഹുൽ ഹഖ് തന്റെ 1984 ലെ കരാള നിയമം മുഖേന അഹ്മദികളുടെ പ്രചാരണ പ്രവർത്തനങ്ങൾക്കു തടസ്സം ഉണ്ടാക്കുകയും അങ്ങനെ ഒരു ശബ്ദവും പുറത്തു വരാതിരിക്കത്തക്കവണ്ണം അഹ്മദികളുടെ കഴുത്ത് ഞെരിച്ച് കൊണ്ടിരിക്കുകയും ചെയ്തപ്പോൾ അപ്പോഴത്തെ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഹദ്റത്ത്മിർസാ താഹിർ അഹ്മദ് (റ) ഇപ്രകാരം താക്കീത് നൽകി. “നിങ്ങൾ അഹ്മദിയത്തിന്റെ മുന്നേറ്റപ്പാതയിൽ തടസ്സങ്ങൾ ഉണ്ടാക്കരുതെന്നും അത് നിങ്ങൾക്കു തന്നെ നഷ്ടകരമായിത്തീരുമെന്നും പറഞ്ഞിരുന്നു. നിങ്ങൾ ഒരു വഴി അടക്കുമെങ്കിൽ അല്ലാഹു ഡസൻ കണക്കിലുള്ള മറ്റു വഴികൾ തുറന്നു തരുന്നതാണ്. നിങ്ങൾ ഭൗമികമായ വഴികൾ അടക്കുമെങ്കിൽ ലോകത്തുള്ള ഒരു ശക്തിക്കും തടസ്സപ്പെടുത്തുവാൻ സാധിക്കാത്ത രീതിയിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ആകാശത്ത് നിന്നു വർഷിച്ചു കൊണ്ടിരിക്കുന്നതാണ്. നിങ്ങളുടെ എല്ലാ ശക്തികളും പ്രയോഗിച്ചുകൊണ്ട് ഈ ദൈവികാനുഗ്രഹങ്ങളെ തടുത്തു നിറുത്തുവാൻ ശ്രമിച്ചുകൊള്ളുക. വിശുദ്ധഖുർആൻ ശൈത്താനെ വെല്ലുവിളിച്ചത് പോലെ നിങ്ങളുടെ കുതിരപ്പടകളെ പായിക്കുക. എന്നാൽ നിങ്ങൾക്കൊരിക്കലും ദൈവദാസന്മാരുടെ മുന്നേറ്റപ്പാതയിൽ ഒരു തടസ്സവും ഉണ്ടാക്കാൻ സാധിക്കുകയില്ല. ഞങ്ങൾ അല്ലാഹുവിന്റെ ദാസന്മാരാണ്. ഞങ്ങളെ പരാജയപ്പെടുത്തുവാൻ നിങ്ങൾക്കു സാധ്യമല്ല. നിങ്ങളുടെ എല്ലാ ശക്തികളെയും ഒന്നിച്ച് പ്രാവർത്തികമാക്കിയാലും അല്ലാഹുവിന്റെ തിരുനാമത്തിൽ ഞാൻ ആണയിട്ടുപറയുകയാണ്. നിങ്ങൾക്കൊരിക്കലും വിജയം വരിക്കുവാൻ സാധ്യമല്ല. ” (ഖുത്തുബ 21-8-1992) അതെ! ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ശബ്ദം ഇന്ന് ഒരു ശക്തിക്കും തടസ്സപ്പെടുത്തുവാൻ സാധിക്കാത്ത രീതിയിൽ പാശ്ചാത്യ പൗരസത്യ നാടുകളിൽ മിന്നൽ പിണറുകളിൽ കൂടി (ഉപഗ്രഹങ്ങൾ വഴി) മാറ്റൊലിക്കൊള്ളുകയാണ്. ■

*(9 -ാം പേജിൽ നിന്ന് തുടർച്ച)*

മുകളിൽ പറഞ്ഞപ്രകാരം മനുഷ്യന് വിവിധങ്ങളായ മാധ്യമങ്ങളും ശക്തികളും നല്കി അനുഗ്രഹിച്ചിരിക്കുന്നു എന്നത് പ്രകൃതിയിൽ കാണപ്പെടുന്ന മാറ്റമില്ലാത്ത ദൈവനീതിയിലൂടെ സ്ഥാപിച്ചുകഴിഞ്ഞതാണ്. ഇപ്രകാരം തന്നെ ഈ തൃതീയ ലോകത്തെക്കുറിച്ചന്വേഷിച്ചറിയുന്നതിനും ആ അനുഗ്രഹമൂർത്തി മനുഷ്യർക്കായി ഒരു വഴി നിശ്ചയിച്ചിരിക്കുന്നു. അത് ‘വഹ്‌യും’ ‘ഇൽഹാമും’ ‘കശ്ഫും’ ആണ്. അതു ഒരു കാലത്തും പൂർണമായും നിലച്ചുപോകയോ അവസാനിച്ചുപോകയോ ചെയ്യാവതല്ല. അതിന്റെ നിബന്ധനകൾ പൂർത്തിയാക്കുന്നവർ എക്കാലത്തും അതു പ്രാപിച്ചു പോന്നിട്ടുണ്ട്, എല്ലാ കാലത്തും പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

(റൂഹാനീ ഖസായിൻ വാല്യം 2, ഭാ. 127 128, സുർമ ചശ്മയെ ആര്യ) ■

ലേഖനം

# വാഗ്ദത്ത മസീഹിന്റെ സ്വഭാവ വൈശിഷ്ട്യം

മർഹൂം മൗലാനാ അബ്ദുൽ കരീം (റ)

**വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)ന്റെ ഒരു ഭക്തശിഷ്യനായിരുന്നു മൗലാനാ അബ്ദുൽ കരിം(റ) സാഹിബ്. വാഗ്ദത്ത മസീഹിന്റെ സാമീപ്യത്തിൽ കഴിഞ്ഞിരുന്നതിനാൽ ആ മഹാത്മാവിന്റെ പൊതു ജീവിതത്തെക്കുറിച്ചും ഗാർഹിക ജീവിതത്തെക്കുറിച്ചും വളരെ അടുത്തറിയാൻ അദ്ദേഹത്തിന് സാധിച്ചു. വാഗ്ദത്ത മസീഹിനെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ സാക്ഷ്യപത്രം.**

വാഗ്ദത്ത മസീഹിന്റെ ജീവിതത്തെക്കുറിച്ച് ഞാൻ ഏകദേശം പത്തു വർഷത്തോളം വളരെ സൂക്ഷ്മമായും വിമർശനാത്മകമായും പഠിക്കുകയുണ്ടായി. അദ്ദേഹം പിശാചിന്റെ സ്പർശനത്തിൽ നിന്നും പരിപൂർണ്ണമായി വിമുക്തനായിരുന്നു എന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ കണ്ടെത്തുകയും ഓരോ സന്ദർഭത്തിലും ശുണ്ഠി പിടിക്കുകയും ചെയ്യുന്ന സ്വഭാവം, നിരവധി പേരുടെ ജീവിതത്തെ കയ്പേറിയതാക്കിയിട്ടുണ്ടെന്ന് സ്വന്തം അനുഭവത്തിൽ നിന്നും ഭൂരിപക്ഷം ആളുകളുടെയും സ്വകാര്യജീവിതം നിരീക്ഷിച്ചതിൽ നിന്നും എനിക്ക് പറയാൻ സാധിക്കും. ഇത്തരം സ്വഭാവമുള്ള ഓരോ വ്യക്തിക്കും (വളരെ കുറച്ചു പേർ മാത്രമേ ഇതിൽ നിന്നു വിമുക്തമായവരായുള്ളു) കോപം എന്ന ദഹിപ്പിക്കുന്ന ഈ അഗ്നിയുടെ പെട്ടെന്നുള്ള പ്രത്യാഘാതം മനസ്സിലാക്കാൻ സാധിക്കും. ധാർമ്മികമായ എല്ലാ ദുഷിപ്പിന്റെയും മൂലകാരണം ഇതുതന്നെയാണെന്നവർ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. ഈ ലോകത്തെ ഒരു ദുരിതകേന്ദ്രമാക്കിയതും ഈ സ്വഭാവം തന്നെയാണ്. അതുകൊണ്ടാണ് സ്വർഗ്ഗത്തെ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സ്ഥാനമാണെന്ന് തെളിയിക്കാനും അതിലെ അനുഗ്രഹങ്ങളെയും ആനന്ദത്തെയും വിവരിക്കാനും വിശുദ്ധ ഖുർആൻ താഴെ കൊടുത്ത വാക്കുകൾ ഉപയോഗിച്ചിട്ടുള്ളത്.

*"അവരുടെ ഹൃദയങ്ങളിലുള്ള ഏതൊരു പകയേയും നാം നീക്കം ചെയ്യുന്നതാണ്. അങ്ങനെ അവർ പരസ്പരം അഭിമുഖമായി ചാരുകട്ടിലുകളിൽ സഹോദരങ്ങളായി ഇരിക്കുന്നവരായിരിക്കും." (15:48)*

ഈ ജീവിതത്തിൽ ശത്രുതക്കും, പകക്കും, സ്പർദ്ധക്കും കാരണമായ കാര്യം സ്വർഗ്ഗത്തിൽ വെച്ച് മനുഷ്യഹൃദയങ്ങളിൽ നിന്നും ദൈവം ശുദ്ധീകരിക്കും. ഈ ഖുർആനിക വചനം വ്യക്തമാക്കുന്നു. ഈ ജീവിതത്തിൽ ഹൃദയത്തിൽ നിന്നും സ്പർദ്ധയുടെ മൂലകാരണം ശുദ്ധീകരിക്കപ്പെടുമ്പോൾ മനുഷ്യൻ സ്വർഗ്ഗീയ ജീവിതം നയിക്കുന്നതായും ഈ വചനം സൂചിപ്പിക്കുന്നു. ഈ തിന്മ ഒരാളിൽ ഇല്ലെങ്കിൽ അയാളുടെ മറ്റു ധാർമ്മിക ഗുണങ്ങൾ എത്രമാത്രം ഉന്നതമാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

ഒരവസരത്തിൽ വാഗ്ദത്ത മസീഹിന്റെ സദസ്സിലുള്ള ഒരാൾ കർശനമായ ഭാഷ ഉപയോഗിക്കുന്നുവെന്നും തന്റെ ഭാര്യയോട് അയാൾ മോശമായി പെരുമാറുന്നുവെന്നും പറയപ്പെട്ടപ്പോൾ വാഗ്ദത്ത മസീഹ് ഇപ്രകാരം പറഞ്ഞു: നമ്മുടെ സ്നേഹിതർ ഇപ്രകാരം പെരുമാറരുത്... ഒരിക്കൽ ഞാനെന്റെ ഭാര്യയോട് ഉച്ചത്തിൽ സംസാരിച്ചു. എന്റെ ശബ്ദത്തിൽ അസംതൃപ്തിയുള്ളതായി എനിക്ക് തോന്നി.

ഞാൻ പ്രകോപനപരമായോ കഠിന പദങ്ങൾ ഉപയോഗിച്ചോ സംസാരിച്ചിരുന്നില്ല. അതിനുശേഷം ഞാൻ ദീർഘനേരം ഇസ്തിഗ്ഫാർ ചെയ്തു. വിനയത്തോടെ അധികമായി നമസ്കരിച്ചു. ദാനധർമ്മങ്ങൾ ചെയ്തു. എന്നിലുള്ള പരോക്ഷമായ എന്തെങ്കിലും പാപം കാരണമായാണ് ഞാൻ ഉച്ചത്തിൽ സംസാരിച്ചത് എന്നെനിക്ക് തോന്നി.

വാഗ്ദത്ത മസീഹിന്റെ ഈ വാക്കുകൾ കേട്ടപ്പോൾ എന്റെ അറിവിനെയും അവസ്ഥയെയും കുറിച്ച് എനിക്കുണ്ടായ ലജ്ജ ദൈവത്തിനു മാത്രമേ അറിയൂ. അസാധാരണമായ ഈ ഭക്തിയും ദൈവഭയവും ഇത്തരം സൂക്ഷ്മമായ ധാർമ്മിക ഗുണങ്ങളെക്കുറിച്ചുള്ള പരിഗണനയും ഒരു സാധാരണ മനുഷ്യന് നേടുവാൻ സാധ്യമല്ല എന്ന വസ് തുത ഒരു ആണി പോലെ എന്റെ ആത്മാവിൽ തറച്ചു. ഞാനും എന്നെപ്പോലെ നുറുക്കണക്കിന് മുസ്ലിം കളും ഇസ്ലാമിന്റെ അനുയായികളാണെന്നും നബിതിരുമേനി(സ)യുടെ ചര്യ പിൻപറ്റുന്നവരാണെ ന്നും വീമ്പിളക്കുന്നു. നാം ബോധപൂർവ്വം മതനിയമങ്ങളെ ധിക്കരിക്കുകയും അഹങ്കാരത്തോടെ ദൈവം നിശ്ചയിച്ച പരിധികൾ ലംഘിക്കുകയും ചെയ്യുന്നില്ലെങ്കിലും നന്മതിന്മകളെക്കുറിച്ച് ഇത്ര സൂക്ഷ്മമമായി അറിയുകയോ പരിശുദ്ധമായ ഭക്തിയുടെ ഈ ഉന്നതമായ നിലവാരം പുലർത്തുകയോ ചെയ്യുന്നില്ല.

സാധാരണ നിലയിലുള്ള പാപങ്ങളിൽ നിന്നും അനുസരണക്കേടിൽ നിന്നും വിട്ടുനിന്നുകൊണ്ട് നമ്മെക്കുറിച്ച് വലിയ ഭാഗ്യവാന്മാരാണെന്നു നാം ഉന്നതമായ ധാർമ്മിക നിലവാരത്തിലെത്തിപ്പോയി എന്നും സ്വയം ധരിക്കുകയും ചെയ്യുന്നു. എന്നാൽ സംശയകരമായ കാര്യങ്ങളെ സംബന്ധിച്ചും അനുസരണക്കേടിന്റെ ലോലമായ വശത്തെക്കുറിച്ചും നാം ശ്രദ്ധിക്കുന്നില്ല. പ്രത്യക്ഷമായതും സ്ഥൂലമായതുമായ പാപങ്ങൾ മാത്രമാണ് നാം വർജ്ജിക്കാൻ ശ്രമിക്കാറുള്ളത്.

വാഗ്ദത്ത മസീഹ് കൈവരിച്ചതുപോലുള്ള അത്രയും സൂക്ഷ്മമായ അറിവ് ദൈവത്തെ അറിയുകയും അവനിൽ പൂർണ്ണമായി വിശ്വസിക്കുകയും അവനെ ഭയപ്പെടുകയും ചെയ്യുന്നതുമുഖേന മാത്രമേ ഉണ്ടാവുകയുള്ളു. അതിനാൽ ഹൃദയം കൊണ്ടും നാവുകൊണ്ടും അദ്ദേഹം ഒരു ദൈവദൂതനാണെന്ന് ഞാൻ പ്രഖ്യാപിക്കുകയും അംഗീകരിക്കുകയും ചെയ്തു. സൂര്യപ്രകാശം പോലെ പ്രകടമായ ആയിരക്കണക്കായ തെളിവുകളില്ലെങ്കിൽ പോലും ഈ ഒരൊറ്റത്തെളിവ്, അതായത് അദ്ദേഹത്തിന്റെ അസാധരണമായ നന്മയും ഭക്തിയും മാത്രം കൊണ്ട് അദ്ദേഹത്തിന്റെ സത്യം സ്ഥാപിക്കാൻ കഴിയും.

പ്രത്യക്ഷത്തിൽ ഭക്തരായ നിരവധി സൂഫികളെയും തങ്ങൾ ഭൗതികലോകത്തെ പരിത്യജിച്ചുവെന്നു പറയുന്ന ഭക്തരേയും, ശരീഅത്ത് നിയമങ്ങൾ കർശനമായി പാലിക്കുന്ന പണ്ഡിതന്മാരേയും ഞാൻ കണ്ടിട്ടുണ്ട്. ജനങ്ങളുടെ മുമ്പിൽ വെച്ച് അവർ ആടുകളെപ്പോലെ വിനയം കൈക്കൊള്ളുകയും ഓരോ നിമിഷവും നെടുവീർപ്പിടുകയും ചെയ്യുന്നു. തങ്ങളുടെ വാക്കുകൾ കേൾക്കാൻ വെ മ്പൽകൊള്ളുന്ന ആളുകളോട് അവർ സംസാരിക്ക പോലും ചെ യ്യില്ല. എന്നാൽ തങ്ങളുടെ കുടുംബാംഗങ്ങളുടെ മുമ്പിൽ കടുവകളെപ്പോലെയും ചെന്നായ്ക്കളെപോലെയും പെരുമാറുന്നു.

വാഗ്ദത്ത് മസീഹ് അത്ഭുതകരമായ ശാന്തതയും മനഃസ്ഥൈര്യവും അസാധാരണമായ പരിശുദ്ധിയും ക്ഷമയും കൈക്കൊള്ളുന്നു. സാധാരണ മനുഷ്യരുടെ ശ്രദ്ധ തിരിക്കുന്ന ഒച്ചയും ബഹളവുമൊന്നും അദ്ദേഹത്തിൽ ഒരു പ്രതികരണവുമുണ്ടാക്കുന്നില്ല. അദ്ദേഹത്തിന്റെ മനസ്സ് അല്പം പോലും അസ്വസ്ഥമാവുന്നില്ല. ഇത്തരത്തിലുള്ള ഒരു മാനസികാവസ്ഥയാണ് ദൈവദാസന്മാർ തേടുന്നത്. ഇതിനുവേണ്ടിയാണ് അവർ കണ്ണീരോടെ പ്രാർ ത്ഥിക്കുന്നത്. ഞാൻ വലിയ ഗ്രന്ഥകാരന്മാരേയും എഴുത്തുകാരേയും കുറിച്ച് കേട്ടിട്ടുണ്ട്. അവർ എഴുത്തിലോ ചിന്തയിലോ ഏർപ്പെട്ടിരിക്കുമ്പോൾ ഒരു ചെറിയ കുരുവിയുടെ ശബ്ദം കേട്ടാൽ പോലും അവരുടെ ആശയങ്ങൾ വെള്ളത്തിലെ വരപോലെ അപ്രത്യക്ഷമാവുന്നു. സിംഹത്തേയോ, കടുവയേയോ ശത്രുവിനെയോ ആക്രമിക്കുന്നതുപോലെ അവർ കുരുവിയെ ആക്രമിക്കുന്നു.

മഹാനായ ഒരു സൂഫിക്ക് അദ്ദേഹത്തിന്റ ശിഷ്യന്മാർ കൊടുത്തിരുന്ന ആദരവിന് കാരണം അദ്ദേഹത്തിന്റെ ശുണ്ഠി സ്വാഭാവമായിരുന്നു. ചെറിയ ഒരു പ്രകോപനമുണ്ടായാൽ പോലും അദ്ദേഹം പ്രക്ഷുബ്ധനാകുമായിരുന്നു. മറ്റുള്ളവരുടെ കൂടെ അല്പസമയം ചിലവഴിക്കുന്നതു പോലും അദ്ദേഹം തന്റെ ആത്മാവിനൊരു ഭാരമായി കരുതിയിരുന്നു. വളരെ മുമ്പ് ഒരിക്കൽ ഞാനദ്ദേഹത്തെ സന്ദർശിച്ചു. വെറും പത്തു മിനിട്ട് അദ്ദേഹത്തിന്റെ സമീപം ഇരുന്നപ്പോഴേക്കും ഇനി ഏതെങ്കിലും കാര്യം തന്നോട് പറയാനുണ്ടോ എന്ന് അദ്ദേഹം എന്നോ ട് ചോദിച്ചു. ഞാൻ ഉടനെ പോ യ്ക്കൊള്ളണമെന്ന ഒരു നിർദ്ദേശമായിരുന്നു ആ ചോദ്യത്തിലടങ്ങിയത്.

മനഃസ്ഥൈര്യവും സ്വഭാവവിശുദ്ധിയും ക്ഷമയും എല്ലാം ഉന്നതമായ ഗുണങ്ങളാണെന്നതിൽ സംശയമില്ല. അത്തരം ഗുണങ്ങളുള്ള ആൾ ഭാഗ്യവാനാണ്. ഇത്തരം ഗുണങ്ങളാണ് ദൈവത്തിന്റെ വിശുദ്ധന്മാരായ ആളുകളുടെ സവിശേഷത. ഒച്ചപ്പാടിനും ബഹളത്തിനുമിടയിൽ അതുല്യമായ, ഉന്നതമായ ഭാഷാവൈഭവത്തോടെ അറബിഭാഷയിൽ കവിതകളെഴുതുന്നതും ദുഷ്ക്കരങ്ങളായ വിഷയങ്ങളിൽ ലേഖനങ്ങളെഴുതുന്നതും വാഗ്ദത്ത മസീഹിന്റെ ശീലമായിരുന്നു. അദ്ദേഹത്തിനു ചുറ്റും

കുട്ടികളും ശുദ്ധമനസ്ക്കരായ സ്ത്രീകളും ശണ്ഠ കൂടുകയും കരയുകയും ഒക്കെ ചെയ്യുമായിരുന്നു. എന്നാൽ വാ ഗ്ദത്ത മസീഹിനെ ഇതൊന്നും ഒട്ടും അലട്ടിയിരുന്നില്ല. ഏകാന്തമായ ഒരു സ്ഥലത്തെന്നപോലെ അദ്ദേഹം തന്റെ എഴുത്തു തുടർന്നുകൊണ്ടിരിക്കും. ഇത്തരം ബഹളമയമായ അന്തരീക്ഷത്തിലാണ് അദ്ദേഹം തന്റെ മഹത്തായ അറബി, പേർഷ്യൻ, ഉർദു ഗ്രന്ഥങ്ങളെല്ലാം രചിച്ചിട്ടുള്ളത്. ഇത്തരം ബഹളമയമായ അന്തരീക്ഷത്തിൽ ഇത്ര ശാന്തമായി എങ്ങനെയാണ് എഴുതാൻ കഴിയുക എന്ന് ഞാനദ്ദേഹത്തോട് ഒരിക്കൽ ചോദിക്കുകയുണ്ടായി. പുഞ്ചിരിച്ചുകൊ1ണ്ട് അദ്ദേഹം പറഞ്ഞു: "എനിക്ക് ചുറ്റും നടക്കുന്നത് ഞാൻ ശ്രദ്ധിക്കാറില്ല. അതിനാൽ എനിക്ക് ഒരലട്ടും ഇല്ല."

ഒരിക്കൽ വാഗ്ദത്ത മസീഹ് തന്റെ മുറിയിൽ എഴുതിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ നാലു വയസ്സായ മകൻ മഹ്മൂദ് (ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)) ഒരു തീപ്പെട്ടിയുമായി മുറിയിൽ പ്രവേശിച്ചു. അവന്റെ കൂടെ വേറെയും കുട്ടികളുണ്ടായിരുന്നു. കുറച്ചുനേരം അവൻ മറ്റുകുട്ടികളുമൊത്ത് കളിച്ചുകൊണ്ടിരുന്നു. മുറിയിൽ വാഗ്ദത്ത മസീഹ് അപ്പോൾ എഴുതിക്കൊണ്ടിരുന്ന ഒരു ഗ്രന്ഥത്തിന്റെ ചില കയ്യെഴുത്തുപേജുകൾ ഉണ്ടായിരുന്നു. മഹ്മൂദ് അവയ്ക്ക് തീകൊളുത്തി. അവൻ ആനന്ദം കൊണ്ട് കൈകൊട്ടി. വളരെ തിരക്കിലായിരുന്നതിനാൽ ഇത് വാഗ്ദത്ത മസീഹിന്റെ ശ്രദ്ധയിൽപ്പെട്ടില്ല. മറ്റുകുട്ടികൾ വേറൊരു ഭാഗത്തേക്ക് ശ്രദ്ധിക്കുകയായിരുന്നു. അങ്ങനെ ആ കടലാസ്സുകൾ കത്തിച്ചാമ്പലായി.

മുമ്പിലത്തെ പേജ് നോക്കേണ്ടി വന്നപ്പോൾ അദ്ദേഹം തിരക്കി. കാണാഞ്ഞപ്പോൾ അവയെക്കുറിച്ചന്വേഷിച്ചു. എന്നാൽ എല്ലാകുട്ടികളും നിശ്ശബ്ദത പാലിച്ചു. പറയാൻ അവർ ഭയപ്പെട്ടു. ഒടുവിൽ ആ കടലാസ്സ് മഹ്മൂദ് കത്തിച്ചതായി ഒരു കുട്ടി പറഞ്ഞു. ഈ സംഭവം വാഗ്ദത്ത മസീഹിനെ കോപാകുലനാക്കുമെന്ന് കരുതി പ്രത്യാഘാതത്തിനായി അവർ കാത്തിരുന്നു. എന്നാൽ വാഗ്ദത്ത മസീഹ് ഇതു കേട്ടപ്പോൾ പുഞ്ചിരിയോടെ ഇപ്രകാരം പറഞ്ഞു: "നന്നായി. അല്ലാഹുവിന് ഇതിൽ വേറെ ഉദ്ദേശ്യം കാണും. ഇതിലും നല്ലതാണ് അല്ലാഹു ഉദ്ദേശിക്കുന്നത്."

ചിന്തിക്കുന്നവർക്ക് ഇതിൽ പാഠമുണ്ട്. വാഗ്ദത്ത മസീഹിന്റെ സ്ഥാനത്ത് മറ്റാരുമായിരുന്നുവെങ്കിൽ എന്തായിരുന്നു സംഭവിക്കുക എന്ന് ചിന്തിച്ചു നോക്കൂ.

അതേപോലുള്ള ഒരു സംഭവം മറ്റൊരിക്കൽ ഉണ്ടായി. വാഗ്ദത്ത മസീഹ് 'തബ്‌ലീഗ്' എഴുതിക്കൊണ്ടിരുന്നപ്പോൾ മൗലവിനൂറുദ്ദീൻ (പിന്നീട് ഒന്നാം ഖലീഫ) ഖാദിയാനിൽ വന്നു. വാഗ്ദത്ത മസീഹ് രണ്ടു വലിയ ഷീറ്റുകളിൽ അറബിഭാഷയിൽ എഴുതിയിരുന്നു. ദൈ വികമായി തനിക്ക് ലഭിച്ച ഉന്നതശൈലിയിൽ അദ്ദേഹം അഭിമാനം കൊണ്ടിരുന്നു. അത് പാർസി ഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ എനിക്ക് നൽകേണ്ടതായിരുന്നു. മറവി പറ്റിയതിനാൽ അദ്ദേഹം അത് തന്റെ പോക്കറ്റിലിട്ടു നടക്കാൻ പോയി. മൗലവി സാഹിബും ഒരു സംഘവും അദ്ദേഹത്തെ അനുഗമിച്ചു. മടങ്ങിവരുമ്പോൾ അദ്ദേഹം കടലാസുകൾ മൗലവി സാഹിബിനു കൊടുത്തു. വായിച്ചുനോക്കിയശേഷം എന്നെ ഏല്പിക്കാൻ പറഞ്ഞു. എന്നാൽ കടലാസ്സ് മൗലവിസാഹിബിന്റെ കയ്യിൽ നിന്നും വഴിയിൽ വീണുപോയി. മടങ്ങിയെത്തിയ വാഗ്ദത്ത മസീഹ് തന്റെ വീട്ടിലേക്കും മൗലവിസാഹിബ് തന്റെ താമസസ്ഥലത്തേക്കും പോയി. തർജ്ജമ ചെയ്യാൻ എന്റെ കയ്യിലേക്ക് വരേണ്ട കടലാസ്സ് എന്റെ കയ്യിലെത്തിയില്ല. ഞാൻ ആരോടൊ പറഞ്ഞു: "തർജ്ജമ ചെയ്യാനുള്ള കടലാസ്സ് എനിക്കിതുവരെ കിട്ടിയില്ല. അതുടനെ പ്രസ്സിലേക്ക് അയയ്ക്കേണ്ടതുണ്ട്. തർജ്ജമയൊട്ടു നടന്നതുമില്ല." ഈ വിവരം മൗലവി സാഹിബും അറിഞ്ഞു. ഇതുകേട്ടപ്പോൾ മൗലവി സാഹിബിന്റെ മുഖം വിളറി. അദ്ദേഹം കടലാസ്സ് അന്വേഷിച്ച് റോഡിലേക്ക് ആളുകളെ വിട്ടു. പക്ഷേ, കണ്ടെത്താനായില്ല. കടലാസ്സ് നഷ്ടപ്പെട്ടതിൽ മൗലവി സാഹിബ് ലജ്ജിച്ചു. വാഗ്ദത്ത മസീഹ് ഇതുകേട്ടപ്പോൾ ഒരു പുഞ്ചിരിയോടെ ഇപ്രകാരം പറഞ്ഞു: "കടലാസ്സ് നഷ്ടപ്പെട്ടതിൽ മൗലവി സാഹിബിന് വളരെ വിഷമവും ഉൽക്കണ്ഠയും ഉണ്ടായി എന്നറിഞ്ഞ് ഞാൻ വ്യസനിക്കുന്നു. ഇനി അദ്ദേഹം കടലാസ്സ് അന്വേഷിക്കേണ്ടതില്ല. നഷ്ടപ്പെട്ട കയ്യെഴുത്തുപ്രതിക്ക് പകരം അതിലും നല്ലത് ദൈവം നമുക്ക് തരും എന്നാണ് എന്റെ വിശ്വാസം."

ഇതെല്ലാം സജീവനും സർവ്വശക്തനുമായ ദൈവത്തിൽ വാഗ് ദത്ത മസീഹിനുള്ള ദൃഢവിശ്വാസം കാരണമായിരുന്നു. ഭൗതികമായ ആളുകൾ വഷളത്തങ്ങൾ കാണിക്കുന്ന ഇത്തരം പരിതഃസ്ഥിതികളിലെല്ലാം നിരാശ കൈവെടിഞ്ഞ് ഓരോ നിമിഷവും മനുഷ്യശക്തികളെ ഉജ്ജീവിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നത് വിശ്വാസമാണ്.

ഒരിക്കൽ വാഗ്ദത്ത മസീഹിന് കഠിനമായ തലവേദനയുണ്ടായി. ഞാനദ്ദേഹത്തിന്റെ സമീപത്തുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് ഒച്ചയും ബഹളവുമുണ്ടായിരുന്നു. ശബ്ദം കൊണ്ട് അദ്ദേഹത്തിന് വിഷമമുണ്ടോ എന്ന് ഞാനന്വേഷിച്ചു. അദ്ദേഹം അതേ എന്നുപറഞ്ഞു. കുട്ടികൾ നിശ്ശബ്ദരായിരിക്കുമ്പോൾ വേദനക്ക് അല്പം ശമനമുണ്ടെന്നദ്ദേഹം പറഞ്ഞു. പിന്നെന്താണ് അവരോട് മിണ്ടാതിരിക്കാൻ പറയാത്തത് എന്ന് ഞാനദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: "അവരോട് നിശ്ശബ്ദരായിരിക്കാൻ താങ്കൾ ഭവ്യതയോടെ പറയുക. എനിക്ക് അവരോടു അരുതെന്ന് പറയാൻ സാധ്യമല്ല." ഗുരുതരമായ അസുഖാവസ്ഥ

യിലും അദ്ദേഹം വേറൊരു മുറിയിൽ നിശ്ചലനായികിടക്കുന്നു. ഗാഢനിദ്ര യിൽ മുഴുകിയപോലെയായിരിക്കും അദ്ദേഹത്തിന്റെ കിടപ്പ്. താൻ അസു ഖമായിക്കിടക്കുമ്പോൾ ഇന്നയിന്ന ആൾ എന്നെ സന്ദർശിച്ചില്ല, എനിക്ക് കുടിക്കാൻ വെള്ളം തന്നില്ല, അല്ലെ ങ്കിൽ എനിക്ക് ഇന്ന കാര്യം ചെയ്തു തന്നില്ല എന്നിങ്ങനെ അദ്ദേഹം ആക്ഷേപങ്ങൾ പറയാറില്ല.

"അല്ലയോ, ദൈവനിയുക്തരേ, ജനങ്ങൾ തങ്ങളുടെ രണ്ട് കീശ യിലും വാച്ചുകൾ കൊണ്ടുനടക്കുന്ന തുപോലെ രണ്ടു കീശയിലും സ്വർഗ്ഗം വഹിക്കുന്ന താങ്കൾ തീർച്ച യായും ദൈവത്തിൽ നിന്നുള്ള ആളാണ്. താങ്കൾ ഈ ലോകത്തു നിന്നുള്ളവനല്ല. എന്തെന്നാൽ ദുരിത ങ്ങളുടെ പർവ്വതങ്ങൾ തന്നെ ലോകർ താങ്കൾക്കു നേരെ ചുഴറ്റി എറിയുന്നു. എന്നാൽ സൂര്യരശ്മികൾ കാർമേഘത്തെ അകറ്റിക്കളയു മ്പോലെ അവ അകറ്റപ്പെടുന്നു. ലക്ഷക്കണക്കിനാളുകൾക്കിടയിൽ താങ്കളുടെ ഹൃദയം അതുല്യമാണ്; അസാധാരണമായ മനഃസ്ഥൈര്യവും ശാന്തിയും. ഇതെന്താണ് കാണിക്കു ന്നത്? താങ്കൾ സ്വർഗ്ഗത്തിൽ നിന്നു ള്ളവനാണെന്നും ഈ ലോകത്ത് നിന്നുള്ളവനല്ലെന്നും. എല്ലാവർക്കും പ്രകടമാവാൻ വേ ണ്ടിയാണിത്. ഹാ! ഈ ലോകത്തി ന്റെ മക്കൾ താങ്കളെ തിരിച്ചറിഞ്ഞില്ല. താങ്കളുടെ പാത അവർ കാണുകയും അവരുടെ ഹൃദ യത്തിൽ സ്ഥാനം കൊടുക്കുകയും ചെയ്യേണ്ടതായിരുന്നു, എന്തെ ന്നാൽ താ ങ്കൾ വാഗ്ദാനം ചെയ്യ പ്പെട്ടവനാണ്; ഖാത്തമുന്നബിയ്യീന്റെ പ്രതിബിംബമാണ്. ഇസ്‌ലാമിന്റെ പുനരുദ്ധാരകനാണ്.

വാഗ്ദത്ത മസീഹിന്റെ ഹൃദയ വിശാലത വിവരണാതീതമാണ്. അദ്ദേഹത്തിന്റെ വീട്ടിൽ നിന്ന് ഒരു സ്ത്രീ കുറച്ച് അരി മോഷ്ടിച്ചു. അവർ തന്റെ കൈക്കീഴിൽ അരിപ്പാ ത്രമൊതുക്കി നടന്നുനീങ്ങിയത് ഒരാളിൽ സംശയമുണർത്തി. പരി ശോധനയിൽ അവരിൽ നിന്ന് അരി കണ്ടെടുത്തു. തുടർന്നു എല്ലാഭാ ഗത്തു നിന്നും ശകാരവാക്കുകൾ പുറപ്പെട്ടു. വാഗ്ദത്ത മസീഹ് അവിടെ വരാനും കാര്യങ്ങൾ അറി യാനും ഇടയായി. അദ്ദേഹം പറഞ്ഞു: "അവൾ ആവശ്യക്കാരിയാ ണ്. അവർക്ക് കുറച്ചു അരി നൽകൂ. അവരെ അപമാനിക്കരുത്. അല്ലാഹു നമ്മുടെ കുറ്റങ്ങൾ അവഗണിക്കുന്നു. അതുപോലെ നാമും മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ അവഗണിക്കണം."

മറ്റുള്ളവരിൽ തെറ്റും വ്യഥാസം ഭാഷണവും കണ്ടാൽ അദ്ദേഹം അവരെ ഒരിക്കലും ശകാരിക്കാറില്ല. എന്നാലും അദ്ദേഹത്തിന്റെ സാ ന്നിദ്ധ്യം ആദരയുക്തമായ ഭയം ജനി പ്പിക്കും. അദ്ദേഹം തങ്ങളെ ശിക്ഷി ക്കില്ലെന്നും ഓരോ കുട്ടിക്കും സ്ത്രീക്കും അറിയാമെങ്കിലും അവർ അദ്ദേഹത്തെ വളരെയധികം ബഹു മാനിക്കുന്നു, ഭക്ത്യാദരങ്ങൾ അർ പ്പി ക്കുന്നു; കർക്കശസ്വഭാവമുള്ള ഒരു യജമാനനെ ഭയപ്പെടുന്നപോലെ ഭയ പ്പെടുന്നു. ഒരേ സമയം സ്നേഹ ത്തിനും ദയക്കുമൊപ്പം ഭയം എങ്ങ നെയുണ്ടാവുന്നു എന്ന് എനിക്ക് ഈ ലോകത്തിന്റെ സന്തതികളോട് പറ യാൻ കഴിയില്ല. ദൈവവുമായി ബന്ധമുള്ള ഒരാൾ ക്ക് മാത്രമേ ഇത് ശരിയാംവിധം മനസ്സിലാക്കാൻ സാധിക്കുകയുള്ളു. ദൈവമഹത്വ ത്തെക്കുറിച്ചും പ്രതാപത്തെക്കു റിച്ചും ദൈവികഗ്രന്ഥത്തിൽ വിവരി ക്കപ്പെട്ടിട്ടുണ്ടെങ്കിലും ദൈവഭയ ത്തിനു വളരെയധികം ഊന്നൽ നൽകിയിട്ടുണ്ട്. എത്ര ത്തോളമെ ന്നാൽ അതിനെക്കുറിച്ചുള്ള ധാരണ തന്നെ മനുഷ്യന്റെ മുതുകു ഞെരി ക്കാനും യുവാവിനെ വൃദ്ധനാ ക്കാനും പര്യാപ്തമാണ്. എന്നിട്ടും ദൈവത്തെ സ്നേഹിക്കുന്നവർ ശിശു മാതാവിലേക്കെന്നപോലെ അവനിലേക്ക് ബദ്ധപ്പെട്ടു പോകു ന്നു. മനുഷ്യരിൽ ഭയമുളവാക്കുന്ന പ്രകൃതിയുള്ളവരിൽ നിന്ന് സ്വാഭാവി കമായും നാം അകലുമെങ്കിലും മനു ഷ്യാത്മാവ് എപ്പോഴും ദൈവവു മായി കൂടിച്ചേരാൻ ഇച്ഛിക്കുന്നു, ആ മാർഗ്ഗത്തിൽ അഗ്നിയുടെയും ജല ത്തിന്റെയും സമുദ്രങ്ങൾ തന്നെ ഉണ്ടെന്നാലും.

മനുഷ്യന് തഖ്‌വ (ദൈവഭയം) ഉണ്ടെങ്കിൽ പക്ഷികളെപ്പോലെ പ്രഭാ തത്തിൽ വിശന്നിരിക്കുകയും പ്രദോ ഷമാവുമ്പോൾ സംതൃപ്തരായി മട ങ്ങിവരികയും ചെയ്യുമായിരുന്നു. യഥാർത്ഥത്തിൽ മനുഷ്യനെ മൃഗമാക്കി മാറ്റുന്ന ഭൗതികാസ ക്തിക്കും എരിപൊരികൊള്ളലിനും ഒരു പരിധിയും ഇല്ല. അതിന്റെ വേര് ദൈവികവാഗ്ദാനങ്ങളിലുള്ള അച ഞ്ചലമായ വിശ്വാസത്തിന്റെ അഭാവ ത്തിൽ നിന്നുത്ഭവിക്കുന്നു. അവരുടെ ആശകളും ആശങ്കകളും കേന്ദ്രീക രിച്ചിരിക്കുന്നത് സ്വന്തം കഴിവുകളി ലാണ്. അന്വേഷിക്കുന്നവനും അന്വേ ഷിക്കപ്പെടുന്നവനും ദുർബ്ബലനായ തിനാൽ അതിന്റെ ഫലം സമാധാന മില്ലായ്മയാണ്. ഇന്ന് ഭൗതികവാദി കൾ അത്തരം കാര്യങ്ങളെ പരിഹസി ക്കുന്നു. ദൈവത്തിന്റെ വിശ്വസ്ത രായ ദാസന്മാരെ വിഡ്ഢികളെന്നും മതഭ്രാന്തന്മാരെന്നും വിളിക്കുന്നു. പക്ഷെ, വസ്തുതയെന്തെന്നാൽ അവൻ ഈ വിശുദ്ധ ശാസ്ത്രത്തെ പ്പറ്റി അജ്ഞനാണ് എന്നുള്ളതാണ്. ഭൗതികേച്ഛകൾ ദൈവത്തെ പ്രാപി ക്കാനുള്ള അവന്റെ ആഗ്രഹത്തെ മ രവിപ്പിച്ചിരിക്കുന്നു. ചുരുക്കത്തിൽ വാഗ്ദത്ത മസീഹ് ഓരോ വ്യക്തി യിലും വിശ്വാസമർപ്പിക്കുന്നു. ഓരോ മനുഷ്യനെയും വിശ്വസ്തനായിട്ടാണ് അദ്ദേഹം കാണുന്നത്.

ഒരു സ്ത്രീ എത്ര മോശക്കാ രിയും അറപ്പുളവാക്കുന്നവളുമാ യാലും ഒരു പുരുഷൻ നോക്കാൻ ഇഷ്ടപ്പെട്ടില്ലെങ്കിലും അയാൾ അവ ളുടെ സാന്നിദ്ധ്യം ഇഷ്ടപ്പെടുന്നില്ലെ ങ്കിലും അവളുടെ വാക്കുകൾ കേൾക്കാതിരിക്കാൻ ചെവി പൊ ത്തുമെങ്കിലും, കാണാതിരിക്കുമെ ങ്കിലും അവളെക്കണ്ടാൽ മൂക്കുപൊ ത്തുമെങ്കിലും വാഗ്ദത്ത മസീഹ് അവളുടെ വാക്കുകൾ മണിക്കൂറുക ളോളം കേൾക്കും. വളരെ ശാന്ത

മായി അവളോട് സംസാരിക്കും, മധുരമായ ഗാനമാലപിക്കുന്ന ഒരു രാക്കിളിയുടെ ശബ്ദം കേൾക്കുന്നതുപോലെ, അതുമല്ലെങ്കിൽ ഹൃദയാവർജ്ജകമായ വാക്കുകൾ സമർത്ഥമായി അനുകരിക്കുന്ന ഒരു തത്തയെപ്പോലെ.

ഒരാൾ എന്തുതന്നെ അസംബന്ധം പറഞ്ഞാലും അയാൾ വിഡ്ഢിത്തമാണ് പറഞ്ഞതെന്ന സൂചനപോലും വാഗ്ദത്ത് മസീഹ് കാണിക്കില്ല. അദ്ദേഹത്തോട് സംസാരിക്കുന്നത് സമയം വൃഥാ കളയുകയാണെന്നും കരുതില്ല. അദ്ദേഹത്തോട് പറയുന്ന കാര്യങ്ങൾ അദ്ദേഹം ഒരിക്കലും അവിശ്വസിക്കുകയില്ല. സാധനം വാങ്ങി വരുന്ന വേലക്കാരെ അദ്ദേഹം ഒരിക്കലും ചോദ്യം ചെയ്യില്ല. സാധനം വാങ്ങുന്നവർ തിരിച്ചുകൊടുക്കുന്ന പണം കണക്ക് നോക്കാതെ അദ്ദേഹം കീശയിലിടും. മോശപ്പെട്ട ചുറ്റുപാടിലുള്ള നിസ്സാരന്മാരായ ഗ്രാമീണ നെയ്തുകാർ അദ്ദേഹത്തിന്റെ വീട്ടിൽ സേവനം ചെയ്തി രുന്നു. അവർ നൂറുകണക്കിന് ഉറുപ്പികയുടെ സാധനങ്ങൾ വാങ്ങുന്നു. ചിലപ്പോൾ സാധനം വാങ്ങാൻ ലാഹോറിൽ പോകുന്നു. അദ്ദേഹം അവരെ ചോദ്യം ചെയ്യില്ല. അവരോട് കാഠിന്യം കാണിക്കില്ല. കണ ക്കു ചോദിക്കില്ല. ഇതെന്തു ഹൃദയമാണെന്ന് ദൈവത്തിന്നറിയാം. വാസ്തവത്തിൽ ഈ പരിശുദ്ധവും ഉന്നതവുമായ ഹൃദയത്തിന്റെ യാ ഥാർത്ഥ്യം ഒരുദ്ദേശത്തോടെ അതു സൃഷ്ടിച്ച ദൈവത്തിനു മാത്രം അറിയാം.

വിശുദ്ധ ഖുർആൻ പറയുന്നത് എത്ര സത്യമാണ്!

"ആരെയാണ് തന്റെ ദൂതനാക്കേണ്ടത് എന്ന് അല്ലാഹുവിന്ന് ഏറ്റവും നന്നായി അറിയാം"

ഞാൻ എപ്പോഴും ശ്രദ്ധാപൂർവ്വവും ഗവേഷണപരമായും വാഗ്ദത്ത മസീഹിന്റെ രീതികൾ വീക്ഷിച്ചിട്ടുണ്ട്. വിവേചനബുദ്ധിയോടെയും ഞാനദ്ദേഹത്തെ നിരീക്ഷിക്കുകയും അദ്ദേഹം പറയുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും ഒരു സ്വതന്ത്ര വിമർശകന്റെ തുറന്ന മനസ്സോടെ അദ്ദേഹത്തിന്റെ ജീവിതം പഠിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഒരു കാര്യം ഞാൻ സമ്മതിക്കുന്നു. എന്റെ കാതും കണ്ണും എപ്പോഴും വിശ്വാസത്തിനും ഉൾക്കാഴ്ചക്കും ബലം നൽകുന്ന രീതിയിലാണ് തിരിച്ചുവരാറുള്ളത്. വാഗ്ദത്ത മസീഹിന്റെ സാമീപ്യത്തിൽ ഞാൻ ദീർഘകാലം കഴിച്ചുകൂട്ടിയിട്ടുണ്ട്. എന്നാൽ അദ്ദേഹം വീട്ടിൽ ആരെങ്കിലുമായി തർക്കിക്കുന്നതോ ആരോടെങ്കിലും കണക്കു ചോദിക്കുന്നതായോ ഞാൻ ഒരിക്കലും കേട്ടിട്ടില്ല.

അല്ലാഹുവിന് സ്തുതി! എന്തൊരു ശാന്തവും പരിശുദ്ധവും ഉന്നതവുമായ പ്രകൃതി, അവിടെ സംശയത്തിന്റെ പിശാചിന് ഇടമില്ല. അങ്ങനെയുള്ള ശാന്തിയും സമാധാനവും നൽകപ്പെട്ട ഹൃദയം എത്ര മാത്രം സ്വർഗ്ഗീയവും അസൂയാവഹവുമാണ്.' എന്നിട്ടും ഒന്നും തെറ്റിപ്പോവുന്നില്ല, ഒരു മോശഫലവും ഉളവാകുന്നുമില്ല. അത്തരം ജാഗ്രതയില്ലായ്മയും വിശ്വസ്തതയും സാമ്പത്തികമായി ദോഷം ചെയ്യുന്നതായിരുന്നു ദൈവദൃഷ്ടിയിൽ ദോഷകരവും വെറുപ്പുളവാക്കുന്നതുമായിരുന്നെങ്കിൽ അദ്ദേഹം ദുഃഖിതനായിത്തീരുകയും എല്ലാ ഏർപ്പാടുകളും തകരുകയും ചെയ്യുമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള ശീഘ്രപുരോഗതി തെളിയിക്കുന്നത് ദൈവം അത്തരം ഹൃദയങ്ങളെ സ്നേഹിക്കുന്നുവെന്നാണ്.

എന്തെങ്കിലും ദുർബ്ബലതയോ അസുഖമോ കാരണമായി പ്രത്യേകമായി തനിക്കുവേണ്ടി ഭക്ഷണം തയ്യാറാക്കണമെന്ന് അദ്ദേഹം നിർദ്ദേശം നൽകിയാൽ അദ്ദേഹം തന്റെ സാധാരണ ഭക്ഷണം കഴിക്കാറില്ല. പ്രത്യേകഭക്ഷണത്തിന് വേ ണ്ടി കാത്തിരിക്കും. അപ്പോൾ സമ യം കഴിഞ്ഞേ ആ ഭക്ഷണം കിട്ടു. അതു താമസിച്ചുപോയാൽ അദ്ദേ ഹം ആരേയും ശകാരിക്കാറില്ല. ചിലപ്പോൾ താമസിച്ചതിനുള്ള കാരണം ഭവ്യതയോടെ ചോദിക്കും. അതിനുള്ള ക്ഷമാപണം നടത്തിയാൽ പുഞ്ചിരിയോടെ പിൻവാങ്ങും.

വാഗ്ദത്ത മസീഹിന്റെ ഹൃദയ വിശാലതയും ക്ഷമയും എടുത്തുപറയേണ്ടതാണ്. നൂറുക്കണക്കിന് തവണ കണ്ടിട്ടുള്ള ഒരു കാര്യം പറയാം. രണ്ടാം നിലയിലുള്ള തന്റെ മുറിയിൽ കയറി പതിവുപോലെ അദ്ദേഹം വാതിലടച്ചു സാക്ഷയിടും. എന്നിട്ട് എഴുത്തിലോ ധ്യാനത്തിലോ മുഴുകും. അദ്ദേഹത്തിന്റെ കുട്ടികളിലാരെങ്കിലും വന്ന് വാതിലിന് മുട്ടി 'ബാപ്പാ..... വാതിൽ തുറ ക്കൂ' എന്നു പറയും. അദ്ദേഹം എഴുന്നേറ്റ് വാതിൽ തുറക്കും. കുട്ടി മുറിയിൽ കടന്ന് ചുറ്റിക്കറങ്ങി പുറത്തേക്ക് പോകുന്നു. പതിവുപോലെ വാഗ്ദത്ത മസീഹ് വാതിലടക്കുന്നു. കുട്ടി വീണ്ടും വന്ന് വാതിലിൽ മുട്ടുന്നു. വീണ്ടും വാഗ്ദത്ത മസീഹ് എഴുന്നേറ്റ് വാതിൽ തുറക്കുന്നു. ഒന്നോ രണ്ടോ പ്രാവശ്യം റൂമിൽ ചുറ്റിത്തിരിഞ്ഞ് കുട്ടി വീണ്ടും പുറത്തേക്ക് പോകുന്നു. വാഗ്ദത്ത മസീഹ് വീണ്ടും വാതിലടക്കുന്നു. അഞ്ചുമിനിട്ട് കഴിഞ്ഞു വീണ്ടും കുട്ടി വന്നു. വാതിലിൽ മുട്ടുന്നു. വാഗ്ദത്ത മസീഹ് വീണ്ടും വാതിൽ തുറക്കുന്നു. എന്നാൽ ഒരിക്കലും വാഗ്ദത്ത മസീഹ് കുട്ടിയോട് കയർക്കുകയോ നീ എന്തിനാണ് ഇങ്ങനെ ചെയ്യുന്നതെന്ന് ചോദിക്കുകയോ ചെയ്യുന്നില്ല. ഒരു ദിവസം ഞാൻ മുകളിലെ എന്റെ മുറിയിലിരുന്നുകൊണ്ട് എത്ര പ്രാവശ്യം കുട്ടി വന്നു എന്ന് എണ്ണി. ഇരുപത് തവണ! ഒരിക്കൽ പോലും വാഗ് ദത്ത മസീഹ് ഒരക്ഷരം ഉരിയാടുക പോലും ചെയ്തില്ല. ദേഷ്യത്തിന്റെ ലാഞ്ചന പോലും കാണിച്ചില്ല.

കുട്ടികളെ ശിക്ഷിക്കുകയും ശകാരിക്കുകയും ചെയ്യുന്നതിന് വാഗ്ദത്ത മസീഹ് വളരെ എതിരായിരുന്നു. അവർ എത്രമാത്രം വികൃതികളും ബുദ്ധിമുട്ടുണ്ടാക്കുന്നവരു

മായിരുന്നാലും അവരുടെ ആവശ്യങ്ങൾ അകാരണമായിരുന്നാലും അവർ കിട്ടാനില്ലാത്ത സാധനങ്ങൾ ആവശ്യപ്പെട്ടാലും വാശിപിടിച്ചാ ലും അദ്ദേഹം ഒരിക്കലും അവരെ അടിക്കുകയോ ശകാരിക്കുകയോ അവരോട് കോപിക്കുകയോ ചെയ്തിരുന്നില്ല.

ഞാൻ ആദ്യം പറഞ്ഞതുപോലെ കുട്ടികളെ അടിക്കുന്നത് വാഗ്ദത്ത മസീഹ് ഇഷ്ടപ്പെട്ടിരുന്നില്ല. അവരെ ആരെങ്കിലും അടിച്ചുവെന്നുകേട്ടാൽ അദ്ദേഹം വളരെ അസ്വസ്ഥനാകുമായിരുന്നു. ഒരിക്കൽ ഒരാൾ തന്റെ മകനെ അടിച്ചു. ഇതു കേട്ട വാഗ്ദത്ത മസീഹ് വികാരാധീനനായി അദ്ദേഹത്തെ ആളയച്ചു വരുത്തി. വളരെ ഹൃദയസ്പർശിയായ ഒരു പ്രഭാഷണം നടത്തി. അദ്ദേഹം പറഞ്ഞു. "കുട്ടികളെ ഇവ്വിധം അടിക്കുന്നത് ഒരുവിധത്തിലുള്ള 'ശിർക്ക്' ആണ്. ഇങ്ങനെ ചെയ്യുന്ന ആൾ കുട്ടികളെ നേർവഴിയിലാക്കുന്ന കാര്യത്തിലും അവരെ വളർത്തുന്ന കാര്യത്തിലും ദൈവത്തിന്റെ പങ്കുകാരനാണെന്ന് തന്നെപ്പറ്റി വിചാരിക്കുന്നു. ഇത്തരം സ്വഭാവമുള്ള ആൾ തന്നോട് തെറ്റുചെയ്ത ആളെ ശത്രുവിനെയെന്നപോലെ ശിക്ഷിക്കുന്നു. ചിലപ്പോൾ ശിക്ഷ, ചെയ്ത തെറ്റിന് ആനുപാതികമായിരിക്കയുമില്ല. ഒരാൾക്ക് ആത്മനിയന്ത്രണം പാലിക്കാനും വികാരത്തിന്നടിമപ്പെടാതിരിക്കാനും കഴിയുമെങ്കിൽ ക്ഷമയും ശാന്തസ്വഭാവവും ഉണ്ടെങ്കിൽ പരിതഃസ്ഥിതി ആവശ്യപ്പെടുന്നെങ്കിൽ ഒരു പരിധി വരെ ശിക്ഷിക്കുകയോ ശാസിക്കുകയോ ചെയ്യാവുന്നതാണ്.

വാഗ്ദത്ത മസീഹ്, വളരെ താഴ്മയും വിനയവും കാണിച്ചിരിക്കുന്നു. അതിനേക്കാൾ ഉയർന്നനിലയിൽ ഇത്തരം ഗുണങ്ങൾ ദർശിപ്പിക്കാൻ സാധ്യമല്ല. അദ്ദേഹം തറയിൽ ഉറങ്ങുകയും മറ്റുള്ളവർ പരവതാനിയിലോ ഉയർന്ന സ്ഥല ത്തോ ഇരിക്കുകയുമാണെങ്കിൽ അദ്ദേഹത്തിന് ഒന്നും തോന്നുകയില്ല. നാലു വർഷം മുമ്പ് ഒരു ജൂൺ മാസത്തിൽ വാഗ്ദത്ത മസീഹിന്റെ കുടുംബാംഗങ്ങൾ ലുധിയാനയിലായിരുന്നപ്പോൾ ഒരു ദിവസം അദ്ദേഹത്തിന് വേണ്ടി പുതുതായി നിർമ്മിച്ച മുറികളിലൊന്നിൽ ഞാൻ കിടന്നുറങ്ങി. അദ്ദേഹം താഴേക്കും മുകളിലേക്കും ഉലാത്തുന്നുണ്ടായിരുന്നു. ഞാൻ ഉണർന്നപ്പോൾ അദ്ദേഹം കട്ടിലിന്നരികെ തറയിൽ കിടക്കുന്നതായി ക്കണ്ടു. ഇതു കണ്ട പാടെ ഞാൻ ബദ്ധപ്പെട്ടെഴുന്നേറ്റു. ഞാനെന്തിനാണ് എഴുന്നേറ്റതെന്ന് അദ്ദേഹം സ്നേഹത്തോടെ ചോദിച്ചു. 'ഹുസൂർ തറയിൽ കിടക്കുമ്പോൾ എനിക്കെങ്ങനെയാണുറങ്ങാൻ സാധിക്കുക''? ഞാൻ ചോദിച്ചു. പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു. "ഞാൻ താങ്കൾക്ക് കാവലിരിക്കുകയായിരുന്നു. താങ്കളുടെ നിദ്രക്ക് ഭംഗം വരരുതെന്ന് കരുതി ശബ്ദമുണ്ടാക്കുന്ന കുട്ടികളെ ഞാൻ തടയുകയായിരുന്നു.

പള്ളിയിൽ അദ്ദേഹത്തിന് പ്രത്യേക സ്ഥലമൊന്നും ഉണ്ടായിരുന്നില്ല. ഒരു അപരിചിതന് അദ്ദേഹത്തെ അടയാളം കൊണ്ട് തിരിച്ചറിയാനും കഴിയുമായിരുന്നില്ല. ആദ്യത്തെ വരിയിൽ വലത്തെ അറ്റത്താണ് അദ്ദേഹം ചിന്താധീനനായി ഇരിക്കാറ് പതിവ്. ഞാൻ പൊതുവേ മിഹ്റാബിന്റെ അടുത്താണ് ഇരിക്കാറ് പള്ളിയിലേക്ക് ആളുകൾ കടക്കുന്ന വാതിലിന്റെ നേരെ എതിർവശത്തായിരുന്നു ഇത്. പലപ്പോഴും വാഗ്ദത്ത മസീഹിനെ കാണാൻ വരുന്ന ഒരു പരിചിതൻ അദ്ദേഹമാണെന്ന് വിചാരിച്ച് എന്റെയടുക്കൽ വരുന്നു. പിന്നെ സ്വയം തെറ്റ് മനസ്സിലാക്കിയിട്ടോ ആരെങ്കിലും പറഞ്ഞിട്ടോ ബൈഅത്തു ചെയ്യാൻ ഹുസൂറിന്റെ അടുക്കലേക്ക് പോകുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ പള്ളിയിൽ പരിശുദ്ധമായ ഒരന്തരീക്ഷം സംജാതമാകുന്നു. യാതൊരുവിധത്തിലുള്ള ഔപചാരികതയും അവിടെ കാണുന്നില്ല. വാഗ്ദത്ത മസീഹ് തന്നെ പ്രത്യേകമായി സ്നേഹിക്കുന്നുവെന്ന് ഓരോ ശിഷ്യനും കരുതുന്നു. അതിനാൽ വാഗ്ദത്ത മസീഹിനോട് സ്വതന്ത്രമായി സംസാരിക്കുന്നു. ഒരാൾ ചിലപ്പോൾ മണിക്കൂറുകളോളം തന്റെ കഥ പറയുന്നു. എത്ര തന്നെ മടുപ്പിക്കുന്ന വിവരണമായാലും വാഗ്ദത്ത മസീഹ് ശ്രദ്ധയോടെ എല്ലാം കേൾക്കുന്നു. പലപ്പോഴും സദസ്സിലുള്ള മറ്റാളുകൾ കഥ കേട്ട് മടുത്തു പോകാൻ തുടങ്ങുന്നു. അസ്വസ്ഥത കാണിക്കുകയും ചെയ്യുന്നു. എന്നാൽ വാഗ്ദത്തമസീഹിന് അങ്ങനെയൊരു ഭാവം പോലുമുണ്ടാവില്ല.

ഒരാൾ എത്ര പരുഷമായി സംസാരിച്ചാലും വാഗ് ദത്ത മസീഹ് മതപരമായ കാര്യങ്ങളെ സംബന്ധിച്ചും തന്റെ അവകാശവാദങ്ങളെ സംബന്ധിച്ചുമുള്ള ചോദ്യങ്ങൾക്ക് സൗമ്യമായി മറുപടി പറയുന്നു. താൻ പറയുന്ന കാര്യങ്ങൾ വളരെ ശാന്തമായ നിലയിൽ അദ്ദേഹം അന്വേഷകന്റെ മനസ്സിൽ എത്തിക്കുന്നു. ലോകം മുഴുവൻ താൻ ചുറ്റി സഞ്ചരിച്ചിട്ടുണ്ടെന്നുപറഞ്ഞ പാണ്ഡിത്യത്തിൽ അഹങ്കാരമുള്ള ഒരാൾ മദ്ധ്യേന്ത്യയിൽ നിന്ന് വന്നു. വാഗ്ദത്ത് മസീഹിന്റെ അവകാശവാദങ്ങളെപ്പറ്റി അദ്ദേഹം വളരെ ഗർവ്വോടെ സംസാരിച്ച് ഇപ്രകാരം പറഞ്ഞു:

"താങ്കൾ ഒരു വ്യാജനാണ്. ഞാൻ വളരെയധികം വ്യാജവാദികളെ കണ്ടിട്ടുണ്ട്. അങ്ങനെയുള്ള ചതിയന്മാരെ ഞാൻ കൈക്കു കീഴിൽ ഒതുക്കിയിട്ടുണ്ട് അയാൾ വളരെ ഗർവ്വോടെ സംസാരിക്കുന്നത് തുടർന്നെങ്കിലും വാഗ്ദത്ത മസീഹിന്റെ മുഖത്ത് ഒരു ചുളിവുപോലും കണ്ടില്ല. അദ്ദേഹം ശാന്തനായി എല്ലാം കേട്ടു. അദ്ദേഹത്തിന്റെ ഊഴം വന്നപ്പോൾ വളരെ സൗമ്യമായും ശാന്തമായും മറുപടി പറഞ്ഞു.

*Review of Religions,*
*September 1984*

**വിവ: കെ.വി. ഹസ്സൻകോയ**

■

ലേഖനം

# ഫലസ്തീൻ പ്രശ്നം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

## 58 വർഷം മുമ്പ് ഇസ്രായേൽ രാഷ്ട്രത്തിന്റെ രൂപീകരണ വേളയിൽ 'അൽ കുഫ്റു മില്ലത്തുൻ വാഹിദ:' എന്ന പേരിൽ ഖലീഫത്തുൽ മസീഹ് രണ്ടാമൻ പ്രസിദ്ധീകരിച്ച ലേഖനം

ഫലസ്തീൻ ലോകമുസ്ലിം കളെ സംബന്ധിച്ചേടത്തോളം അതീവ പ്രാധാന്യം ഉള്ള ഒരു പ്രശ്നമാണ്, ഫലസ്തീൻ നമ്മുടെ യജമാനരായ നബിനായകരുടെ അന്ത്യവിശ്രമസ്ഥാനത്തിന്റെ അയൽദേശമത്രെ. യഹൂദന്മാർ തിരുനബിയുടെ ജിവിതകാലത്തും, തിരുമേനി അവരോടു എത്രയും ഉദാരമായ രീതിയിൽ പെരുമാറിയിരുന്നിട്ടും യാതൊരു ലജ്ജയും കൂസലും കൂടാതെ ആ പുണ്യപാദരെ എല്ലാവിധത്തിലും എതിർത്തുകൊണ്ടിരിക്കയാണ് ചെയ്തതു. ഒട്ടു മിക്ക യുദ്ധങ്ങളും യഹൂദന്മാരുടെ കുത്തിത്തിരിപ്പുകൊണ്ടുണ്ടായവയത്രെ. തിരുനബിയെ വധിക്കാനുള്ള ശ്രമത്തിനു കിസ്രായെ ഇളക്കി വിട്ടതും യഹൂദികളായിരുന്നു. അല്ലാഹു അക്കാര്യത്തിൽ അവരെ പരാജിതരാക്കിയെങ്കിലും അവർ തങ്ങളുടെ കുടിലവികാരങ്ങളെ പുറത്തുകാട്ടുകതന്നെ ചെയ്തു. അഹ്സാബ് യുദ്ധത്തിന്റെ നേതൃത്വം അവരുടെ കൈകളിലായിരുന്നു അറബ്ജനത അത്തരത്തിൽ അതിന്നുമുമ്പൊരിക്കലുംതന്നെ ഐക്യപ്പെട്ടിരുന്നില്ല. അത്തരം സംഘാടനപാടവം മക്കക്കാർക്കുണ്ടായിരുന്നതുമില്ല. മദീനയിൽനിന്നു നിഷ്കാസിതരായ യഹൂദഗോത്രങ്ങളാണ് അറബികളെയെല്ലാം സംഘടിപ്പിച്ചു മദീനക്കരികിലോളമെത്തിച്ചതു. ദൈവം അവരെയും അപമാനിതരാക്കി. യഹൂദികൾ പതിനെട്ടടവും പയറ്റിനോക്കിയിരുന്നു.... മുസൽമാന്മാരുടെ ഏറ്റവും വലിയ ശത്രുക്കളായി ഖുർആൻ ചിത്രീകരിച്ചിട്ടുള്ള ഈ ദുർഭഗരായ യഹൂദികൾ ഒരിക്കൽ തിരുനബിയെ തങ്ങളുടെ വീട്ടിൽ ക്ഷണിച്ചു വരുത്തുകയും സമാധാന വാദികൾ എന്ന കപടനാട്യത്തിൽ പെരുമാറിയ ശേഷം വീട്ടിന്റെ മട്ടുപ്പാവിൽനിന്നു ഒരു ആസ്സിന്റെ തിരിക്കല്ല് എറിഞ്ഞു ആ പുണ്യാത്മാവിനെ നിഗ്രഹിക്കാൻ പ്ളാനിടുകയും ചെയ്തു. അല്ലാഹു ഈ ഗൂഢാലോചനയെ കുറിച്ചു തിരുനബിക്ക് അറിവു നൽകുകയാൽ അവിടന്നു രക്ഷയോടുകൂടി പുറത്തുവന്നു. ഒരു യഹൂദസ്ത്രീ മറ്റൊരിക്കൽ തിരുമേനിയ്ക്കു ഒരു സൽക്കാരമേർപ്പെടുത്തുകയും വിഷം കലർന്ന ആഹാരം നൽകുകയുമുണ്ടായി. ദൈവം ആ സംഭവത്തിലും തിരുമേനിയെ രക്ഷിച്ചു. എങ്കിലും യഹൂദസമുദായം തങ്ങളുടെ ദുഷ്ടതകൾ പുറത്തു കാണിക്കുകയാണ് ,ചെയ്തത്.

ഇതേ ശത്രുവാണ് ഒരു സ്വതന്ത്ര രാഷ്ട്രമെന്ന നിലയിൽ മദീനക്കരികിൽ ഇപ്പോൾ തലപൊക്കാനാഗ്രഹിക്കുന്നതു. അവിടെ നിലയുറപ്പിച്ചശേഷം മദീനയ്ക്കുനേരെ നീങ്ങാമെന്നതായിരിക്കാം ഒരു പക്ഷെ അവരുടെ അന്തർഗതം. ഇതിന്നുള്ള സാദ്ധ്യതകളില്ലെന്നു കരുതുന്ന മുസ്ലിംകളുണ്ടെങ്കിൽ അവരുടെ ബുദ്ധിയ്ക്കു പക്വതയില്ല. ഈ യാഥാർത്ഥ്യം അറബികൾ മനസ്സിലാക്കിയിട്ടുണ്ട്. അറബ്ദേശത്തുനിന്നു അറബികളെ പുറത്താക്കാനുള്ള ദുശ്ചിന്തയിലാണ് യഹൂദികളുള്ളതെന്നു അവർക്കറിയാം അതിനാലത്രെ അവർ ആഭ്യന്തരഭിന്നിപ്പുകളെല്ലാം മറന്നു ഒറ്റക്കെട്ടായി യഹൂദരോടെതിരിടാൻ തയ്യാറായിരിക്കുന്നതു. എന്നാൽ, ഇതു അറബികളുടെ മാത്രം പ്രശ്നമാണോ? അറബികൾക്ക് മാത്രം ഇതിനെ നേരിടാനുള്ള ശക്തിയില്ലെന്നുളളതു പ്രത്യക്ഷമത്രെ. അറബികളെ മാത്രം ബാധിക്കുന്ന ഒരു പ്രശ്നവുമല്ല ഇത്. ഫലസ്തീൻ അല്ല യഥാർത്ഥത്തിലുള്ള പ്രശ്നം. പ്രശ്നം മദീനയുടെതാണു യരൂശലേമിന്റേതുമല്ല. പരിശുദ്ധ മക്കയുടേതാണ്. ഇതു ഏതെങ്കിലും മുസ്ലിമിന്റെ വ്യക്തിപരമായ കാര്യമല്ല, മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ അഭിമാനത്തിന്റെ പ്രശ്നമാണ് !

ഞാൻ മുസൽമാന്മാരുടെ ശ്രദ്ധയെ ഇതാ ക്ഷണിച്ചുകൊള്ളട്ടെ; അവർ ഈ സന്ദിഗ്ഢഘട്ടത്തെ കുറിച്ചു നല്ലവണ്ണം മനസ്സിലാക്കേണ്ടതുണ്ട്...... ഇസ്ലാമിന്റെ വേരിന്നു കൊടുവാൾ

ഓങ്ങിയിരിക്കുന്ന ഈ അവസരത്തിലും, മുസൽമാന്മാരുടെ പരിശുദ്ധ കേന്ദ്രങ്ങൾ യഥാർത്ഥമായ അപകടത്തിൽപ്പെട്ടിരിക്കുന്ന ഈ ഘട്ടത്തിലും, മുസൽമാന്മാരുടെ ശക്തിയെ തകർക്കുവാനും ഇസ്ലാമിനെ അവഹേളിക്കാനും വേണ്ടി ശത്രു നടത്തിക്കൊണ്ടിരിക്കുന്ന ഈ ആക്രമണത്തെ നേരിടാനായി പാകിസ്താനിയും അഫ്ഗാനിയും ഈറാനിയും മലായിയും ആഫ്റിക്കനും ബർബറും തുർക്കിയും എല്ലാം അറബികളോടൊപ്പം അണിനിരക്കാൻ സമയമായില്ലേ?

യഹൂദികൾ ഒരിക്കൽകൂടി ഫലസ്തീനിൽ നിവസിച്ചുതുടങ്ങുമെന്നു ഖുർആനിൽ നിന്നും ഹദീസിൽനിന്നും മനസ്സിലാകുന്നുണ്ടെന്നതു നേരുതന്നെ. എന്നാൽ അവർ എന്നെന്നും അവിടെ താമസിച്ചുകൊള്ളുമെന്നു പറയപ്പെട്ടിട്ടില്ല. ഫലസ്തീന്റെ മേലുള്ള ശാശ്വതഭരണം 'സദ്വൃത്തരായ ദൈവദാസർക്കു നിശ്ചയിച്ചിട്ടുള്ളതത്രെ. ആകയാൽ ഭയഭക്തിയുള്ളവരായിരിക്കുന്നപക്ഷം, ആ പ്രവചനം ദീർഘനാളോളം പൂർത്തീകരിക്കപ്പെട്ട നിലയിൽ തുടർന്നെന്നും വരും. അതു ഇസ്ലാമിന്നു അത്യാപൽക്കരമായ ഒരു തള്ളലിന്നിടയാക്കുകതന്നെ ചെയ്യും. ആകയാൽ നാം നമ്മുടെ കർമ്മത്തിലൂടെയും നമ്മുടെ ത്യാഗത്തിലൂടെയും നമ്മുടെ ഐക്യത്തിലൂടെയും നമ്മുടെ പ്രാർത്ഥനകളിലൂടെയും നമ്മുടെ മുറവിളികളിലൂടെയും ഈ പ്രവചനപുലർച്ചയുടെ കാലം കഴിയുന്നത്ര ചുരുക്കിക്കിട്ടാനും, ഫലസ്തീനിൽ വീണ്ടും മുഹമ്മദ് റസുലുല്ലാഹി (സ) തിരുമേനി (സ) യുടെ വാഴ്ചക്കാലം സമീപസ്ഥമാക്കിത്തീർക്കാനുമായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. നാം അങ്ങിനെ ചെയ്യുന്ന പക്ഷം ഇസ്ലാമികശക്തിയ്ക്കെതിരായി ആരംഭിച്ചിട്ടുള്ള ഈ നീക്കങ്ങൾ തകർന്നുപോകയും...... മുസ്ലിംകൾ ഒരിക്കൽകൂടി ഉന്നതിയിലേയ്ക്കും പുരോഗതിയിലേയ്ക്കും കുതിച്ചുനീങ്ങാൻ തുടങ്ങുകയും ചെയ്യും. ഈ ത്യാഗബദ്ധത മുസൽമാന്മാരുടെ ഹൃദയങ്ങളെ വിശുദ്ധമാക്കിത്തീർക്കാനും സഹായകമായിത്തീരുകയും അങ്ങനെ അവർ വീണ്ടും മത ബോധമുള്ളവരായിത്തീരാൻ പ്രേരകമായിരിക്കുകയും ചെയ്തെന്നുവരും. ലൗകികപ്രതിപത്തി അവരുടെ മനസ്സിൽനിന്നു മാഞ്ഞു പോകയും അല്ലാഹുവിന്റെയും തിരുനബിയുടേയും വിശുദ്ധ ദീനിന്റെയും അന്തസ്സും അഭിമാനവും അവരുടെ ഹൃദയതലങ്ങളിൽ ചിരസ്ഥായിയായിത്തീരുകയും ചെയ്യാനും അതുകാരണമായിത്തീർന്നേയ്ക്കാം! (അൽഫസൽ', 1948 മെയ്24)

ഹദ്റത്ത് മുസ്ലിഹ്മൗഊദിന്റെ മേൽലേഖനം അറബ് രാജ്യങ്ങളിലും ഏഷ്യയിലെ എല്ലാ മുസ്ലിം രാജ്യങ്ങളിലും വിപുലമായി പ്രചരിപ്പിച്ചിട്ടുണ്ടായിരുന്നു. ലബനാൻ, ജോർഡൻ മുതലായ രാജ്യങ്ങളിലെ വിശ്രുത പത്രങ്ങൾ അതിലെ പ്രധാന ഭാഗങ്ങൾ എടുത്തുചേർക്കുകയും വലിയ പ്രസിദ്ധി നൽകുകയും ചെയ്തിരുന്നു. അറബിരാജ്യങ്ങളിലെ ഉയർന്ന ഗവർമ്മെണ്ടു വൃത്തങ്ങളിലും അതാലോചനാവിഷയമാകാതിരുന്നില്ല.

## ഫലസ്തീൻ മുസ്ലിംകൾക്ക്!

(എങ്കിലും ഇസ്രായീലിന്റെ ഈ മുന്നേറ്റത്തിൽ മുസ്ലിം ലോകം നിരാശപ്പെടേണ്ടതില്ല. ഇസ്ലാമിന്റെ വിജയവും അഭിവൃദ്ധിയും ഔന്നത്യവും ദൈവം ഈ കാലത്തേയ്ക്കു നിശ്ചയിച്ചുകഴിഞ്ഞിട്ടുള്ളതത്രെ! ബൈബിളിലും ഖുർആനിലുമുള്ള പ്രവചനങ്ങളനുസരിച്ചാണ് യഹൂദികൾ പലസ്തീനിൽ അവരുടെ നാശത്തിനായി വീണ്ടും ഒരുമിച്ചുകുട്ടപ്പെട്ടിട്ടുള്ളതു. ഇസ്റായീൽ എന്ന ജൂതരാഷ്ട്രം താൽക്കാലികം മാത്രമാണ്. ഹദ്റത്ത് മുസ്ലിഹ്മൗഊദ് (റ) ഖുർആൻ വ്യാഖ്യാനത്തിൽ ഇപ്രകാരം പറയുന്നു).

" താല്ക്കാലികം എന്നു പറയുമ്പോൾ അതിന്റെ അർത്ഥം ഇതാണ്: മുസ്ലിംകൾ ഇനിയും ഫലസ്തീനിൽ കടക്കും; അവിടം ഭരിക്കുകയും ചെയ്യും. അതിന്റെ അർത്ഥം നിശ്ചയമായും ഇങ്ങിനെയും തന്നെയാണ്: യു.എൻ.ഒ. വിന്റെ സഹായത്തോടും അമേരിക്കയുടെ ആശ്രയത്തിലും ഉറപ്പിക്കപ്പെടുന്ന ഈ എല്ലാ വ്യവസ്ഥകളും തകർത്തുകൊണ്ടു അവിടെ വീണ്ടും മുസ്ലിംകളെ കുടിയിരുത്തുന്ന കാര്യത്തിൽ മുസൽമാന്മാർക്ക് അല്ലാഹു ഭാഗ്യജയം നൽകും!.........

"അല്ലാഹുവിന്റെ സുകൃതദാസന്മാരായ മുഹമ്മദ്നബിതിരുമേനിയുടെ ഉമ്മത്തികൾ നിശ്ചയമായും ഈ ദേശത്ത് വീണ്ടും പ്രവേശിക്കും. അമേരിക്കയുടെ ആറ്റംബോബുകളോ ഹൈഡ്രജൻ ബോമ്പുകളോ, റഷ്യയുടെ സഹായങ്ങളോകൊണ്ടു അവർക്ക് ഒന്നും ചെയ്യാനാവുന്നതല്ല. ഇതു വിധിച്ചുപോയ ഒരു കാര്യമാണ്. ലോകം മുഴുവനും ചേർന്നു എത്ര ശക്തി പ്രയോഗിച്ചാലും ഇതു സംഭവിച്ചേതീരൂ"(തഫ്സിർ കബീർ, ഭാ.4. പുറം 576).

('തഫ്സീർ സഗീരി'ൽ 'സൂറ 'അമ്പിയാ'യിലെ ഒടുവിലത്തെ ആയത്തിനെപറ്റി ഹുസൂർ ഇപ്രകാരം പറഞ്ഞിരിക്കുന്നു).

(1) "ഒടുക്കംകാലം യഹൂദികൾ ഒരിക്കൽകൂടി ഫലസ്തീനിൽ ആധിപത്യം നേടും. എന്നാൽ, മുസ്ലിംകൾ നിരാശരാകരുത്. അവരുടെ നബി ലോകത്തിന്നാകെ അനുഗ്രഹമായിട്ടാണവതരിച്ചിട്ടുള്ളതു. അവിടത്തോടുള്ള ബന്ധം അവരെയൊരിക്കലും നിത്യപരാജയത്തിലാക്കുകയില്ല".

(2) "ഇനിയൊരു കാലത്തും പലസ്തീൻ യഹൂദന്മാർ പ്രവേശിക്കുമാറില്ലാത്തവിധം ആകും".

(3) "മുഹമ്മദ് നബിതിരുമേനി (സ) തന്റെ തിരുനാവുകൊണ്ടു മുസൽമാന്മാർക്കുവേണ്ടി മുമ്പുതന്നെ ദുആ ഇരന്നിരക്കുന്നു പലസ്തീൻ അവർക്ക് നൽകാൻ വേണ്ടിയും അവരുടെ സത്യത്തെ സ്ഥാപിച്ചുറപ്പിക്കാൻ വേണ്ടിയും () മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പ്രാർത്ഥന ഒരിക്കലും വ്യഥാവിലാകയില്ലെന്നതു നമ്മുടെ പരിപൂർണ്ണമായ വിശ്വാസമത്രെ. അതു സ്വീകരിക്കപ്പെടുന്നതു ലോകം കണ്ണുകൊണ്ടു കാണുമാറാ

*(ശേഷം 28-ാം പേജിൽ)*

ലേഖനം

# ശത്രുവിന് സാന്ത്വനമരുളിയ മഹാത്മാവ്

ഇഹ്ജാജ് അലി സുബൈരി

**അഹ്മദിയ്യത്തിന്റെ കഠിന ശത്രുവും വാഗ്മിയുമായിരുന്ന സഫറലീഖാന്റെ ആതുരാവസ്ഥയിൽ അഹ്മദിയ്യാ ഖലീഫാ സാന്ത്വനം നൽകിയ സംഭവം**

വിശുദ്ധഖുർആൻ അതിന്റെ അനുവാചകർക്ക്, പ്രവാചക നിഷേധികളുടേയും സത്യത്തെ എതിർക്കുന്നതിൽ ആവേശം കാട്ടുന്നവരുടേയും ദയനീയ പരാജയത്തെകുറിച്ച് പരിചയപ്പെടുത്തുന്നുണ്ട്. പല സന്ദർഭങ്ങളിലായി വിശുദ്ധഖുർആൻ പറയുന്നു: 'സീറൂ ഫിൽഅർളി ഫൻളുറു കയ്ഫ കാന ആഖിബത്തുൽ മുകദ്ദിബീൻ' (3:139) - നിങ്ങൾ ഭൂമിയിൽ ചുറ്റിസഞ്ചരിച്ചുനോക്കുവിൻ, നിഷേധികളുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന്.

ഒരാളാലും നിഷേധിക്കാൻ കഴിയാത്ത പരമാർഥവും, വിശുദ്ധഖുർആന്റെ അമാനുഷികതയും, പ്രവാചകൻമാരുടെ സത്യസാക്ഷ്യവും പ്രഘോഷിച്ചുകൊണ്ട് ഈ ആയത്തും അതിന്റെ നിറപുലർച്ചയും ചിന്താശീലരുടെ അകതാരിനെ സത്യത്തിലേക്ക് ക്ഷണിക്കുന്നു.

ഇത്തരുണത്തിൽ, അഹ്മദിയ്യത്തിന്റെ കഠിന വിരോധിയും, അഹ്റാർ കക്ഷിയുടെ പ്രമുഖനേതാവും ജനസഹസ്രങ്ങളെ പ്രകമ്പനംകൊള്ളിച്ച വാഗ്മിയും, മാസ്മരിക ശക്തിയുള്ള തൂലികാകാരനുമായിരുന്ന മൗലാനാ സഫറലീഖാന്റെ വളരെ ശോചനീയമായ അന്ത്യ ദിനങ്ങളെകുറിച്ചും, ആരോരുമില്ലാതെ ഉപേക്ഷിക്കപ്പെട്ട മൗലാനയ്ക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ ദ്വിദീയ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) നൽകിയ സാന്ത്വനത്തെകുറിച്ചുമാണ് പ്രതിപാദിക്കുന്നത്.

1956-ൽ ഞാൻ 'മരി'യിലായിരുന്നു ജോലിചെയ്തിരുന്നത്. ഇതേ വർഷം, അഹ്മദിയ്യാ ഇമാം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്, സൂരിച്ചിലെ ചികിത്സക്കുശേഷം മരിയിൽ വന്നു. അദ്ദേഹത്തിന് ചൈബർലാജ്' എന്നു പേരുള്ള ബംഗ്ലാവാണ് താമസത്തിന് നൽകിയിരുന്നത്. ഈ ബംഗ്ലാവിന്റെ മേൽനോട്ടം വഹിച്ചിരുന്നതും ഞാനായിരുന്നു. മുഴുവൻ വാടകയും മുൻകൂർ വാങ്ങാതെ ബംഗ്ലാവിൽ ആരേയും താമസിപ്പിക്കരുതെന്ന് ഡിപ്പാർട്ടുമെന്റിൽനിന്ന് നിർദ്ദേശമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ മുഴുവൻ തുകയും വാങ്ങിയശേഷമേ ഞാൻ അദ്ദേഹത്തേയും താമസിക്കാൻ അനുവദിച്ചുള്ളൂ. ഈ വിവരം മിർസാസാഹിബ് അറിഞ്ഞപ്പോൾ പറഞ്ഞു, 'അദ്ദേഹം തന്റെ ഉത്തരവാദിത്വം വിശ്വസ്തതയോടെ ചെയ്തതിൽ എനിക്ക് സന്തോഷമുണ്ട്. മുഴുവൻ വാടകയും മുൻകൂർ അടക്കണമെന്നാണ് നിയമമെന്നിരിക്കെ അത് അടക്കുന്നതിന് മുമ്പ് താമസിക്കാനുള്ള ആവശ്യം തന്നെ ഉന്നയിക്കാൻ പാടില്ലായിരുന്നു.

-------------

കുറച്ച് ദിവസങ്ങൾക്കുശേഷം ഒരു ജോലിക്കാരൻ പരിഭ്രാന്തനായി ഓടിവന്ന് എന്നോടുപറഞ്ഞു: "............ പുറത്ത് മൗലാനയുടെ വണ്ടിവന്നിട്ടുണ്ട്. മൗലാനാ രോഗിയാണ്. മാത്രമല്ല അർദ്ധ ബോധാവസ്ഥയിലുമാണ്. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു, അവർക്കൊരു ബംഗ്ലാവുവേണം. വാടകക്കുള്ളചെക്ക് പിന്നീട് തരുന്നതാണ്".

വി.ഐ.പി ആണെങ്കിലും വാടക മുൻകൂർ വാങ്ങിയ ശേഷമേ ബംഗ്ലാവ് അനുവദിക്കാവൂ എന്ന് സർക്കാറിന്റെ കർശന നിർദ്ദേശമുണ്ടാ

യിരുന്നു. ഞാൻ ചോദിച്ചു: "ഏത് മൗലാനയാണ് വാടക മുൻകൂർ വാങ്ങാതെ എങ്ങിനെയാണ് ബംഗ്ലാവ് അനുവദിക്കുക". ഇതും പറഞ്ഞ്, ആളാരാണെന്ന് അറിയാമല്ലൊ എന്നു കരുതി ഞാൻ ഓഫീസിനു പുറത്തേക്കിറങ്ങി വണ്ടിയുടെ അടുത്തു പോയപ്പോൾ അദ്ദഹത്തിന്റെ ഭാര്യ നേരത്തെ പറഞ്ഞ ആവശ്യം വീണ്ടും ഉന്നയിച്ചു: 'മൗലാനയുടെ ആരോഗ്യസ്ഥിതി വളരെ മോശമാണ്. താങ്കൾ ബംഗ്ലാവ് അനുവദിച്ചുതന്നാലും വാടക പിന്നീടുതരാം'.

അത് മൗലാനാ സഫറലിഖാൻ ആണെന്ന് എനിക്ക് മനസ്സിലായി ഉടൻതന്നെ ബംഗ്ലാവ് അനുവദിച്ചു കൊടുക്കാൻ ഞാൻ നിർദ്ദേശം നൽകി. ഒരു സുഹൃത്തിൽ നിന്നും 600 രൂപ വാടകയായി വാങ്ങുകയും അത് മൗലാനയുടെ അക്കൗണ്ടിൽ വരവുവെക്കുകയും ചെയ്തു. തുടർന്ന് ഞാൻ ബംഗ്ലാവിലെത്തി അദ്ദേഹത്തിന്റെ ഭാര്യയോടു പറഞ്ഞു.

"ഞാൻ ഈ ബംഗ്ലാവുകളുടെ ഇൻചാർജ് ഓഫീസറാണ്. ഈ സമയത്ത് നിങ്ങളെ സേവിക്കാൻ ഞാൻ ബാധ്യസ്ഥനാണ്. എന്ത് ആവശ്യമുണ്ടെങ്കിലും മടികൂടാതെ പറയാവുന്നതാണ്".

അവർ ഏതാനും കസേരകളും ഒരു കട്ടിലും കാർപ്പറ്റുമാണ് ആവശ്യപ്പെട്ടത്........ ഞാൻ കാവൽകാരനോട് മൗലാനയുടെ കുടുംബത്തെ പ്രത്യേകം ശ്രദ്ധിക്കാൻ പറഞ്ഞിരുന്നു.

-----------------

ഞാൻ താമസിച്ചിരുന്ന ബംഗ്ലാവിനും മൗലാനയുടെ ബംഗ്ലാവിനുമിടയിൽ ഒരു നടപ്പാതയുണ്ടായിരുന്നു. ഞാൻ ഓഫീസിൽ പോകുമ്പോഴും വരുമ്പോഴും മൗലാനയുടെ ആരോഗ്യസ്ഥിതി അന്വേഷിക്കുമായിരുന്നു. ഞാനും നൂറുകണക്കിന് ആളുകളും (ആയിരം എന്നുപറഞ്ഞാലും അത് അതിശയോക്തിയല്ല) കണ്ടിരുന്ന കാഴ്ച വിവരണാതീതമാണ്. എല്ലാ ദിവസവും രാവിലെ മൗലാനയെ ഒരു വേലക്കാരൻ ബംഗ്ലാവിന്റെ വരാന്തയിൽ ഒരു കസേരയിൽ കൊണ്ടുവന്നിരുത്തും. പിന്നെ മൗലാനയുടെ ഇടുപ്പ് കസേരയിൽ കയറുകൊണ്ട് മുറുക്കിക്കെട്ടും.- മൗലാന അർദ്ധബോധാവസ്ഥയിലോ അബോധാവസ്ഥയിലോ വീഴാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്.- മൗലാന സൂര്യൻ അസ്തമിക്കുന്നതുവരേയും ഈ കസേരയിൽ ഒറ്റക്ക് കഴിച്ചുകൂട്ടുമായിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് കുടുംബക്കാരോ വേലക്കാരോ ആരുംതന്നെ ഉണ്ടാകുമായിരുന്നില്ല.

മൗലാനക്ക് സംസാരിക്കാൻ കഴിയുമായിരുന്നില്ല. നടക്കാനും എഴുന്നേൽക്കാനും നിൽക്കാനും ഒന്നിനും കഴിവുണ്ടായിരുന്നില്ല. വായിൽനിന്ന് ഏതുസമയത്തും വഴുവഴുപ്പുള്ള വെള്ളം ഒലിച്ചിരുന്നു. ഇരുന്നയിരുപ്പിൽതന്നെ മലമൂത്രവിസർജ്ജനവും.

എന്റെ ബംഗ്ലാവിനടുത്ത് ഒരു കേണൽ താമസിച്ചിരുന്നു. അദ്ദേഹത്തോട്, മൗലാനയുടെ കസേരയിലേക്ക് ചൂണ്ടിക്കൊണ്ട് ഞാൻ ഒരിക്കൽ പറഞ്ഞു:

''കണ്ടില്ലേ, ഈ മനുഷ്യൻ സമ്മേളനങ്ങളിൽ പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിന് പകരംവെക്കാൻ ആരുമില്ലായിരുന്നു. അദ്ദേഹത്തിന്റെ തൂലിക പടവാളായിരുന്നു. നാവ് ഭീഷണമായിരുന്നു., അദ്ദേഹത്തിന്റെ പ്രശസ്തി ഇന്ത്യയിലും പാകിസ്ഥാനിലും അനുപമമായിരുന്നു. ഇന്ന് ആ മനുഷ്യന്റെ അവസ്ഥനോക്കൂ. ചോദിക്കാനും പറയാനും പോലും ആളില്ല.

ഞാൻ ഇതു പറഞ്ഞപ്പോൾ കേണൽ സാഹിബ് അറിയാതെ പറഞ്ഞു:

'യെ ഇബ്റത് കീ ജാ ഹെ തമാശ നഹിം ഹെ' – ഇത് പാഠം ഉൾക്കൊള്ളേണ്ട സന്ദർഭമാണ്. തമാശയല്ല.

-----------------------

ഞാൻ പതിവുപോലെ മൗലാനയുടെ ബംഗ്ലാവിൽപോയി. അവിടെ പോവുന്നതും അദ്ദേഹത്തിനടുത്തുള്ള വൃത്തികേടുകളും ദുർഗന്ധവും അവഗണിച്ചുകൊണ്ട് അവിടെയിരുന്ന് മൗലാനയുടെ കാൽതിരുമ്മുന്നതും എന്റെ ശീലമായിട്ടുണ്ടായിരുന്നു. ഒരു വലിയ മാർഗ്ഗദർശിയുടെ അവസാന നാളുകൾ എത്രമാത്രം കഷ്ടതയിലാണെന്ന് ഞാൻ മനസ്സിൽ പരിതപിച്ചുകൊണ്ടിരുന്നു. ഒരു ദിവസം പോയപ്പോൾ, മൗലാന റൂമിനുള്ളിൽ തന്റെ വിരുപ്പിൽ അബോധാവസ്ഥയിൽ കിടക്കുന്നതാണ് കണ്ടത്. വിരുപ്പിൽനിന്ന് രൂക്ഷമായ ദുർന്ധം വമിക്കുന്നുണ്ടായിരുന്നു. ഞാൻ ബംഗ്ലാവിന്റെ മറുഭാഗത്തുനിന്ന് മൗലാനയുടെ കുടുംബത്തെ വിളിച്ചു. കുറേ കഴിഞ്ഞപ്പോൾ ഒരു സ്ത്രീ ശബ്ദം കേൾക്കാൻ ഇടയായി. അപ്പോൾ ഞാൻ പറഞ്ഞു മൗലാനയുടെ നില ഏറെ ദുഷ്കരമാണെന്ന് തോന്നുന്നു അദ്ദേഹത്തെ നോക്കാൻ ആരുമില്ലേ. അപ്പോൾ അകത്തുനിന്നൊരു ശബ്ദം വന്നു. "ഏതെങ്കിലും ഡോക്ടറെ വിളിക്കാൻ പറ്റുമെങ്കിൽ വിളിക്കൂ. അതുകേട്ടപ്പോൾ ഞാൻ അത്ഭുതസ്തബനായിപ്പോയി.

ഞാൻ എന്റെ സുഹൃത്തുക്കളായ മൂന്ന് ഡോക്ടർമാരെ വെവ്വേറെ കണ്ട്, എത്രയും വേഗം മൗലാനാ സഫറലിഖാനെ ശുശ്രൂഷിക്കണമെന്ന് അപേക്ഷിച്ചു. തിരിച്ചുവരുമ്പോൾ ഞാൻ മൂന്നുപേരോടും ചോദിച്ചു. മൗലാനയെ ശുശ്രൂഷിക്കാൻ പോയില്ലേ? പക്ഷേ മൂന്നുപേരും നൽകിയ മറുപടി ഒരേപോലെയായിരുന്നു.

'സുബൈരി സാഹിബ്, ഡോക്ടർമാർ വൃത്തികേടുകളെ ഭയക്കുന്നവരല്ല. അത് ഞങ്ങളുടെ രാപകലുള്ള ജോലിയാണ്. പക്ഷേ അവിടെ, എന്തെങ്കിലും ചോദിക്കാൻ ആരേയും കണ്ടില്ല. ഞങ്ങൾ കുറേ വിളിച്ചെങ്കിലും ആരും വന്നില്ല. അങ്ങിനെ ഞങ്ങൾ തിരിച്ചുപോരാൻ നിർബന്ധിതരായിത്തീർന്നു. ഇതുകേട്ടപ്പോൾ എനിക്കുണ്ടായ ദു:ഖം വാക്കുകൾക്കതീതമാണ്.

----------------------

സമയം രാത്രി 10.30 ആയിട്ടുണ്ടായിരുന്നു. എന്റെ മനസ്സിൽ എന്ത്

തോന്നിയെന്നറിയില്ല, ഞാൻ നേരെ 'ഖൈബർലാജ്' ബംഗ്ലാവിൽ എത്തി എങ്ങിനെയൊക്കെയോ മിർസാസാഹി ബിനെ, (ഖലീഫസാനിയെ - പരി) കാണാൻ അവസരം കിട്ടി. മിർസാ സാഹിബ് അപ്പോൾ വിശുദ്ധഖുർആൻ തഫ്സിർ എഴുതിപ്പിക്കുന്നതിൽ നിമ ഗ്നനായിരുന്നു. എന്നെ കണ്ടപ്പോൾ ചോദിച്ചു: 'സൂബൈരി സാഹിബ് താങ്കൾ ഈ സമയത്ത് എങ്ങിനെ യാണ് എത്തിപ്പെട്ടത്?' ഞാൻ പറഞ്ഞു 'ഹുസൂർ , എനിക്ക് താങ്ക ളോട് മാത്രം ഒരു കാര്യം പറയാനു ണ്ട്'. ഉടൻതന്നെ അദ്ദേഹം എഴുന്നേറ്റ് തന്റെ കൈ, എന്റെ തോളിൽ വാത്സ ല്യപൂർവ്വം വെച്ചുകൊണ്ട് സ്വീകരണ മുറിയിലേക്ക് എന്നെ കൊണ്ടുപോയി. ഞാൻ മടിച്ചുമടിച്ച് ഏതാനും വാക്കു കളിൽ പറഞ്ഞു:

ഹുസൂർ, ഹദ്റത്ത് മൗലാനാ സഫറലീഖാന് രോഗം മൂർഛിച്ചിരിക്കു ന്നു. അദ്ദേഹത്തെ നോക്കാനും ശുശ്രൂഷിക്കാനും ആരുമില്ല. ഞാൻ മൂന്ന് ഡോക്ടർമാരെ കണ്ടിരുന്നു. പക്ഷെ മൂന്ന് പേരും അവിടെ പോകാ ൻ വിസമ്മതിക്കുകയാണ് ചെയ്തത് - അതായത് വീട്ടുകാരുടെ നിസ്സഹ കരണം മൂലം അവർക്ക് ഒന്നും ചെയ്യാ ൻ കഴിഞ്ഞില്ല. ഇത്രയും പറയു മ്പോഴേക്ക് എന്റെ കണ്ണുകൾ ഈറന ണഞ്ഞിരുന്നു.

---

മിർസാസാഹിബ് ഉടൻതന്നെ തന്റെ മകൻ ഡോക്ടർ മിർസാ മുന വ്വർ അഹ്മദിനെ വിളിച്ചുവരുത്തി ചോദിച്ചു, നമ്മോടൊപ്പം ഇപ്പോൾ എത്രഡോക്ടർമാരുണ്ട്? അദ്ദേഹം മറുപടിയായി എത്ര എണ്ണമാണ് പറ ഞ്ഞതെന്ന് ഞാൻ ഓർക്കുന്നില്ല. സൂറി ച്ചിൽ നിന്ന് തിരിച്ചെത്തിയപ്പോൾ മിർസാസാഹിബിനെ ശുശ്രൂഷിക്കാൻ ഡോക്ടർമാരുടെ ഒരു സംഘം തങ്ങ ളുടെ സമയം വഖ്ഫ് ചെയ്തിട്ടുണ്ടാ യിരുന്നു. അദ്ദേഹം ഏതാനും ഡോക്ടർമാരുടെ പേരെടുത്ത് പറ ഞ്ഞുകൊണ്ട് നിർദ്ദേശിച്ചു: 'ഈ ഡോക്ടർമാർ ഇന്നുമുതൽ മൗലാനാ സഫറീഖാനെ ശുശ്രൂഷിക്കേണ്ടതാണ്. ഉടൻതന്നെ പോയി മൗലാനയെ ശുശ്രൂഷിക്കുക. ആവശ്യമുള്ള മരുന്നു കൾ ടൗണിൽനിന്ന് വാങ്ങുക. മരി യിൽ കിട്ടാത്ത മരുന്നുകൾ എന്റെ വാഹനത്തിൽപോയി പട്ടണത്തിൽ നിന്ന് വാങ്ങേണ്ടതാണ്. ചികിത്സ യുടെ മുഴുവൻ ചെലവും ഞാൻ വഹി ക്കുന്നതാണ്.'

ഈ നിർദ്ദേശം കേട്ടപ്പോൾ ഞാൻ അറിയാതെ എന്റെ വായിൽ നിന്നും അല്ലാഹു അക്ബർ എന്ന ശബ്ദം വന്നു. അൽഹംദുലില്ലാഹ്, മൗലാനയെ രോഗാവസ്ഥയിൽ ഈ ഡോക്ടർമാർ ശുശ്രൂഷിക്കുന്നതാണ്, സുബ്ഹാനല്ലാഹ്!

മിർസാ സാഹിബ് ഡോക്ടർമാ രോട് പറഞ്ഞു. 'നിങ്ങൾ എന്നെകുറിച്ച് വ്യാകുലപ്പെടേണ്ടതില്ല. മൗലാനയെ ശ്രദ്ധിക്കുക.'

അതെ, തീർച്ചയായും ഈ ഉന്ന ത സ്വഭാവം അല്ലാഹു തന്റെ പ്രത്യേക വരിഷ്ടദാസൻമാർക്കുമാത്രം നൽകു ന്നതാണ്.

തങ്ങളുടെ യജമാനരെ സേവി ക്കാൻ വന്നിട്ടുള്ള ഡോക്ടർമാർ, നിർദ്ദേശം കേട്ടമാത്രയിർ മൗലാനാ സഫറലീഖാന്റെ അടുത്തെത്തി. മരു ന്നുകൾ കൊടുത്തു ഇൻജക്ഷൻ വെച്ചു. രോഗാവസ്ഥയിൽ മാറ്റമുണ്ടാ കുന്നതുവരെ അവർ അവിടെ നിന്ന് പോയില്ല.

---

അടുത്ത ദിവസം രാവിലെ ഡോക്ടർമാർ, ചില അഹ്മദീ സുഹൃ ത്തുക്കളേയും കൂട്ടിയാണ് വന്നത്. മൗലാന പതിവുപോലെ കസേരയിൽ ബന്ധിതനായിരുന്നു. തല ഒരു ഭാഗ ത്തേക്ക് ചാഞ്ഞിരുന്നു. വായിൽ നിന്ന് വെള്ളം ഒലിക്കുന്നുണ്ടായിരുന്നു. പൈജാമയിൽ മലമൂത്ര വിസർജനവും നടന്നിരുന്നു. ചുറ്റുവട്ടത്തും ദുർഗ ന്ധം വമിക്കുന്നു. മാത്രമല്ല ഈച്ചകൾ മൂളിപ്പറക്കുന്നുമുണ്ടായിരുന്നു.

മൗലാനാ അബുൽമുനീർ നൂറുൽഹഖ് സാഹിബ് അൽപം കുനി ഞ്ഞുനിന്ന് മൗലാനയോട് പറഞ്ഞു, 'ഹദ്റത്ത് സാഹിബ് (ഖലീഫസാനി - പരി.) ഈ ഡോക്ടർമാരെ താങ്കളെ ശുശ്രൂഷിക്കാൻ പറഞ്ഞയച്ചതാണ്? മൗലാന ഇതുകേട്ടപ്പോൾ അൽപം തലയുയർത്തി. 'ങ്ഹേ' എന്നു ചോദി ക്കും പോലെയാണ് എനിക്കു തോന്നി യത്.

മൗലാനാ അബുൽമുനീർ നൂറു ൽ ഹഖ് സാഹിബ് അൽപം ഉച്ച ത്തിൽ പറഞ്ഞു, ഈ ഡോക്ടർമാരെ, മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്, താങ്കളെ ശുശ്രൂഷിക്കാൻ പറഞ്ഞയച്ചതാണ്. ഇവർ താങ്കളെ സേവിക്കാനും ചികിത്സിക്കാനും നിയോഗിതരാണ്.

ഇതുകേട്ടപ്പോൾ മൗലാനാ വീണ്ടും അൽപം തലയുയർത്തി കണ്ണുകളിൽ നിന്ന് അശ്രു ധാരധാര യായി ഒഴുകുന്നുണ്ടായിരുന്നു. ആ ഓരോ കണ്ണീർതുള്ളിയും ഇങ്ങനെ പറയുംപോലെ തോന്നി,....എന്റെ സ്തുതിപാഠകരും എനിക്ക് മുദ്രാ വാക്യം വിളിച്ചിരുന്നവരും ഒക്കെ ഇന്നെവിടെ? 'സമീൻദാർ' പത്ര ത്തിന്റെ വരുമാനം തിന്നിരുന്നവർ എവി ടെപ്പോയി?

ഈ അവസ്ഥ കണ്ടപ്പോൾ എന്റെ അയൽവാസിയായ കേണൽ പണ്ടുപറഞ്ഞ വാക്കുകൾ തന്നെയാണ് എന്റെ നാവിലും വന്നത്;

'യെ ഇബ്റത് കീ ജാഹെ തമാശ നഹീം ഹെ'

- ഇത് പാഠമുൾക്കൊള്ളേണ്ട സന്ദർഭമാണ് തമാശയല്ല.

---

മൗലാനാ മരി-യിൽ ഉണ്ടായി രുന്നത്രയും ദിവസം അഹ്മദിയ്യാ ഡോക്ടർമാർ മൗലാനയെ ശുശ്രൂഷി ക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു.

(മഹാറത് വീക്കലി, 15-21 ഡിസംബർ 1995. അവലംബം : മിശ്കാത് മാസിക ഖാദിയാൻ 2004 ജനു. ഫെബ്രു. ***സമ്പാദനം, വിവർത്തനം: സഗീർ എച്ച്.എസ്. കാവശ്ശേരി)***

ലേഖനം

(രണ്ടാം ഭാഗം)

# യേശു ദാവീദിന്റെ പുത്രനോ?

**യേശുവിന് ദാവീദ് രാജാവുമായി വംശബന്ധമുറപ്പിക്കാൻ പരസ്പര വൈരുദ്ധ്യങ്ങളും കൃത്രിമങ്ങളും നിറഞ്ഞ വംശാവലിപ്പട്ടികയാണ് ബൈബിൾ നൽകുന്നത്. ജോസഫിൽ അവസാനിക്കുന്ന ആ വംശാവലി യേശുവുമായി കണ്ണിചേർക്കപ്പെടുന്നതെങ്ങിനെ?**

### യേശുവിന്റെ വംശാവലി : മത്തായിയുടെ സുവിശേഷപ്രകാരം:

''അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി: അബ്രഹാം, ഇസഹാക്കിന്റെ പിതാവ്; ഇസഹാഖ്, യാക്കോബിന്റെ പിതാവ്; യാക്കോബ്, യഹൂദായുടേയും സഹോദരന്മാരുടേയും പിതാവ്; യഹൂദ, താമറിൽ പിറന്ന പെരെസിന്റേയും സെറഹിന്റേയും പിതാവ്; പെറസ്, ഹെസ്രോന്റെ പിതാവ്; ഹെസ്രോൻ, അറാമിന്റെ പിതാവ്; അറാം, അമ്മീനാദാബിന്റെ പിതാവ്; അമ്മീനാദാബ്, നഹ്ശോന്റെ പിതാവ്; നഹ്ശോൻ, സൽമോന്റെ പിതാവ്; സൽമോൻ, റാഹാബിൽ പിറന്ന ബോവസിന്റെ പിതാവ്; ബോവസ്, റൂത്തിൽ പിറന്ന ഓബേദിന്റെ പിതാവ്; ഓബേദ്, യിശ്ശായുടെ പിതാവ്; യിശ്ശായി, ദാവീദ് രാജാവിന്റെ പിതാവ്; ദാവീദ്, ഊറിയയുടെ ഭാര്യയായിരുന്നവളിൽ പിറന്ന സോളമന്റെ പിതാവ്; സോളമൻ, റെഹബയാമിന്റെ പിതാവ്; റെഹബയാം, അബിയായുടെ പിതാവ്; അബിയാ, ആസായുടെ പിതാവ്; ആസാ, യെഹോശാഫാതിന്റെ പിതാവ്; യെഹോശ്ശാഫാത്, യോറോമിന്റെ പിതാവ്; യോറാം, ഉസ്സിയ്യായുടെ പിതാവ്; ഉസ്സിയ്യാ, യാതാമിന്റെ പിതാവ്; യോതാം, ആഹാസിന്റെ പിതാവ്; ആഹാസ്, ഹിസ്കീയായുടെ പിതാവ്; ഹിസ്കീയാ, മനശ്ശെയുടെ പിതാവ്; മനശ്ശെ, ആമോസിന്റെ പിതാവ്; ആമോസ്, യോശിയായുടെ പിതാവ്; യോശിയാ, ബാബിലോൺ പ്രവാസകാലത്ത് ജനിച്ച യെഖൊന്യായുടെയും സഹോദരന്മാരുടേയും പിതാവ്,

യെഖൊന്യാ, ബാബിലോൺ പ്രവാസാരംഭത്തിനുശേഷം ജനിച്ച ശെയൽത്തീയെലിന്റെ പിതാവ്; ശെയൽത്തീയൽ, സെറുബ്ബാബെലിന്റെ പിതാവ് ; സെറുബ്ബാബെൽ, അബിയൂദിന്റെ പിതാവ്; അബിയൂദ്, എല്യാക്കീമിന്റെ പിതാവ്; എല്യാക്കിം, ആസോറിന്റെ പിതാവ്; ആസോർ, സാദോകിന്റെ പിതാവ്; സാദോക്, അഖീമിന്റെ പിതാവ്; അഖീം, എലീഹൂദിന്റെ പിതാവ്; ഏലീഹുദ്, എലെയാസാറിന്റെ പിതാവ്; എലെയാസാർ, മത്ഥാന്റെ പിതാവ്; മത്ഥാൻ യാക്കോബിന്റെ പിതാവ്; യാക്കോബ്, മറിയമിന്റെ ഭർത്താവായ യോസഫിന്റെ പിതാവ്; മറിയമിൽ നിന്ന് ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു.

അങ്ങനെ അബ്രഹാം മുതൽ ദാവീദ് വരെ ആകെ പതിനാലു തലമുറ, ദാവീദ് മുതൽ ബാബിലോൺ പ്രവാസം വരെ പതിനാലു തലമുറ ക്രിസ്തുവരെ പതിനാലു തലമുറ (മത്താ: 1:1–17)

### യേശുവിന്റെ വംശാവലി: ലൂക്കോസിന്റെ സുവിശേഷ പ്രകാരം

'തന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ യേശുവിന് ഏതാണ്ട് മുപ്പത് വയസ്സ് ആയിരുന്നു. അവൻ യോസേഫിന്റെ പുത്രൻ, യോസേഫ്, ഹെലീയുടെ പുത്രൻ; ഹെലി, മത്ഥാതിന്റെ പുത്രൻ; മത്ഥാത്, ലേവിയുടെ പുത്രൻ; ലേവി, മെൽഖീയുടെ പുത്രൻ; മെൽഖി, യന്നായിയുടെ പുത്രൻ; യന്നായ്, യോസേഫിന്റെ പുത്രൻ; യോസേഫ്, മത്തഥ്യൊാസിന്റെ പുത്രൻ; മത്തഥ്യൊാസ്, ആമോസിന്റെ പുത്രൻ; ആമോസ്, നഹൂമിന്റെ പുത്രൻ; നഹൂം, എസ്ലിയുടെ പുത്രൻ; എസ്ലി, നഗ്ഗയിയുടെ പുത്രൻ; നഗ്ഗയി മയാതിന്റെ പുത്രൻ മയാത്, മത്തഥ്യൊാസിന്റെ പുത്രൻ; മത്താഥ്യൊാസ്, ശെയമിന്റെ പുത്രൻ; ശെയമിൻ, യോസേകിന്റെ പുത്രൻ, യോസേക് യോദായുടെ പുത്രൻ, യോദാ, യോഹാന്നാന്റെ പുത്രൻ, യോഹന്നാൻ, റേസായുടെ പുത്രൻ; റേസാ, സെറൂബ്ബാബെലിന്റെ പുത്രൻ; സെറുബ്ബാബെൻ, ശെയൻത്തീയെലിന്റെ പുത്രൻ, ശെയൻത്തീയെൻ, നേറിയുടെ പുത്രൻ; നേറീ, മെൽഖീയുടെ പുത്രൻ; മെൽഖീ, അദ്ദിയുടെ പുത്രൻ; അദ്ദി, കേസാമിന്റെ പുത്രൻ; കോസാം, എൻമദാമിന്റെ പുത്രൻ; എൻമദാ, ഏറിന്റെ പുത്രൻ; ഏർ, യേശുവായുടെ പുത്രൻ; യേശുവാ, എല്യേസറിന്റെ പുത്രൻ; എല്യേസർ, യോറീമിന്റെ പുത്രൻ; യോറീം, മത്ഥാതിന്റെ പുത്രൻ; മത്ഥാത്, ലേപിയുടെ പുത്രൻ; ലേവി, ശിമയോന്റെ പുത്രൻ; ശിമെയോൻ, യഹൂദായുടെ പുത്രൻ;

യഹൂദ, യോസേഫിന്റെ പുത്രൻ, യോസേഫ്, യോനാമിന്റെ പുത്രൻ; യോനാം, എല്യാകീമിന്റെ പുത്രൻ എല്യാകീം, മെല്യായുടെ പുത്രൻ; മെല്യാം, മെന്നായുടെ പുത്രൻ; മെന്ന്യാം, മത്താഥയുടെ പുത്രൻ; മത്താഥ, താതാന്റെ പുത്രൻ; താതാൻ, ദാവീദിന്റെ പുത്രൻ; ദാവീദ്, യിശ്ശായിയുടെ പുത്രൻ; യിശ്ശായി, ഓബേദിന്റെ പുത്രൻ; ഓബേദ്, ബോവസിന്റെ പുത്രൻ; ബോവസ്, സാലായുടെ പുത്രൻ; സാലാ; നഹ്ശോന്റെ പുത്രൻ; നഹ്ശോൻ, അമ്മീനാദാബിന്റെ പുത്രൻ; അമ്മീനാബാദ്, അദ്മിന്റെ പുത്രൻ; അദ്മിൻ, അർനീയുടെ പുത്രൻ; അർനീ, ഹെസ്രോന്റെ പുത്രൻ; ഹെസ്രോൻ; പെറെസിന്റെ പുത്രൻ; പെറെസ്, യഹൂദായുടെ പുത്രൻ, യഹൂദാ, യാക്കോബിന്റെ പുത്രൻ; യാക്കോബ്, ഇസഹാക്കിന്റെ പുത്രൻ; ഇസഹാക്ക്, അബ്രഹാമിന്റെ പുത്രൻ; അബ്രഹാം, തേരഹിന്റെ പുത്രൻ; തേരഹ്, നാഹോറിന്റെ പുത്രൻ; നാഹോർ, സെറൂഗിന്റെ പുത്രൻ; സെറൂഗ്, റെയൂവിന്റെ പുത്രൻ; റെയു, പെലെഗിന്റെ പുത്രൻ പെലെഗ്, ഏബെറിന്റെ പുത്രൻ; ഏബെർ, ശേലായുടെ പുത്രൻ; ശേലാ, കയ്നാന്റെ പുത്രൻ; കയ്നാൻ, അർഫക് സാദിന്റെ പുത്രൻ; അർഫക്സാദ്, ശേമിന്റെ പുത്രൻ; ശേം, നോഹിന്റെ പുത്രൻ; നോഹ്, ലാമെക്കിന്റെ പുത്രൻ; ലാമെക്ക്, മെഥൂശലഹിന്റെ പുത്രൻ; മെഥൂശലഹ് ഹനോകിന്റെ പുത്രൻ; ഹനോക്, യാറെദിന്റെ പുത്രൻ, യാറെദ്, മഹലലേലിന്റെ പുത്രൻ; മഹലലേൽ, കയ്നാന്റെ പുത്രൻ; കയ്നാൻ, ഏനോശിന്റെ പുത്രൻ; ഏനോശ് ശേതിന്റെ പുത്രൻ; ശേത്, ആദാമിന്റെ പുത്രൻ; ആദാം, ദൈവത്തിന്റെ പുത്രൻ (ലൂക്കോസ് 3:23–38)

മത്തായിയും, ലൂക്കോസു മാത്രമാണ് ഈ വംശാവലി അവതരിപ്പിക്കുകയും അത് യേശുവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നത്. മാർക്കോസും, യോഹന്നാനും യേശുവിന്റെ വംശാവലിയെ പറ്റി മൗനം പാലിക്കുകയാണ്. മത്തായിയും ലൂക്കോസും പറയുന്നത് യേശു ദാവീദിന്റെ പുത്രപരമ്പരയിലെ സന്താനമാണെന്നാണ്. അതിലുപരിയായി എബ്രഹാമിനും യേശുവിനുമിടയിലുള്ള നാൽപത് തലുറകൾ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. മത്തായിയുടെ (1:17) സുവിശേഷപ്രകാരം നാൽപത്തിരണ്ട് തലമുറകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തലമുറകളുടെ നാൽപത് എന്ന എണ്ണത്തിന് പ്രത്യേകമായൊരു പ്രാധാന്യമുണ്ട്. ഈ എണ്ണം തികക്കാനാണ് യഥാർത്ഥ വംശാവലിയിൽ നിന്നും ചില പേരുകൾ മാറ്റിയത്. ഉദാഹരണത്തിന് അഹസ്വാഹ് ജോഷ്യ, അമാസിയ എന്നീ നാമങ്ങൾ മത്തായിയുടെ വംശാവലിയിൽ പ്രതിപാദിക്കപ്പെട്ടിട്ടില്ല. എന്നാൽ ബൈബിൾ പഴയനിയമപ്രകാരം അഹസ്വാഹ്യെ റോമിന്റെ പുത്രനാണ്.

'അയാളുടെ പുത്രൻ യെറൊം അയാളുടെ പുത്രൻ അഹസ്വാഹ് അയാളുടെ പുത്രൻ ജോഷ്യാ അയാളുടെ പുത്രൻ അമസ്യാ, അയാളുടെ പുത്രൻ അഹാസ് (1 ദിനവൃത്താന്തം 3:11–12)

എന്നാൽ മത്തായിയുടെ വംശാവലിപ്രകാരം യെറോമിന്റെ പുത്രന്റെ പേര് ഉസ്സിയ്യാ എന്നാണ്.

പഴയനിയമത്തിലും പുതിയനിയമത്തിലും പ്രതിപാദിക്കപ്പെട്ട വംശാവലിയിലെ പരസ്പരവൈരുദ്ധ്യങ്ങൾക്ക് ഇനിയും ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. പ്രത്യേകിച്ച് മത്തായിയുടെ സുവിശേഷത്തിൽ

പഴയനിയമപ്രകാരം യേകോന്യായുടെ പുത്രനായ പെദായായുടെ പുത്രനാണ് സെറുബ്ബാബെൽ.

'ബന്ധനസ്ഥനായ യെകോന്യായുടെ പുത്രന്മാർ: അയാളുടെ പുത്രൻ ശെയൻത്തിയേൻ മൽക്കീറാം, പെദായാ, ശെനസ്സർ, യെകെമിയാ, ഹോശാമാ, നെദബ്യാ പെദായായുടെ പുത്രന്മാർ, സെറുബ്ബാബെൽ, ശിമെയി (1 ദിനവൃത്താന്തങ്ങൾ 3;17–19).

എന്നാൽ മത്തായിയുടെ സുവിശേഷപ്രകാരം സെറുബ്ബാ ബെൽ ശെയൽത്തീയയുടെ മകനാണ്. അദ്ദേഹമാകട്ടെ യെവൊന്യായുടെ പുത്രനുമാണ്.

പഴയനിയമപ്രകാരം

ഫറവോനായ നെകോ യോശിയായുടെ പുത്രനായ എല്യാക്രീമിനെ അയാളുടെ പിതാവ്യ യോശിയായുടെ സ്ഥാനത്തു രാജാവാക്കി (2 രാജാ 23:34)

എന്നാൽ മത്തായി എഴുതുന്നു:

ബാബിലോൺ പ്രവാസകാലത്ത് ജനിച്ച യെവൊന്യായുടെയും സഹോദരന്മാരുടെയും പിതാവ്; യെഖൊന്യാ, ബാബിലോൺ പ്രവാസാരംഭത്തിനു ശേഷം ജനിച്ച ശെയൽത്തീയെലിന്റെ പിതാവ്; ശെയൽ ത്തീയെൽ, സെറുബ്ബാബെലിന്റെ പിതാവ്; സെറൂബാബെൽ, അബിയൂദിന്റെ പിതാവ്; അബിയൂദ്, എല്യാക്കീമിന്റെ പിതാവ്;.... (മത്തായി 1;11–13)

പഴയനിയമത്തിലെ വംശാവലി ശരിയാണെങ്കിൽ മത്തായി ചില തലമുറകളെ അതിൽ കൂട്ടിചേർക്കുകയാണുണ്ടായത്. അതുപോലെ അബ്രഹാമിന് ശേഷം യേശുവിലേക്ക് നാൽപത് തലമുറയാണ് നാം മത്തായിയുടെ സുവിശേഷത്തിൽ കാണുന്നത്. എന്നാൽ ലൂക്കോസിൽ ഇത് അൻപത്തിയഞ്ചാണ്. ഒന്നുകിൽ മത്തായി വളരെ വ്യക്തമായി പതിനഞ്ച് തലമുറകളെ ഒഴിവാക്കിയിട്ടുണ്ടാകാം അല്ലെങ്കിൽ ലൂക്കോസ് പതിനഞ്ച് തലമുറകളെ കൂട്ടിചേർത്തിട്ടുണ്ടാകാം.

രണ്ട് വംശാവലികൾ തമ്മിലുള്ള മറ്റൊരു ഗുരുതരമായ വ്യത്യാ സം എന്തെന്നാൽ മത്തായിയുടെ സുവിശേഷപ്രകാരം യേശു. ദാവീദിന്റെ മകനായ സോളമന്റെ പരമ്പരയിലാണ്. എന്നാൽ ലൂക്കോസിന്റെ ഗണനപ്രകാരം ദാവീദിന്റെ രണ്ടാമത്തെ മകനായ നാഥാന്റെ പരമ്പരയിലാണ്. യേശു ദാവീദിന്റെ ഏത് മകനാണ് മസീഹിന്റെ പൂർവ്വിക പിതാവാകുക എന്നതിനെ സംബന്ധിച്ച് യഹൂദികൾക്കിടയിൽ തന്നെ തർക്കമുണ്ട്. ചിലർ അത് സോളമന്റെ പുത്രപരമ്പരയിലാണെന്ന് പറയുന്നു. ചിലർ അത്

ദാവീദിന്റെ മറ്റു പുത്രന്മാരുടെ പരമ്പരയിലാണെന്നും പറയുന്നു.

മേൽ കൊടുത്ത വിശകലനങ്ങളിൽ നിന്നും യേശുവിന്റെ രണ്ട് വംശാവലി പട്ടികയിലും പലതരത്തിലുള്ള വ്യത്യാസങ്ങളുമുണ്ട് എന്ന് മനസ്സിലാവുന്നു. ഈ പരസ്പര വൈരുദ്ധ്യങ്ങൾ ഇപ്പോഴും നിലനില്ക്കുന്നു. വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ ദാവീദിന്റെ വംശപരമ്പരയിൽനിന്നുള്ള ആളായിരിക്കും എന്നാണ് യഹൂദികൾ വിശ്വസിച്ചുപോന്നിരുന്നത്. അതുകൊണ്ടായിരിക്കാം യേശുവും ദാവീദുമായി ബന്ധിക്കുന്ന ഈ വംശാവലി പട്ടിക സുവിശേഷത്തിൽ കയറിപ്പറ്റിയത്.

'യിശ്ശായിയുടെ കുറ്റിയിൽ നിന്നും ഒരു മുളപൊട്ടും, അയാളുടെ വേരുകളിൽ നിന്ന് ഒരു ശിഖരം മുളച്ചുപൊന്തും' (യെശയ്യാ 11:11)

'ഇതാ ദാവീദിന് നീതിയാർന്ന ഒരു മുള ഉദ്ഭവിക്കുന്ന ദിനങ്ങൾ വരുന്നു. കർത്താവാണ് ഇത് അരുൾ ചെയ്യുന്നത്.' (യിരെമ്യാ 25:5).

'കർത്താവു ദാവീദിനോട് ഒരു ദൃഢപ്രതിജ്ഞ ചെയ്തു . അതിൽ നിന്ന് അവൻ പിന്തിരിയുകയില്ല. നിന്റെ ഔരസപുത്രൻ ഒരുവനെ നിന്റെ സിംഹാസനത്തിൽ ഞാൻ ഇരുത്തും' (സങ്കീ: 132:11).

എന്തായിരുന്നാലും ബൈബിളിൽ വിവരിക്കപ്പെട്ട രണ്ട് വംശാവലിയിൽ നിന്നുള്ള വ്യത്യാസത്തിൽ നിന്നും പരസ്പര വൈരുദ്ധ്യങ്ങളിൽ നിന്നുമാണ് പ്രശ്നം ഉയർന്നുവരുന്നത്. 'ജീസസ് ക്രൈസ്റ്റ്' എന്ന ശീർഷകത്തിൽ ഓക്സ്ഫോർഡ് ജൂനിയർ എൻസൈക്ലോപീഡിയ യേശുവിന്റെ വംശാവലിയെ കുറിച്ചു ബൈബിൾ സുവിശേഷങ്ങളിൽ രണ്ട് വിരുദ്ധമായ കാഴ്ചപാടുകളുണ്ടെന്ന് പറയുന്നു. ഒരു വീക്ഷണപ്രകാരം അദ്ദേഹം മറിയമിന്റേയം ജോസഫിന്റേയും പുത്രനാണെന്ന് പറയുന്നു. അദ്ദേഹത്തി ന്റെ പിതൃപരമ്പര ദാവീദിന്റെ രാജപരമ്പരയിൽ നിന്നുള്ളതാണെന്നും പറയുന്നു. മറ്റൊരു വീക്ഷണത്തിൽ യേശു പിതാവില്ലാത്ത കന്യകയുടെ പുത്രനാണെന്നും പറയുന്നു.

യഹൂദികളിൽ ഭൂരിപക്ഷത്തിന്റേയും ദൃഢവിശ്വാസം മിശിഹാ ദാവീദിന്റെ സന്തതിപരമ്പരയിൽ നിന്നുള്ളയാളായിരിക്കണമെന്നായിരുന്നു. സുവിശേഷങ്ങൾ യേശുവിന്റെ പിതൃപരമ്പര ജോസഫിലൂടെ ദാവീദിലേക്ക് ബന്ധിപ്പിക്കാനാണ് നോക്കുന്നത്.

പീക്സ് കമന്ററിയിൽ പ്രൊഫ: എ.ജെ. ഗ്യൂ രേഖപ്പെടുത്തിയ അഭിപ്രായപ്രകാരം ദാവീദിന്റെ വംശപരമ്പരയിൽ ജനിക്കാത്തതിനാൽ യേശു മിശിഹാ അല്ല എന്ന യഹൂദികളുടെ എതിർവാദത്തോടുള്ള പ്രതികരണം എന്ന നിലക്കാണ് ഈ വംശാവലികൾ തയ്യാർ ചെയ്ത് സുവിശേഷത്തിൽ ചേർത്തിരിക്കുന്നത് എന്നാണ്. (Peales commentary - P 701) യേശുവിനെ യഹുദികൾക്ക് സ്വീകാര്യനാക്കാൻ വേണ്ടി തയ്യാറാക്കിയ ഈ വംശാവലി പട്ടിക തെറ്റാണ്.

നാലാം നൂറ്റാണ്ടിൽ ജീവിച്ച ബിഷപ്പ് എപ്പിഫാനിയൂസ് എഴുതുന്നത് ക്രിസ്തുവിന് ശേഷം എളിമയാർന്നവർ എന്ന അർത്ഥമുള്ള എബിയോണികൾ എന്ന ജൂതവംശജരായ ക്രിസ്ത്യാനികൾ മത്തായിയുടേയും ലൂക്കോസിന്റെയും വംശാവലിപ്പട്ടിക അംഗീകരിച്ചിരുന്നില്ല. അവർ അതിനെ നിരാകരിക്കുകയാണുണ്ടായത്. അവരുടെ വീക്ഷണപ്രകാരം വംശാവലിപ്പട്ടികയിൽ മാറ്റിത്തിരുത്തലുകളും കൈകടത്തലുകളുമുണ്ടായിട്ടുണ്ട് എന്നാണ്. മത്തായിയുടെ ഒറിജിനൽ സുവിശേഷത്തിന്റെ പ്രതി അവരുടെ അധീനത്തിലുണ്ടായിരുന്നു എന്ന് അവർ വാദിച്ചിരുന്നു.

വിശുദ്ധ ഖുർആനും സുവിശേഷങ്ങളും ഒരുപോലെ യേശു പിതാവില്ലാതെയാണ് ജനിച്ചതെന്ന കാര്യത്തിൽ യോജിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു.

"ഗ്രന്ഥാനുസാരികളേ, നിങ്ങൾ നിങ്ങളുടെ മതകാര്യത്തിൽ അമിതത്വം പ്രവർത്തിക്കരുത്. അല്ലാഹുവിനെ സംബന്ധിച്ച് സത്യമല്ലാതെ നിങ്ങൾ പറയുകയുമരുത്. നിശ്ചയമായും മറിയമിന്റെ പുത്രൻ ഈസാ മസീഹ് അല്ലാഹുവിന്റെ ദൂതനും മർയമിന് അവൻ ഇറക്കിക്കൊടുത്ത വചനത്തിന്റെ (സാക്ഷാത്കാരവും) അവന്റെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും മാത്രമാണ് (4:172).

## യേശുവിന്റെ കുടുംബത്തെ പറ്റി വിശുദ്ധ ഖുർആൻ

ഖുർആന്റെ വിവരണപ്രകാരം മറിയയും അവരുടെ മാതാവും ഇംറാന്റെ കുടുംബത്തിൽപ്പെട്ടവരാണ്. യേശു പിതാവില്ലാതെയാണ് ജനിച്ചത് കാരണം 'മറിയമിന്റെ മകൻ' എന്നാണ് വിളിക്കപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ കുടുംബം അദ്ദേഹത്തിന്റെ മാതാവിന്റെ കുടുംബമാണ്. വിശുദ്ധ ഖുർആൻ സൂറ: ആലു ഇംറാനിലാണ് അദ്ദേഹത്തെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ഒരു ദാസനാണെന്ന് ആദ്യമായി പരാമർശിക്കുന്നത്. അതിനുശേഷം അദ്ദേഹത്തിന്റെ മാതാവിനെ 'ഇംറഅത്തി ഇംറാൻ' അഥവാ ഇംറാൻ കുടുംബത്തിൽ നിന്നുള്ള ഒരു സ്ത്രീ എന്നുമാണ് വിശേഷിപ്പിക്കുന്നത്. അവസാനമായി മറിയയുടേയും, യഹ്യായുടേയും യേശുവിന്റേയും ജനനത്തെപ്പറ്റിയും വിവരിക്കുന്നു. ഈ വിവരണത്തിൽ അവരെല്ലാം തന്നെ ഇംറാൻ കുടുംബത്തിലെ പരമ്പരകളിൽപ്പെട്ടവരാണെന്ന് പറയുന്നു. ഖുർആൻ പറയുന്നു.

"നിശ്ചയമായും അല്ലാഹു ആദമിനേയും നൂഹിനേയും ഇബ്റാഹിമിന്റെ കുടുംബത്തേയും ഇംറാന്റെ കുടുംബത്തേയും മുഴുവൻ ലോകരിൽ വെച്ച് ഉൽകൃഷ്ടരായി തിരഞ്ഞെടുത്തിരിക്കുന്നു. ഒരു തലമുറ മറ്റേ തലമുറയുമായി ബന്ധപ്പെട്ട നിലയിൽ (അല്ലാഹു അവർക്ക് ശ്രേഷ്ഠത നൽകിയിരിക്കുന്നു) അല്ലാഹു എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു. ഇംറാന്റെ ഭാര്യപറഞ്ഞ സന്ദർഭം: നാഥാ എന്റെ വയറ്റിലുള്ള കുട്ടിയെ സ്വതന്ത്രമാക്കിക്കൊണ്ട് നിനക്കു വേണ്ടി ഞാൻ നേർച്ചയാക്കിയിരിക്കുന്നു. അതുകൊണ്ട് എന്നിൽ

നിന്ന് നീ അത് സ്വീകരിക്കേണമേ! എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനും നീ തന്നെയാണ്. പിന്നീട് അവൾ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: 'എന്റെ നാഥാ ഞാൻ പ്രസവിച്ചത് പെൺകുഞ്ഞാണ്. വാസ്തവത്തിൽ അവൾ പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും അറിയുന്നവനാണ്. ആൺകുഞ്ഞ് പെൺകുഞ്ഞിനെ പോലെയല്ലല്ലോ. ഞാൻ അവൾക്ക് മറിയം എന്ന നാമകരണം ചെയ്തിരിക്കുന്നു. അവളെയും അവളുടെ സന്തതികളേയും ശപിക്കപ്പെട്ട പിശാചിന്റെ (ഉപദ്രവത്തിൽ നിന്നും രക്ഷിക്കുവാനായി) ഞാൻ നിന്നെ അഭയം പ്രാപിക്കുന്നു (3:34-37)

സൂറ: അതഹ്‌രീമിൽ മറിയം ഇംറാന്റെ പുത്രിയാണെന്നും ദൈവഭക്തയാണെന്നും വ്യക്തമായി പറയുന്നു. സൂറ: അൽമായിദയിലും ആലു ഇംറാനിലും മറിയമിനെ പരിശുദ്ധയും സത്യസന്ധയുമായിട്ടാണ് വിവരിച്ചിരിക്കുന്നത്.

"ഇംറാന്റെ പുത്രി മർയമിനേയും (അല്ലാഹു സത്യവിശ്വാസികൾക്ക് ഒരു മാതൃകയാക്കി എടുത്തു കാണിക്കുന്നു) അവൾ തന്റെ ചാരിത്ര്യം കാത്തു സൂക്ഷിക്കുകയുണ്ടായി. അപ്പോൾ നാം അവനിൽ (ചാരിത്ര്യം കാത്തുസൂക്ഷിച്ച മർയമിനോട് താദാത്മ്യം പ്രാപിച്ച സത്യവിശ്വാസി) നമ്മുടെ വചനമിറക്കി. അവൾ തന്റെ നാഥന്റെ വചനങ്ങളേയും ഗ്രന്ഥങ്ങളേയും സത്യപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവിനോട് പരിപൂർണ്ണ അനുസരണം പുലർത്തുന്നവളിൽ ഉൾപ്പെട്ടവരായിരുന്നു അവൾ (67:13)

'മസീഹുബ്നു മറിയം ഒരു ദൈവപുത്രൻ മാത്രമാണ് (അദ്ദേഹത്തെ പോലുള്ള) ദൈവദൂതന്മാർ അദ്ദേഹത്തിനു മുമ്പ് കാലഗതി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ മാതാവ് മഹാസത്യവതിയാണ്. അവർ രണ്ടുപേരും ആഹാരം കഴിക്കാറുണ്ടായിരുന്നു. നോക്കുക. അവരുടെ നന്മക്കുവേണ്ടി. അങ്ങനെയാണ് നാം തെളിവുകൾ വിവരിച്ചുകൊടുക്കുന്നത്. എന്നിട്ടും അവർ എങ്ങിനെയാണ് പിന്തിരിഞ്ഞു കളയുന്നതെന്ന് നോക്കുക (5:76).

'മലക്കുകൾ പറഞ്ഞ സന്ദർഭം (ഓർക്കുക) ഓ മർയം, അല്ലാഹു നിന്നെ വരിഷ്ഠയും പവിത്രയുമാക്കുകയും മുഴുലോകത്തുമുള്ള വനിതകളിൽ വെച്ച് നിന്നെ ഉൽകൃഷ്ടയായി തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു. ഓ മറിയം! നിന്റെ നാഥന് നീ വഴിപ്പെട്ട് ജീവിക്കുകയും സാഷ്ടാംഗം പ്രണമിക്കുകയും ഏകദൈവത്തെ മാത്രം ആരാധിക്കുന്നവരോടൊപ്പം ആരാധിക്കുകയും ചെയ്യുക' (3:43, 44).

മേൽവിവരിച്ച ഖുർആൻ സൂക്തങ്ങളിൽ നിന്നും രണ്ട് കാര്യങ്ങൾ വെളിപ്പെടുന്നു. ഒന്നാമത്തേത് മറിയം ഇംമ്രാൻ കുടുംബത്തിലെ സന്തതിയാണ്. രണ്ടാമത് അവർ അതീവ സാത്വികയും ദൈവവചനങ്ങൾ പാലിക്കുന്നവളും അനുസരണശീലയും ആത്മീയമായി ഉന്നത പദവിയിലുള്ള സ്ത്രീരത്നവുമാണ്.

യേശുവും യഹ്‌യയും തമ്മിലുള്ള ബന്ധത്തെപറ്റി ബുഖാരിയിലെ ഒരു ഹദീസിൽ വിവരിക്കപ്പെട്ടത് ഇപ്രകാരമാണ്.

'അവർ യഹ്‌യയും ഈസയും മാതൃസഹോദരി പുത്രന്മാരാണ്.' (ബുഖാരി - ബാബുൽ മിഅ്‌റാജ്)

മുസ്‌ലിം ചരിത്രകാരന്മാരുടെ അഭിപ്രായപ്രകാരം സകരിയ്യ (അ) മറിയയുടെ രക്ഷാധികാരിയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ എലിസബത്തും മറിയയുടെ മാതാവ് ഹന്ന യും സഹോദരിമാരായിരുന്നു. മാതാവിന്റെ, സഹോദരിയുടെ സ്ഥാനം മാതാവിന്റേത് തന്നെയാണല്ലോ. (ഫതഹുൽബാരി - വോ 4 - പേ - 364).

അതിനാൽ യഹ്‌യ (അ) യേശു (അ)വിന്റെ മാതാവ് വഴിയുള്ള സഹോദരനാണ്. ഖുർആന്റേയും ഹദീസിന്റേയും ഈ തെളിവുകളുടെ അടിസ്ഥാനത്തിൽ യേശുവും തന്റെ മാതാവും ഇംറാൻ കുടുംബപരമ്പരയിലെ അംഗമാണെന്ന് മനസ്സിലാക്കാം.

മറിയം ദൈവത്തോട് അനുസരണമുള്ളവളും അതീവ സാത്വികയും, ആത്മീയമായി അക്കാലത്തെ എല്ലാ സ്ത്രീകളേക്കാൾ ഉയർന്ന നിലയിലുള്ളവളുമായി ഇരുന്നു. ചോദ്യമിതാണ്. എന്തുകൊണ്ട് ഖുർആൻ അവരെപറ്റി ഇത്ര വിശദമായ ഒരു പരാമർശം നടത്തി? ഈ ചോദ്യത്തിന് ഉത്തരം പറയുന്നതിന് മുമ്പ് അഹ്‌മദിയ്യാ ജമാഅത്തിന്റെ സ്ഥാപകനായ ഹദ്റത്ത് അഹ്‌മദ് (അ) ബറാഹീനെ അഹ്‌മദിയ്യായിൽ അത് സംബന്ധമായി ഉന്നയിച്ച ഒരു തത്ത്വം വിശദീകരിക്കാനാഗ്രഹിക്കുന്നു. അദ്ദേഹം എഴുതുന്നു:

യഹൂദന്മാരുടേയും ക്രിസ്ത്യാനികളുടേയും തെറ്റായ സിദ്ധാന്തങ്ങൾ വിപാടനം ചെയ്യാനും അവർ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുവാനുമാണ് വിശുദ്ധ ഖുർആൻ അവതരിച്ചത് എന്ന കാര്യം നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. യഹൂദികളേയും ക്രിസ്ത്യാനികളേയും സംബന്ധിക്കുന്ന ഏതൊരു വചനവും വ്യാഖ്യാനിക്കുന്നതിന് മുമ്പായി യഹൂദികളും ക്രിസ്ത്യാനികളും തമ്മിലുള്ള ഏത് തർക്കത്തിനാണ് ഖുർആൻ ഉത്തരം കാണാൻ ഉദ്ദേശിക്കുന്നതെന്ന് നാം വിശകലനം ചെയ്യേണ്ടതുണ്ട്. (ബറാഹീനെ അഹ്‌മദിയ്യ. ■

(21 -ാം പേജിൽ നിന്ന് തുടർച്ച)

കും. അതിന്നെതിരായി ഇസ്രായീലിനെ സഹായിക്കാൻ റഷ്യയ്ക്കു സാദ്ധ്യമല്ല, അമേരിക്കക്കും സാദ്ധ്യമല്ല".

(ഇസ്‌ലാമിന്റെ വിജയം സുനിശ്ചിതവും ഖണ്ഡിതവുമാണ്. അതു ഈ കാലഘട്ടത്തിന്റെ വാഗ്ദത്തമത്രെ. ഹദ്റത്ത് മുസ്‌ലിഹ്‌മൗഊദ് പറയുന്നു):

''ഇസ്‌ലാമിന്റെ അഭിവൃദ്ധി ദൈവം വിധിച്ചുപോയിട്ടുള്ള കാര്യമത്രെ. ഇസ്‌ലാം മുന്നോട്ടു മുന്നോട്ടു കാൽവെച്ചുകൊണ്ടിരിക്കും. വിജയം ഇനി ഇസ്‌ലാമിന്റെ ഊഴമാണ്. കുഫ്റിന്റെ വിജയ കാലം കഴിഞ്ഞുപോയി " ('അൽഫസൽ' 28-12-'48). ■

ലേഖനം

വിശുദ്ധ ഖുർആനും സമുദ്ര ശാസ്ത്രവും

# സമുദ്രവും കപ്പലുകളും

## ഏ എം. മുഹമ്മദ് സലിം

### സമുദ്രത്തിൽ സഞ്ചരിക്കുന്ന കപ്പലുകൾ ദൈവാനുഗ്രഹത്തിന്റെ പരസ്യപലകകളാണ്

***നിങ്ങൾക്ക് സമുദ്രത്തെ അധീനപ്പെടുത്തിയവനത്രെ അല്ലാഹു, അവന്റെ കല്പന പ്രകാരം അതിൽ കപ്പലുകൾ സഞ്ചരിക്കുന്നതിനും അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങളന്വേഷിച്ച് സമ്പാദിക്കുന്നതിനും നിങ്ങൾ നന്ദി കാണിക്കുന്നതിനും വേണ്ടി (45:13) സമുദ്രത്തിൽ സഞ്ചരിക്കേണ്ടതിന് അവൻ നിങ്ങൾക്ക് കപ്പലുകളെ വിധേയമാക്കിത്തരികയും ചെയ്തിരിക്കുന്നു (14:33)***

ചക്രവാള സീമകളോളം പരന്ന് കിടക്കുന്ന അപാരമായ ജലപരപ്പ് ആവഹിച്ചുകൊണ്ട് ശാന്തഗംഭീരമായി നിൽക്കുന്ന സമുദ്രം പുരാതന മനുഷ്യനു മുമ്പിൽ തീർച്ചയായും ഭയം ജനിപ്പിച്ചിരിക്കണം. എങ്കിലും ചരിത്രാതീത കാലം മുതൽക്കുതന്നെ സമുദ്രം താണ്ടിക്കടക്കാനുള്ള ശ്രമം മനുഷ്യൻ ആരംഭിച്ചതായി കാണാം. സഞ്ചാരത്തിനും വിഭവങ്ങൾ കൊണ്ടുപോവാനും കടലിലെ വിഭവങ്ങൾ അന്വേഷിക്കാനും മനുഷ്യൻ പണ്ടു മുതൽക്കേ ജലയാനങ്ങൾ ഉപയോഗിച്ചിരുന്നു. പരസ്പരം കൂട്ടിക്കെട്ടിയ മരത്തടികൾ കൊണ്ടുള്ള ചങ്ങാടങ്ങളായിരുന്നു (Raft) പുരാതന മനുഷ്യൻ ഉപയോഗിച്ചിരുന്നത്. പിന്നീട് മരത്തടികൾ ചെത്തിക്കുഴിച്ചുണ്ടാക്കിയ കുഴിവള്ളങ്ങളി (Dug outs) ലേക്ക് അവ പുരോഗമിച്ചു. പിൽക്കാലത്ത് കപ്പൽ ഡിസൈനിങ്ങിലുണ്ടായ അടിസ്ഥാന പുരോഗതി കപ്പലിന്റെ ചട്ടക്കൂടും (keel) പാഴ്മരവും (Stern post) ഉള്ള ഒരു ഘടനയിലേക്ക് വഴിമാറി. ആധുനിക കാലത്തെ കപ്പൽ നിർമ്മാണത്തിന്റെ അടിസ്ഥാനവും ഇത് തന്നെയാണ്. കപ്പൽ നിർമ്മാണ കലയിൽ ദൈവം മനുഷ്യനെ ബോധനം നൽകി സഹായിച്ചതായി ഖുർആനും ബൈബിളും സൂചിപ്പിക്കുന്നു. ഭൗതിക രംഗത്തെ പല കണ്ടു പിടുത്തങ്ങൾക്കും പിന്നിൽ മനുഷ്യന് ആകസ്മികമായി ലഭിച്ച അദൃശ്യജ്ഞാനങ്ങളുടെ പ്രേരണയുള്ളതായി കണ്ടുപിടിത്തങ്ങളുടെ ചരിത്രം പറയുന്നു. മനഷ്യ നന്മക്കായി ഒരാൾ സ്വയം സമർപ്പിതനായി നടത്തുന്ന യത്നത്തെ ദൈവം സഹായിക്കുന്നു എന്നാണിതിനർത്ഥം. ഗവേഷകനുണ്ടാകുന്ന സ്വപ്നങ്ങൾ, അന്തർപ്രചോദനങ്ങൾ, ആത്മബോധനങ്ങൾ, തോന്നലുകൾ ആകസ്മിക സംഭവങ്ങൾ മുതലായവയെല്ലാം ദൈവത്തിന്റെ അദൃശ്യഹസ്തങ്ങളുടെ സഹായങ്ങളായും വഴിത്തിരിവുകളായും കരുതാം. ഇത്തരം യാദൃശ്ചികതകളെ ശാസ്ത്രീയ ലോകം Serendipity എന്നാണ് പറയുന്നത്.

## നൂഹ് നബി(അ)യുടെ കപ്പൽ

പ്രളയത്തെ അതിജീവിക്കാൻ ഒരു നിശ്ചിത ഡിസൈനിംങ്ങ് പ്രകാരം ആദ്യമായി കപ്പൽ നിർമ്മിച്ച നൂഹ് നബിയെ കുറിച്ച് അഥവാ നോഹയെ ക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നുണ്ട്. ഇത് സംബന്ധിച്ച വിശദീകരണം ബൈബിളിലും കാണാം. നോഹയുടെ ആ കപ്പൽ നിർമ്മാണം ദൈവിക ബോധനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന് ഈ രണ്ടു മതഗ്രന്ഥങ്ങളും ചൂണ്ടിക്കാട്ടുന്നു. അത്ഭുതകരമായിട്ടുള്ളത് നൂഹ് നബി (അ)യുടെ കപ്പൽ നിർമ്മാണത്തിന്റെ ഘടന തന്നെയാണ് ആധുനിക കപ്പൽ നിർമ്മാണത്തിന്റേയും അടിസ്ഥാനം. ഇത് സംബന്ധിച്ച് ഖുർആൻ പറയുന്നു:

***"അപ്പോൾ നാം അദ്ദേഹത്തിന് ദിവ്യ സന്ദേശം നൽകി ആ കപ്പൽ നമ്മുടെ കൺമുമ്പാകെയും നമ്മുടെ അറിവു പ്രകാരവും നിർമ്മിക്കുക. (23:28) തീർച്ചയായും നാം അതിനെ (പിൽക്കാല തലമുറക്ക്) ഒരു ദൃഷ്ടാന്തമായി വിട്ടിരിക്കുന്നു". (54:16).***

*ബൈബിൾ നോഹയുടെ കപ്പൽ നിർമ്മാണത്തെപറ്റി പറയുന്നു: 'നീ ഗോഫർ മരം കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കുക. പെട്ടകത്തിന് അറകൾ ഉണ്ടാക്കി അകത്തും പുറത്തും കീൽ തേക്കണം. പെട്ടകം നിർമ്മിക്കേണ്ടത് ഈ വിധമാണ്. അതിന്നു മുന്നൂറു മുഴം നീളവും അൻപതു മുഴം വീതിയും മുപ്പത് മുഴം ഉയരവും ഉണ്ടായിരിക്കണം. പെട്ടകത്തിന്റെ വശങ്ങളിൽ നിന്ന് ഒരു മുഴം തള്ളി ഉയരത്തിൽ ഒരു മേൽ പുര പണിയണം. വാതിൽ പെട്ടകത്തിന്റെ ഒരു വശത്തായിരിക്കണം. പെട്ടകത്തിന് ഒരു കീഴ്ത്തട്ടും രണ്ടാം തട്ടും മേൽത്തട്ടും വേണം.*

(ഉൽപത്തി 6:14–17).

ആധുനിക കപ്പലിന്റെ നിർമ്മാണ കലയിലെ അടിസ്ഥാനങ്ങൾ തന്നെയാണ് നൂഹ് നബി (അ) ദൈവ കല്പനയാൽ ഉണ്ടാക്കിയ കപ്പലിലുമുണ്ടായിരുന്നത്. മാത്രമല്ല, പിൽക്കാല തലമുറക്ക് ഇതൊരു ദൃഷ്ടാന്തമാക്കിയിരിക്കുന്നു എന്നും വിശുദ്ധ ഖുർആൻ പറയുന്നു.

ഒരു കപ്പലിനെ സംബന്ധിച്ചേടത്തോളം അതിന്റെ പ്രധാന ഭാഗം ഹൾ (Hull) ആണ്. കീലത്തെ മൂടിക്കൊണ്ടുള്ളതും വെള്ളത്തിനു മുകളിൽ സ്ഥിരമായി പൊങ്ങിക്കിടക്കുന്നതും ജലരുദ്ധമായി അടച്ചിരിക്കുന്നതും കനം കുറഞ്ഞ ഭിത്തിയോടു കൂടിയതുമായ ഒരു പാത്രമാണ് ഹൾ. ഇതിനകത്താണ് യന്ത്രങ്ങൾ, താമസ സൗകര്യങ്ങൾ, ചരക്കുകളും മറ്റു സാധനങ്ങളും സൂക്ഷിക്കാനുള്ള അറകൾ എന്നിവയുള്ളത്. കടലിൽ നേരിടേണ്ടി വരുന്ന എല്ലാ പ്രതികൂല സാഹചര്യങ്ങളേയും അതിജീവിക്കാനും ചെറുത്തു നിൽക്കാനുള്ള ശക്തിയും ഹളളിനുണ്ടായിരിക്കും. ഹളളിനെ കപ്പലിന്റെ ഉള്ളിൽ നിന്നും നിരവധി വേർതിരിക്കൽ ഭിത്തികൾ, അറകൾ ഗർഡറുകൾ എന്നിവ കൊണ്ട് ബലപ്പെടുത്തിയിരിക്കും. വെള്ളത്തിൽ കൂടി സഞ്ചരിക്കുമ്പോൾ വളരെ ആയാസരഹിതമായി സഞ്ചരിക്കാനും പ്രതിരോധം കൂടുതൽ കുറക്കാനും വേണ്ടി മീനിന്റെ ആകൃതിയുള്ള ഘടന (Streamline body) യും അടിഭാഗം മിനുസപ്പെടുത്തിയുമിരിക്കും. ഹളളിന്റെ മുന്നറ്റത്തെ ബോ (Bow) എന്നും പിന്നറ്റത്തിന് സ്റ്റേൺ (Stern) എന്നുമാണ് പറയുന്നത്. ഈ ലളിതമായ അടിസ്ഥാനത്തിലാണ് ഇന്നും കപ്പൽ നിർമ്മാണം നടക്കുന്നത്.

നൂഹ് നബിയുടെ കപ്പൽ പ്രളയാനന്തരം ഇറാക്കിലെ ജൂദി പർവ്വതത്തിൽ നിലയുറപ്പിച്ചുവെന്ന് വിശുദ്ധ ഖുർആനും തുർക്കിയിലെ അർമീനിയായിലെ അറാറാത്ത് മലയിലാണ് നിലയുറപ്പിച്ചതെന്ന് ബൈബിളും വാദിക്കുന്നു. അറാറാത്ത് മലയിലാണ് എന്ന് സ്ഥാപിക്കാൻ കൊണ്ടുപിടിച്ച ശ്രമമുണ്ടെങ്കിലും തെളിവുകൾ ജൂദി മലയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

## സുലൈമാൻ നബിയുടെ (അ) കപ്പലോട്ടം

ഖുർആൻ വിവരിക്കുന്ന മറ്റൊരു പ്രാചീന കപ്പൽ വിവരണം സുലൈമാൻ നബി (അ) യെ പറ്റിയാണ്. വലിയൊരു കപ്പൽ സമൂഹം കൊണ്ട് സമ്പന്നനായ ഒരു ഭരണാധികാരിയായിരുന്നു സുലൈമാൻ നബി (അ). വാണിജ്യ കാറ്റുകളുടെ ഗതിയെപ്പറ്റി മനസ്സിലാക്കിയിരുന്ന അദ്ദേഹം അന്തർദേശീയ കപ്പൽ ഗതാഗതത്തെ പൂർണ്ണമായും പ്രയോജനപ്പെടുത്തി സമൃദ്ധി കൈവരിച്ചതായി ഖുർആനിൽ കാണാം.

***'നാം സുലൈമാന് ആഞ്ഞടിക്കുന്ന കാറ്റിനെ (അധീനപ്പെടുത്തിക്കൊടുത്തു) അത് അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ചു നാം അനുഗ്രഹിച്ച ഭൂമിയിലേക്ക് ചലിച്ചുകൊണ്ടിരുന്നു. എല്ലാ കാര്യങ്ങളെകുറിച്ചും നാം അറിവുള്ളവരായിരുന്നു'. (21:82) ' അങ്ങനെ നാം അദ്ദേഹത്തിന് കാറ്റ് അധീനപ്പെടുത്തിക്കൊടുത്തു. അദ്ദേഹത്തിന്റെ കൽപനയനുസരിച്ച് അദ്ദേഹം ഉദ്ദേശിക്കുന്നിടത്തേക്ക് ആ കാറ്റ് മന്ദം മന്ദം ചലിച്ചുകൊണ്ടിരുന്നു'.*** (38:37).

ഈ ഖുർആൻ വചനങ്ങളിലും രണ്ട് രീതിയിലുള്ള കാറ്റിനെ സുലൈമാൻ നബി (അ) പ്രയോജനപ്പെടുത്തിയതായി കാണാം. ആഞ്ഞടിക്കുന്ന കാറ്റ് (ആസിഫ) മന്ദമായി വീശുന്ന കാറ്റ് (റുഖാ) എന്നിവയാണ് ആ കാറ്റുകൾ. ഭൂമിയുടെ അയനചലനത്തിനനുസരിച്ചുണ്ടാകുന്ന ഋതുഭേദ കാലങ്ങളിൽ സ്ഥിരമായി വേഗത്തിൽ വീശുന്ന വാണിജ്യ വാതകങ്ങളും (Trade winds) അതിനെതിരെ മന്ദമായി വീശുന്ന ഡോൾഡ്രം (Dol Drum) എന്നറിയപ്പെടുന്ന കാറ്റുമാണെന്ന് കരുതാവുന്നതാണ്. പുരാതനകാലത്ത് ഈ കാറ്റിന്റെ ഗതി മനസ്സിലാക്കിയ സമൂഹങ്ങളാണ് അന്തർദേശീയ കപ്പൽ വ്യാപാരത്തിൽ വിജയിച്ചത്.

ഭൂമദ്ധ്യരേഖക്ക് തെക്കും വടക്കുമായി 30 ഡിഗ്രി മേഖലയിൽ സംഭവിക്കുന്ന സ്ഥിരമായ ദിശയിൽ വീശിയടിക്കുന്ന കാറ്റാണ് വാണിജ്യവാതകങ്ങൾ (Trade winds). കരകളെ അപേക്ഷിച്ച് കടലിൽ തടസ്സങ്ങളൊന്നുമില്ലാത്തതിനാൽ സമുദ്രത്തിനു മുകളിൽ സ്ഥിരവേഗത്തിലും കൃത്യതയോടെയും ഈ കാറ്റ് അടിച്ചു വീശുന്നു. ഭൂമദ്ധ്യ രേഖക്ക് ഇരുവശത്തും 30 ഡിഗ്രി അക്ഷാംശത്തിൽ ഉന്നത അന്തരീക്ഷ മർദ്ധമേഖലയിൽ നിന്നും (High pressure belt) ഭൂമദ്ധ്യരേഖക്കടുത്തുള്ള ന്യൂന്മർദ്ദ മേഖലയിലേക്ക് (low pressure belt) വീശുന്ന കാറ്റാണിത്. വാണിജ്യ വാതകങ്ങൾ ഭൂമിയുടെ ഭ്രമണം കാരണം തെക്ക് നിന്നും വടക്ക് നിന്നും നേർ ദിശയിൽ കാറ്റുകൾ ഭൂമദ്ധ്യരേഖയിലേക്കടിക്കില്ല. അതുകൊണ്ട് വടക്ക് ഭാഗത്ത് നിന്നും ഭൂമദ്ധ്യരേഖാ പ്രദേശത്തെ പടിഞ്ഞാറ് ഭാഗത്തേക്കാണ് സ്ഥിരവേഗത്തിൽ സ്ഥിരദിശയിൽ കാറ്റടിക്കുന്നത്. അത്പോലെ തന്നെ ഭൂമദ്ധ്യരേഖക്ക് മറുവശത്ത് ദിശയിലുള്ള (തെക്ക് വടക്ക്) ഭാഗത്തു നിന്നും അടിക്കുന്ന കാറ്റ് ഭൂമദ്ധ്യരേഖപ്രദേശത്ത് വെച്ച് ഏറ്റുമുട്ടി നിർവീര്യമാവുകയും വാണിജ്യവാതക ദിശക്ക് നേർ വിപരീത ദിശയിലേക്ക് കാറ്റ് മന്ദമായി വീശുകയും ചെയ്യുന്നു ഇതിനെയാണ് ഡോൾഡ്രം (Doldrum) കാറ്റുകൾ എന്ന് വിളിക്കുന്നത്. ഭൂമദ്ധ്യരേഖ പ്രദേശത്ത് കിഴക്കോട്ടേക്ക് മന്ദമായിട്ടാണ് ഈ കാറ്റ് വീശുക. കൃത്യമായി വീശുന്ന ഈ കാറ്റിന്റെ ദിശയാണ് പുരാതന കാലത്തെ കപ്പലോട്ടക്കാർ മനസ്സിലാക്കിയത്. ഈ കാറ്റിന്റെ ഗതി സുലൈമാൻ നബിക്ക് അറിയാമായിരുന്നു എന്നാണ് ഖുർആന്റെ സൂചന.

ബൈബിളിൽ അദ്ദേഹത്തിന്റെ കപ്പൽ സമൂഹത്തെപറ്റിയുള്ള പരാമർശം ഇങ്ങിനെയാണ് ***'രാജാവിന് (സോളമൻ) കടലിൽ ഹിറാമിന്റെ കപ്പൽ സമൂഹത്തോടൊപ്പം ഒരു തർശീശ് കപ്പൽ സമൂഹവും ഉണ്ടായിരുന്നു'.*** (രാജാ : 10:27) ഫലസ്തീൻ ഭരിച്ചിരുന്ന സുലൈമാൻ നബി (സ)

യുടെ അയൽ രാജ്യമായ ടയറിലെ (ഇന്നത്തെ ലെബനാൻ) രാജാവായിരുന്ന ഹിറാം. നാവിക രംഗത്ത് അദ്ദേഹവും പ്രഗത്ഭനായിരുന്നു. ബൈബിളിലെ മറ്റൊരു പരാമർശം ഇങ്ങനെയാണ്. ***'അവർ ഓഫീറിലേക്ക് ചെന്നു. അവിടെനിന്നും നാനൂറ്റിയിരുപത് താലന്ത് പൊന്ന് ശലമോൻ രാജാവിന്റെ അടുക്കൽ കൊണ്ടു വന്നു'*** (രാജ 1:9:28) ഇവിടെ പരാമർശിച്ച ഓഫീർ ഇന്ത്യയുടെ പശ്ചിമതീരത്തെ ഒരു തുറമുഖമാണെന്നും അത് കോഴിക്കോട്ടെ ബേപ്പൂർ ആണെന്നും ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഇസ്രയേൽ രാജാവായിരുന്ന സോളമൻ ചക്രവർത്തി കേരളവുമായി വാണിജ്യബന്ധം പുലർത്തിയതായി The History and culture of Indian people എന്ന ഗ്രന്ഥത്തിൽ R.C. Majundar രേഖപ്പെടുത്തുന്നു.(Vol-II P 61)

### നിശ്ചലമാകുന്ന കാറ്റ്

കപ്പലിനെ ചലിപ്പിക്കുന്ന കാറ്റുകളെ നിശ്ചലമാക്കുന്ന പ്രതിഭാസം കടലിലുണ്ട്. ഖുർആൻ പറയുന്നു:

***താനുദ്ദേശിക്കുന്നതായാൽ കാറ്റിനെ അവൻ നിശ്ചലമാക്കും. തൽഫലമായി അവ (കപ്പലുകൾ) സമുദ്രത്തിന്റെ ഉപരിതലത്തിൽ അടങ്ങി നില്ക്കുകയും ചെയ്യും. കൂടുതൽ സഹനശീലവും കൂടുതൽ കൃതജ്ഞതാബോധവും ഉള്ളവർക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്'. (42 :34)***

വാണിജ്യവാതകമേഖലയിൽ നിന്നും ഭൂമദ്ധ്യരേഖക്കടുത്തുള്ള ഡോൾഡ്രം മേഖലയിൽ പ്രവേശിക്കുമ്പോൾ കാറ്റിന്റെ ഗതി നിശ്ചലമാകും. ഇങ്ങനെ വാണിജ്യ കാറ്റുകളെ ഉപജീവിച്ച് കപ്പലോട്ടി വന്ന കൊളംബസ് കാറ്റിന്റെ ഗതിയെ പറ്റി മനസ്സിലാക്കാതെ ഡോൾഡ്രം മേഖലയിൽ പ്രവേശിച്ച് കപ്പൽ നിശ്ചലമായി അസഹ്യമായ ചൂടിൽ ഒരാഴ്ചയോളം ഗതി മുട്ടിപ്പോയ ഒരു സംഭവമുണ്ട്. ഒരാഴ്ച കടലിൽ കുടുങ്ങിയ കൊളംബസിന്റെ കപ്പലിനെ തെക്കുപടിഞ്ഞാറൻ കാറ്റ് മൂന്ന് പർവ്വത ശൃംഖങ്ങളുള്ള ഒരു ദ്വീപിലേക്ക് തള്ളി മാറ്റിയതുകൊണ്ടാണ് രക്ഷപ്പെടാനായത്. തെക്കേ അമേരിക്കയിലെ വെനിസുലക്കടുത്തുള്ള ഈ ദ്വീപിന് പിന്നീട് ട്രിനിഡാഡ് എന്ന് കൊളംബസ് പേരിടുകയാണുണ്ടായത്.

### അറബികളും കപ്പലോട്ടവും

കപ്പലോട്ടത്തിനും കപ്പൽ നിർമ്മാണത്തിനും അറബികൾ നൽകിയ സംഭാവനകൾ നിസ്തുല്യമാണ്. സമചതുരാകൃതിയിലുള്ള പായകൾ കെട്ടിയ കപ്പലുകളായിരുന്നു 13ാം നൂറ്റാണ്ടുവരെ ലോകത്തുടനീളം ഉപയോഗിച്ചിരുന്നത്. ഇത്തരം കപ്പലുകളുടെ സ്ഥാനത്ത് ലാറ്റീൻ (Lateen) എന്ന് പേരുള്ള പുതിയ തരം കപ്പലുകൾ അറബികളാണ് രംഗത്തിറക്കിയത്. ത്രികോണാകൃതിയിലുള്ള പായകളായിരുന്നു അതിന്നുണ്ടായിരുന്നത്. മാത്രമല്ല ഒന്നിന് പകരം അനേകം പായകൾ കപ്പലുകളിൽ ഘടിപ്പിക്കാനും കാറ്റിന്റെ ഗതിയെ പൂർണ്ണമായും ഉപയോഗപ്പെടുത്തി അതിവേഗത്തിൽ കപ്പലോടിക്കാനും അറബികൾക്ക് കഴിഞ്ഞു. നാവിക സേനയിൽ സാധാരണ ഉപയോഗിക്കാറുള്ള 'അഡ്മിറൽ' എന്ന പദം തന്നെ നാവിക തലവന് പറയുന്ന 'അമീറുൽബഹർ' എന്ന അറബി പദത്തിൽ നിന്നും നിഷ്പന്നമായതാണ്. ക്രിസ്താബ്ദം 12-ാം നൂറ്റാണ്ടിൽ ജീവിച്ച അതിപ്രഗത്ഭനായ മദ്ധ്യകാല ശാസ്ത്രപ്രതിഭയായിരുന്ന അൽ ഇദ്റീസിയാണ് ശാസ്ത്രീയമായി ആദ്യത്തെ മാപ്പിന്ന് രൂപകല്പന നൽകിയത്. സിസിലിയിലെ രാജാവായിരുന്ന റോജർ 11 ാ മന്റെ രാജധാനിയിലെ ശാസ്ത്രോപദേഷ്ടാവായിരുന്നു അൽ ഇദ്റീസി. വെള്ളി ഫലകത്തിൽ ഇദ്റീസി നിർമ്മിച്ച മാപ്പ് ലോക പ്രശസ്തമാണ്. സ്പെയിനിൽ മുസ്ലിംകൾ ഭരിച്ചിരുന്ന പ്രതാപകാലത്ത് തയ്യാറാക്കിയ മാപ്പുകളും നാവിക ഉപകരണങ്ങളും ഉപയോഗിച്ചാണ് പിന്നീട് സ്പെയിൻ കീഴടക്കിയ ക്രിസ്ത്യാനികൾ കോളനി സ്ഥാപിക്കാനുള്ള നാവിക പര്യവേഷണങ്ങൾക്ക് രൂപം നൽകിയത്. സ്പെയിനിലെ കൊളംബസിന്റെയും പോർട്ടുഗലിലെ വാസ് കോഡഗാമയുടേയും നേതൃത്വത്തിൽ കപ്പൽ സഞ്ചാരം നടത്താൻ അവർക്ക് കഴിഞ്ഞത് അറബികൾ വളർത്തിയെടുത്ത നാവിക വിജ്ഞാനം ഉപയോഗിച്ചായിരുന്നു. 1497 ൽ പോർട്ടുഗലിലെ ലിസ്ബൺ നഗരത്തിൽ നിന്നും ഇന്ത്യയിലേക്ക് ലക്ഷ്യമിട്ടു യാത്ര തിരിച്ച വാസ്കോഡഗാമ കേപ് ഓഫ് ഗുഡ് ഹോപ് എന്ന ആഫ്രിക്കൻ മുനമ്പ് ചുറ്റി ഇന്ത്യൻ സമുദ്രത്തിലേക്ക് പ്രവേശിക്കുകയും മെഡഗാസ്കറിൻ എത്തിച്ചേരുകയുമുണ്ടായി. അവിടെ വെച്ച് മുസ്ലിം കപ്പലോട്ടക്കാരുടെ സഹായത്തോടെയാണ് ഗാമ കോഴിക്കോട്ടെ കാപ്പാട് കപ്പലിറങ്ങിയത്.

### നക്ഷത്രവിജ്ഞാനം

അത്പോലെതന്നെ കപ്പൽ സഞ്ചാരത്തിന് ഏറ്റവും ആവശ്യമായ നക്ഷത്ര വിജ്ഞാനത്തിൽ അദ്വീതിയരായിരുന്നു അറബികൾ. ദീർഘസഞ്ചാര വേളയിൽ ദിശ നിർണ്ണയത്തിന് നക്ഷത്രങ്ങൾ വഴികാട്ടുന്നതിനെ പറ്റി വിശുദ്ധ ഖുർആൻ, പ്രത്യേകം പരാമർശിക്കുന്നുണ്ട്.

'അവൻ തന്നെയാണ് നിങ്ങൾക്ക് വേണ്ടി നക്ഷത്രങ്ങളെ ഉണ്ടാക്കിയത് അവ മുഖേന കരയിലേയും കടലിലേയും അന്ധകാരങ്ങളിൽ നിന്ന് നിങ്ങൾ വഴി കാണുന്നതിനുവേണ്ടി. കാര്യങ്ങൾ അറിയുന്ന ജനങ്ങൾക്ക് നാം ദൃഷ്ടാന്തങ്ങൾ വിശദമായി വിവരിച്ചു കൊടുക്കുന്നു'. (6:98)

പുരാതനകാലത്തെ കപ്പലോട്ടം ആകാശഗോളങ്ങളെയും നക്ഷത്രങ്ങളേയും(Celestial Navigation) ആശ്രയിച്ചായിരുന്നു നടത്തിയിരുന്നത്. വടക്കെ ധ്രുവത്തിൽ ഒരു നക്ഷത്രമുണ്ട്. അതാണ് ധ്രുവനക്ഷത്രം (Pole Star) ധ്രുവത്തെ ആധാരമാക്കി ഭൂമി പടിഞ്ഞാറു നിന്ന് കിഴക്കോട്ടേക്ക് കറങ്ങുകയാണല്ലോ (അനുഭവത്തിൽ കിഴക്ക് നിന്ന് പടിഞ്ഞാറോട്ടേക്ക്) ആയതിനാൽ മറ്റു നക്ഷത്രങ്ങൾ സൂര്യനെ

*(ശേഷം 33-ാം പേജിൽ)*

## ലേഖനം

# നൂഹ് നബിയുടെ കപ്പൽ :
## ജൂദി പർവ്വതത്തിലോ? അറാറത്ത് പർവ്വതത്തിലോ:?

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**ജൂദി പർവ്വതത്തിലാണ് നോഹയുടെ കപ്പൽ നിലയുറപ്പിച്ചതെന്ന് ഖുർആന്റെ അഭിപ്രായത്തിലേക്കാണ് ചരിത്രവും ഗവേഷണങ്ങളും വിരൽചൂണ്ടുന്നത്. ബൈബിൾ പറയുന്നത് പോലെ അർമീനിയായിലെ അറാറത്ത് പർവ്വത ത്തിലേക്കല്ല.**

**ഓ ഭൂമി നിന്റെ ജലം നീ വിഴുങ്ങുക. ആകാശമേ (വൃഷ്ടി പാതം) നിറുത്തുക. (അങ്ങനെ) വെള്ളം കുറഞ്ഞു താഴുകയും കാര്യം തീരുമാനിക്കപ്പെടുകയും ചെയ്തു. അത് (നൂഹ് നബിയുടെ) കപ്പൽ ജൂദി പർവ്വതത്തിന്മേൽ നില യുറച്ചു. (സൂറ:ഹൂദ് 11:45)**

യാക്കൂത്തു അൽഹംവിയുടെ അഭിപ്രായ പ്രകാരം മൊസൂൾ പ്രവി ശ്യയിലെ (ഇന്നത്തെ ഇറാക്ക്) ടൈഗ്രീ സിന്റെ കിഴക്കൻ ഭാഗത്തുള്ള ദൈർഘ്യമേറിയ ഒരു പർവ്വത ശൃംഖ ലയാണ് ജൂദി പർവ്വതം. ജോർജ് സെയിലിന്റെ അഭിപ്രായ പ്രകാരം ജൂദി പർവ്വതം മെസപ്പോട്ടോമിയന്റെ (ഇറാക്ക്) തെക്ക് ഭാഗത്ത് വെച്ച് അർമീനിയയേയും (തുർക്കിയിൽ) അസ്സിറിയ (സിറിയ) യായുടെ ഒരു ഭാഗത്തേയും വേർതിരിക്കുന്ന മലക ളിൽ ഒന്നാണ്. അസീറിയായിലെ ആ ഭാഗങ്ങളിൽ കുർദുകളാണ് നിവസിക്കു ന്നത്. കുർദുകൾ അഥവാ ജർദുകൾ അവിടെ താമസിക്കുന്നത് കൊണ്ടാണ് ജൂദി എന്ന പേര് സിദ്ധിച്ചത് പക്ഷേ ഗ്രീക്കുകാർ അതിനെ ഗോർദേയ് (Gordyaei) എന്ന് മാറ്റുകയാണുണ്ടാ യത്. ............ ജൂദി പർവ്വതത്തത്തിൽ നോഹയുടെ പെട്ടകം നിലയുറപ്പിച്ചു എന്ന ബലവത്തായ വിശ്വാസം വളരെ പ്രാചീനമാണ്. കാൽദിയന്മാരുടെ പുരാതന വിശ്വാസ പാരമ്പര്യങ്ങളിലും ഈ വിശ്വാസം കാണാം.(Berousus, Joseph - Amtiq) ഈയൊരു വിശ്വാസം ഉറപ്പിക്കുന്നതിന്നായി ഗോർദേയ് മല യിൽ നോഹയുടെ പെട്ടകത്തിന്റെ അവശിഷ്ടങ്ങൾ കണ്ടതായി ഞങ്ങ ളോട് പറയപ്പെട്ടിട്ടുണ്ട്. ബേറോ ഡെസും അഭിദേനസും ഇരുവരും അവരുടെ കാലത്ത് അത്തരം വാർത്ത കൾ കേട്ടതായി പ്രഖ്യാപിക്കുന്നു.

എപ്പിഫാനിയസിന്റെ (Epiphanius) A.D 315-463 സഭാപിതാ ക്കന്മാരിലൊരാളായി അറിയപ്പെടുന്ന ക്രൈസ്തവ വൈദികന്റെ കാലത്തും നോഹയുടെ കപ്പലിന്റെ അവശിഷ്ട ങ്ങൾ അവിടെ കാണപ്പെട്ടിരു ന്നു............ ഹിർക്കൽ ചക്രവർത്തി (Emperor Heraclius. A.D. 575- 641 ബൈസന്റയിൽ രാജാവ്) തമാനിം എന്ന പട്ടണത്തിൽ നിന്നും ജൂദി പർവ്വ തത്തിലേക്ക് വന്നു. നോഹയുടെ പെട്ടകം നിന്ന സ്ഥലം കണ്ടതായി ഞങ്ങളോട് പറയപ്പെട്ടിരുന്നു. അവിടെ പണ്ട് കാലത്ത് പെട്ടകത്തിന്റെ സന്യാ സിമഠം (Monastry of the Ark) എന്ന പേരിൽ ഒരു സന്യാസിമഠവും ഉണ്ടാ യിരുന്നു. ഈ പർവ്വതങ്ങളിലൊന്നിൽ നസ്റ്റോറിയൻ ക്രിസ്താനികൾ നോഹ യുടെ പെട്ടകം നിലയുറപ്പിച്ചു എന്ന് പറയുന്ന സ്ഥലത്ത് വെച്ച് ഒരു ദിവസം ആഘോഷങ്ങൾ നടത്താറുണ്ടായിരു ന്നു. പക്ഷേ ക്രി.വ. 776 ൽ ആ സന്യാ സിമഠം, മിന്നലേറ്റ് നശിച്ചുപോകുകയാ ണുണ്ടായത് (ജോർജ് സെയിൽ:– P 179,180).

“ജൂദി മല ജസീറത്തുൽ ഇബ്നു ഒമറിൽ നിന്നും 25 മൈൽ വടക്ക് കിഴ ക്കുള്ള ബോട്ടാൻ എന്ന സ്ഥലത്തെ ഉയർന്ന പർവ്വതമാണ്..........മെസപ്പൊ ട്ടോമിയൻ പാരമ്പര്യ കഥകൾക്ക് പ്രശസ്തി നേടിക്കൊടുക്കുന്നത് ജൂദി

മലയാണ്. ആ പാരമ്പര്യത്തിലൂടെയാണ് മെസപ്പെട്ടോമിയ തിരിച്ചറിയപ്പെടുന്നത്. നോഹയുടെ പെട്ടകം നിലയുറപ്പിച്ചത് അറാറത്ത് പർവ്വതത്തിലല്ല. ക്രി.വ. 10 ാം നൂറ്റാണ്ടു വരെ അറാറത്ത് പർവ്വത ത്തെ പ്രളയവുമായി ബന്ധപ്പെടുത്തിക്കൊണ്ട് അർമീനിയക്കാരോ മറ്റു എഴുത്തുകാരോ രേഖപ്പെടുത്തിയിട്ടില്ല. പുരാതന അർമീനിയൻ പാരമ്പര്യങ്ങളിലൊന്നും തന്നെ നോഹയുടെ പെട്ടകം നിലയുറപ്പിച്ച മലയെ സംബന്ധിച്ച് യാതൊരു പരാമർശവുമില്ല. പിൽക്കാലത്തെ അർമീനിയൻ സാഹിത്യത്തിലാണ് ഇതിനെ പറ്റി പരാമർശം വരുന്നത്. ഇത് തീർച്ചയായും ബൈബിളിന്റെ സ്വാധീന ഫലമാണെന്ന് വ്യക്തമാണ്. അവിടത്തെ ഏറ്റവും ഉന്നതവും അറിയപ്പെടുന്നതുമായ പർവ്വതം മാസിക് ആണ്........ ഈ മാസിക് പർവ്വതത്തിൽ നോഹയുടെ പെട്ടകം തങ്ങി എന്നാണ് അർമിനീനിയൻ സാഹിത്യങ്ങളിൽ കാണുന്നത്. ഈ പരാമർശങ്ങളാകട്ടെ 11,12 നൂറ്റാണ്ടുകളിലാണ് പ്രത്യക്ഷപ്പെടാൻ ആരംഭിച്ചത്. ക്രിസ്ത്യാനികൾ വിളിക്കുന്ന ഗോർദേയ് പർവ്വതമാണ് ജൂദി പർവ്വതമെന്ന് പൗരാണിക വ്യഖ്യാനങ്ങൾ സാക്ഷ്യം വഹിക്കുന്നു. ക്രിസ്ത്യൻ പ്രമാണികന്മാരുടെ അഭിപ്രായപ്രകാരം ഗോർദേയ് നോഹയുമായി ബന്ധപ്പെട്ടതാണ് (എൻസൈക്ലോ പീഡിയ ഇസ്ലാം Vol P. 1059) ■

*(31 -ാം പേജിൽ നിന്ന് തുടർച്ച)*

പ്പോലെ അസ്തമിക്കുമ്പോൾ ധ്രുവനക്ഷത്രം മാത്രം അസ്തമിക്കാറില്ല. ഭൂമദ്ധ്യരേഖയിൽ നിന്നും നോക്കുമ്പോൾ ധ്രുവനക്ഷത്രം വടക്കൻ ചക്രവാളത്തിൽ 0 ഡിഗ്രിയിലായിരിക്കും. ഭൂമിയുടെ വടക്കൻ ധ്രുവത്തിൽ ചെന്ന് നോക്കിയാൽ ആ നക്ഷത്രം നേരെ തലക്ക് മുകളിൽ 90 ഡിഗ്രിയിലുമായിരിക്കും. ആയതിനാൽ ഭൂമദ്ധ്യ രേഖയിൽ നിന്നും വടക്കോട്ടേക്ക് 10 ഡിഗ്രി അക്ഷാംശത്തിലേക്ക് സഞ്ചരിച്ചാൽ ധ്രുവനക്ഷത്രം 10 ഡിഗ്രി ഉയരത്തിലായിരിക്കും. 45 ഡിഗ്രി സഞ്ചരിച്ചാൽ 45 ഡിഗ്രി ഉയരത്തിലുമായിരുക്കും. അതുകൊണ്ട് ഭൂമിയിൽ നിന്ന് ധ്രുവനക്ഷത്രം എത്ര ഉയരത്തിലാണോ അത്രയും ഡിഗ്രി അക്ഷാംശത്തിലായിരിക്കും നാമുള്ളത് എന്ന് ചുരുക്കം. ധ്രുവ നക്ഷത്രത്തെ തിരിച്ചറിയാൻ സപ്തർഷികൾ അഥ വാ അൾസാ മേജർ (Alza Major) എന്ന നക്ഷത്ര സമൂഹത്തെയായിരുന്നു ആശ്രയിച്ചത്. വലിയ കരണ്ടിയുടെ ആകൃതിയിലുള്ള ഏഴു നക്ഷത്രങ്ങളാണ് സപ്തർഷികൾ. വടക്കൻ ചക്രവാളത്തിലെ ഈ നക്ഷത്രക്കൂട്ടത്തിന്റെ കരണ്ടിയുടെ വാലിന് നേരെ വടക്കോട്ടേക്ക് ഒരു വര വരച്ചാൽ അത് ചെന്ന് മുട്ടുക ധ്രുവ നക്ഷ ത്രത്തിലായിരിക്കും. ഈ ധ്രുവ നക്ഷത്രമാണ് പണ്ട്കാലത്തെ കപ്പൽ ഗതാഗതക്കാരുടെ ഒരു പ്രധാന വഴികാട്ടി.

ഭാരതവും ജ്യോതിശാസ്ത്ര രംഗത്ത് വളരെയേറെ പുരോഗമിച്ചിരുന്നുവെങ്കിലും ശാസ്ത്രവും അന്ധവിശ്വാസങ്ങളും കൂടിക്കലർന്ന ജ്യോതിഷവും (Astrology) അതിന്റെ ഭാഗമാണ്. ഭാരതീയ ജ്യോതിശാസ്ത്രത്തിൽ സൂര്യനും ചന്ദ്രനും സഞ്ചരിക്കുന്ന ആകാശത്തിലെ പന്ത്രണ്ട് രാശിമണ്ഡലത്തിൽ (Zodiac) നിലകൊള്ളുന്ന നക്ഷത്രങ്ങളെ പറ്റി മാത്രമേ പ്രതിപാദനമുള്ളൂ. അതായത് പന്ത്രണ്ട് രാശികളിലുള്ള 27 നക്ഷത്രങ്ങളുടെ പേരുകൾ മാത്രമേ ഭാരതീയ ജ്യോതിശാസ്ത്രത്തിലുള്ളൂ. ചന്ദ്രൻ ഒരു തവണ ഭൂമിയെ ചുറ്റാൻ 27.32 ദിവസം വേണം. അതുകൊണ്ട് ചന്ദ്രന്റെ ക്രാന്തി വൃത്തത്തെ 27 സമഭാഗങ്ങളായി വിഭജിച്ച് ഒരോ ഭാഗത്തിനും അശ്വതി, ഭരണി, കാർത്തിക, രോഹിണി മുതൽ രേവതി വരെയുള്ള 27 പേരുകൾ നൽകിയിരിക്കുന്നു. ഈ പേരുകൾ ഒരു കൂട്ടം നക്ഷത്രങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. അതായത് രാശി മണ്ഡലത്തിലെ നക്ഷത്രക്കൂട്ടങ്ങളെ പറ്റി (Zodiacal constellations) മാത്രമെ ഭാരതീയ ജ്യോതിശാസ്ത്രത്തിൽ പ്രതിപാദനമുള്ളൂ. എന്നാൽ അറബികൾ ആകാശം മുഴുവൻ അരിച്ചു പെറുക്കി മുഴുവൻ നക്ഷത്രങ്ങൾക്കും പേരും ദിശയും നിർണ്ണയിച്ചിട്ടുണ്ട്. അന്താരാഷ്ട്ര വാനശാസ്ത്ര യൂണിയൻ അംഗീകരിച്ച 88 നക്ഷത്രങ്ങൾക്കും അറബിയിൽ പേരുണ്ട്. ഇപ്പോൾ ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന മിക്ക നക്ഷത്ര നാമങ്ങളും അറബിയിൽ നിന്നുള്ള തദ്ഭവമോ അതിന്റെ വികല രൂപമോ ആണ്. ഏതാനും ഉദാഹരണങ്ങൾ ഇവിടെ പരാമർശിക്കാം ശർത്വീൻ എന്ന അറബിനാമത്തിലുള്ള നക്ഷത്രത്തിന്റെ ഭാരതീയനാമമാണ് അശ്വതി. ഇംഗ്ലീഷ് നാമം Sheratan. ബുതൈത്വൻ (അറബി) ഭരണി (ഭാരതീയം). Boetin (ഇംഗ്ലീഷ്), ദുബ്റാൻ (അറബി) രോഹിണി (ഭാരതീയം) Adebaram (ഇംഗ്ലീഷ്), രിശാ (അറബി) രേവതി (ഭാരതീയം) Alrischa (ഇംഗ്ലീഷ്)

ഇന്ന് കപ്പലോട്ടരംഗത്ത് നക്ഷത്ര വിജ്ഞാനം വിസ്മൃതമായിരിക്കുന്നു. അത്യാധുനിക ഇലക്ട്രോണിക് ഉപകരണങ്ങളാണ് ഏറെക്കുറെ കൃത്യമായി കപ്പലിന്റെ ഗതിയും സ്ഥാനവും നിർണ്ണയിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ജിയോ പൊസിഷനിംങ്ങ് സംവിധാനം. ഭൂമിയെ ചുറ്റിക്കൊണ്ടിരിക്കുന്ന 24 കൃത്രിമോപഗ്രഹങ്ങളുടെ സഹായത്തോടെ ഏറ്റവും കൃത്യമായി ഭൂമിയിലെവിടെയുമുള്ള കപ്പലിന്റെ സ്ഥാനം അറിയാൻ സാധിക്കും.

അതുപോലെ പൗരാണിക ജ്യോതിശാസ്ത്രരംഗത്തെ ആധികാരിക ഗ്രന്ഥമായ ടോളമിയുടെ അൽ മജിസ്തി (Al-majisti) യുടെ ഗ്രീക്ക് മൂലരൂപം നഷ്ടപ്പെട്ടിരുന്നു. അതിന്റെ അറബി പരിഭാഷ മാത്രമായിരുന്നു നിലവിലുണ്ടായിരുന്നത്. ആ ഗ്രന്ഥം അറബികളുടെ തന്നെ മൗലിക രചനയാണെന്നും പ്രബലമായ അഭിപ്രായമുണ്ട്. പിൽക്കാലത്ത് യൂറോപ്യൻമാർക്ക് അരിസ്റ്റോറ്റിലിനെക്കുറിച്ചറിയാൻ കഴിഞ്ഞത് അറബികളുടെ അൽ മജിസ്തിയിലൂടെ മാത്രമായിരുന്നു എന്നതാണ് സത്യം. ■

(തുടർച്ച)

# ഇസ്രാഉം മിഅ്റാജും അത്യുന്നതമായ ഒരു ആത്മീയദർശനം

എ. പി. കുഞ്ഞാമു

**അഗാധവും ഉന്നതവുമായ അർത്ഥ തലങ്ങളുള്ള ഒരു ആത്മീയ ദർശനമായിരുന്നു ഇസ്രാഉം മിഅ്റാജും. അതിലെ ഓരോ സംഭവങ്ങളും വ്യാഖ്യാനമർഹിക്കുന്നു.**

മിഅ്റാജിൽ റസൂൽ തിരുമേനി (സ) വാനലോകത്തേക്ക് പോയി എന്നാണല്ലോ വിശ്വസിക്കപ്പെടുന്നത്. അവിടെ റസൂൽ തിരുമേനി ചില പ്രവാചകന്മാരെ ദർശിക്കുന്നു. റസൂൽ തിരുമേനി (സ) വിവിധ പ്രവാചകന്മാരെ അവരുടെ ആത്മീയ സ്ഥാനമനുസരിച്ചാണ് കാണുന്നത്. ഈ ആകാശമെന്നത് പ്രസ്തുത പ്രവചാകന്മാർ എത്തിച്ചേർന്ന ആത്മീയ സ്ഥാനങ്ങളാണ് അല്ലാതെ നമ്മുടെ തലക്ക് മുകളിലത്തെ സ്ഥൂലാകാശമല്ല. അവരുടെ ആത്മാക്കളെയാണ് തിരുമേനി (സ) ദർശിക്കുന്നത്. മറ്റു പ്രവാചകന്മാർ ഏഴാനാകാശം വരെ മാത്രമെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ അവിടെ നിന്നും എത്രയോ പതനങ്ങൾ താണ്ടി ജിബ്രീ ലിന്ന് പോലും പ്രവേശനമില്ലാത്ത ആത്മീയ പതനങ്ങളാണ് തിരുമേനി (സ) താണ്ടിയത്. അതുകൊണ്ടു തന്നെയാണ് അല്ലാഹു അദ്ദേഹത്തെ ഖാത്ത മുന്നബിൻ (പ്രവാചകശ്രേഷ്ഠൻ) എന്ന് വിളിച്ചത്. അദ്ദേഹത്തിന്റെ സാക്ഷ്യം മുഖേനയാണ് മറ്റു പ്രവാചകന്മാരെ ലോകം അറിയുന്നത്. ഇനി വല്ല പ്രവാചകന്മാരും വരുന്നുണ്ടെങ്കിൽ തിരുമേനി (സ) യെ പൂർണ്ണ മായും അനുസരിക്കുന്നവരിൽ (ഇത്താഅത്ത് ചെയ്യുന്നവരിൽ) നിന്നുമാണ് അല്ലാഹു തിരഞ്ഞെടുക്കുക. ചുരുക്കത്തിൽ മുമ്പും പിമ്പും ഉള്ള പ്രവാചകന്മാർക്ക് തിരുമേനി (സ) യുടെ സാക്ഷ്യപത്രം ആവശ്യമാണ്. ഈ ദർശനം ജഡികമായി സംഭവിച്ചതാണെങ്കിൽ നഉദുബില്ലാഹ് (അല്ലാഹുവിൽ ശരണം) അല്ലാഹു സ്ഥല പരിമിതനാണെന്ന് പറയേണ്ടിവരും. അല്ലാഹു 'സിഫത്തു'കൾ മുഖേനയാണ് അറിയപ്പെടുന്നത്. അല്ലാഹു അർശിൽ ഇരുന്നു എന്നു പറയുമ്പോൾ ഏതെങ്കിലും ഒരു സ്ഥലത്ത് പരിമിതനായി ഭവിക്കുകയാണോ എന്ന സന്ദേഹം ഉടലെടുക്കാം. അല്ലാഹുവിന്റെ കൈ തിരുമേനിയുടെ മേൽ വെച്ചതായി പറയുന്നു. അപ്പോൾ അല്ലാഹുവിന് കൈ ഉണ്ടോ? എന്ന ചോദ്യം ഉൽഭവിക്കാം. ഈ കാലത്ത് എല്ലാ സംശയങ്ങൾക്കും അറുതി വരുത്താൻ മഹ്ദി ഇമാം ആഗതനായി. ശിർക്കിൽ അകപ്പെടാതിരിക്കാൻ നമുക്ക് അദ്ദേഹം ഒരു സൂത്രവാക്യം പഠിപ്പിച്ചിരിക്കുന്നു. അതാ യത് അല്ലാഹുവിന്റെ ഗുണങ്ങൾ (സിഫത്തുകൾ) മനുഷ്യനിൽ ആരോപിച്ചാലും അതുപോലെ മനുഷ്യന്റെ ഗുണങ്ങൾ അല്ലാഹുവിൽ ആരോപിച്ചാലും അത് ആലങ്കാരിക പ്രയോഗമായി കരുതണം. അത് അക്ഷരാർത്ഥത്തിൽ മനസ്സിലാക്കുമ്പോൾ മനുഷ്യന് ദൈവ ഗുണവും. ദൈവത്തിന് മനുഷ്യഗുണവും കലർന്ന് ശിർക്കിൽ അകപ്പെട്ടുപോകും. ഇവിടെ അല്ലാഹുവിന്റെ കൈ തിരുമേനിയുടെ മേൽ വെച്ചു എന്നു പറയുമ്പോൾ ദൈവസഹായം തിരുമേനി (സ) ക്ക് ലഭിച്ചുവെന്നോ ലഭിക്കുമെന്നോ ആണ് അർത്ഥം. അതുപോലെ തന്നെ ജീവനുള്ള ഒരാൾ സ്വർഗ്ഗം കണ്ടുവെന്നോ സ്വർഗ്ഗത്തിൽ പ്രവേശിച്ചുവെന്നോ പറയുമ്പോൾ. മരണാനന്തരം വിധി നാളിന് ശേഷം പ്രവേശിക്കുന്ന സ്വർഗ്ഗത്തെക്കുറിച്ചല്ല. അത് ദർശനാവസ്ഥയിൽ കാണുന്ന സ്വർഗ്ഗനരകങ്ങളാണെന്ന് ധരിക്കണം.

പ്രവാചകന്മാർക്കും, ദൈവസാമീപ്യം പ്രാപിച്ച വലിമാർക്കും ദൈവത്തിൽ നിന്നും ആത്മീയ ഭാഷണങ്ങളും ദർശനങ്ങളും മറ്റു ആത്മീയ അനുഭവങ്ങളും ഉണ്ടാവാറുണ്ട്. ഇതിൽ പ്രവാചകന്മാർക്കും ദൈവത്തിൽ നിന്ന് ധാരാളമായി അദൃശ്യജ്ഞാനങ്ങളും ദൈവിക ഭാഷണങ്ങളും ലഭിക്കുന്നു. അതേപോലെ ജാഗ്രതാവസ്ഥയിൽ മാംസചക്ഷുക്കൾ കൊണ്ട ന്നപോലെ ചില ദർശനങ്ങൾ അവർക്കുണ്ടാകാറുണ്ട്. "കശ്ഫ്"(ആത്മദർശനം) എന്ന ഗണത്തിൽപെടുന്ന ആത്മീയാനുഭവങ്ങളായിരിക്കുമവ. പിന്നെ സ്വപ്നദർശനങ്ങളുണ്ടാകും. എന്നാൽ ഇസ്റായും, മിഅ്റാജും റസൂൽ തിരുമേനി (സ) ക്കുണ്ടായ ജാഗ്രതാവസ്ഥയിൽ തന്നെയുള്ള ഉയർന്ന കശ്ഫുക

ളാണ്. അതിൽ പറയപ്പെട്ട എല്ലാ സംഗതികളും വ്യാഖ്യാനങ്ങൾക്ക് വിധേയമാണ്. ചുരുക്കത്തിൽ ഈ ദർശനം റസൂൽ തിരുമേനിയുടെ ആത്മീയ സ്ഥാനത്തെപറ്റി വിളിച്ചോതുന്നു. എല്ലാ പരിശുദ്ധിയും ആർജ്ജിച്ചശേഷമായിരുന്നു പ്രസ്തുത യാത്ര. അതാണ് മിഅ്റാജ് യാത്രക്ക് മുമ്പായി ഹദീസുകളിൽ വിവരിക്കപ്പെട്ട റസൂൽ തിരുമേനിയുടെ ഹൃദയം തുറന്ന് ശുദ്ധീകരിച്ചത് മുഖേന നമുക്ക് മനസ്സിലാകുന്നത്. ഇതിൽ ചില പ്രവചനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അതായത് റസൂൽ തിരുമേനിയുടെ പിന്നിൽ നിന്ന് പ്രവാചക സമൂഹം നമസ്കരിച്ചു എന്നത് ഭാവിയിൽ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളും റസൂൽ തിരുമേനിയിൽ വിശ്വസിക്കുമെന്ന ഒരു സുവിശേഷമാണ്.

*'തന്റെ ദാസനെ മസ്ജിദുൽ ഹറാമിൽ നിന്ന് മസ്ജിദ് അഖ്സയിലേക്ക് അതിന്റെ പരിസരങ്ങളെ നാം അനുഗൃഹീതമാക്കിയിരിക്കുന്നു. രാത്രിയിൽ പ്രയാണം ചെയ്യിച്ചവൻ എത്രയും പരിശുദ്ധൻ'.* (ബനിഇസ്രയേൽ) എന്ന ഖുർആൻ വചനത്തിലെ 'മസ്ജിദ് അഖ്സ' എന്നുള്ളത് തന്നെ ഒരു പ്രവചനമാണ്. കാരണം ജറുസലെമിൽ മസ്ജിദ് അഖ്സ പണിയുന്നതു തന്നെ ഉമർ ഫാറൂഖ് (റ) ന്റെ കാലത്തിന് ശേഷമാണ് റസൂൽ തിരുമേനിയുടെ കാലത്ത് ഫലസ്തിൽ ഇസ്ലാം പ്രവേശിച്ചിരുന്നില്ല. അവിടുത്തെ വഫാത്തിനു ശേഷം 6 വർഷം കഴിഞ്ഞാണ് മുസ്ലിംകൾ ജറൂസലേമിൽ പ്രവേശിക്കുന്നത്. മഹാനായ ഖലീഫാ ഉമർ (റ) തുന്നിചേർത്ത വസ്ത്രങ്ങൾ അണിഞ്ഞ് നടന്നുകൊണ്ട് ജറൂസലേമിലേക്ക് കടന്ന് വന്ന് ഫലസ്തീൻ കീഴടക്കിയ ഐതിഹാസികമായ സംഭവം മുസ്ലിം ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടതാണ്. ഭാവിയിൽ പ്രസ്തുത സ്ഥലം മുസ്ലിംകളുടെ അധീനത്തിൽ വരുമെന്നും അവിടെ മസ്ജിദ് പണിയുമെന്നും ആ പ്രവചനത്തിൽ നിന്നും മനസ്സിലാകുന്നു. ദർശനത്തിൽ വരാൻ പോകുന്ന ദൃശ്യങ്ങൾ അല്ലാഹു കാണിച്ചുകൊടുത്തതാണ്.

ഇതുകൂടാതെ 'മസ്ജിദ് അഖ്സ' എന്നതിന് വിദൂര സ്ഥാനത്തുള്ള പള്ളി' എന്നും അർത്ഥമുണ്ട്. മക്കയിൽ നിന്ന് റസൂൽ തിരുമേനി (സ) കണ്ട ഈ ദർശനത്തിലെ 'മസ്ജിദ് അഖ്സ' (വിദൂരസ്ഥമായ പള്ളി) എന്നതിന് മദീനയിലെ പള്ളി എന്നും അർത്ഥമുണ്ട്. ഹിജ്റക്ക് ശേഷം അവിടെയായിരുന്നുവല്ലോ റസൂൽ തിരുമേനി താമസിച്ചിരുന്നത്. ഇസ്ലാമിന്നുണ്ടായ സകല വിജയങ്ങളും റസൂൽ തിരുമേനി (സ) യുടെ മദീനാ വാസത്തിനുശേഷമാണ്. റസൂൽ തിരുമേനി (സ) ഒരു യാത്രയിലാണ് ദൈവീക കല്പന പ്രകാരം തന്റെ ഏറ്റവും വിശ്വസ്തനായ അബൂബക്കറിനോടൊപ്പം മക്കയിൽ നിന്നും മദീനയിലേക്ക് ഹിജ്റത്ത് ചെയ്തത്. ജറൂസലേമിലെ യാത്ര ജിബ്രീലിന്റെ (അ) കൂടെയായിരുന്നു എന്നതിന്റെ വിവക്ഷ ആ സ്ഥാനത്ത് അബൂബക്കർ സിദ്ദിഖ് (റ) ആണെന്നാണ്. "ജിബ്രീൽ" എന്ന പദത്തിന്റെ ധാത്വാർത്ഥം 'ദൈവമനുഷ്യൻ' എന്നാണ്. അത് ഏറ്റവും യോജിക്കുക അബൂബക്കർ സിദ്ധീഖി (റ) നാണ്. ഇതുകൂടാതെ റസൂൽ തിരുമേനി (സ) വിദൂരമായ ഒരു സ്ഥലത്തേക്ക് പോകും എന്നതിന് മറ്റൊരു വ്യഖ്യാനം കൂടി സാർത്ഥകമാണ്. വിശുദ്ധഖുർആനിലും ഹദീസിലും പ്രവചിച്ച പ്രകാരം 13 നൂറ്റാണ്ടുകൾക്ക് ശേഷം ഇസ്ലാം മതത്തിൽ സർവ്വത്ര അന്ധകാരം വ്യാപിക്കുമെന്നും ആ അവസരത്തിൽ സൂറ:ജുമായിൽ പറഞ്ഞത് പോലെ 'വ ആഖിരീന മിൻഹും ലമ്മായൽ ഹഖുബിഹിം' (അവരോടൊപ്പം ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു ജനതയിലും (അവൻ ദൂതനെ എഴുനേൽപ്പിക്കുന്നതാണ്) എന്ന പ്രവചനം പുലരുന്നതാണ്. അതായത് പതിമൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷമുണ്ടായ ഇസ്ലാമിന്റെ അധ:പതനകാലത്ത് റസൂൽ തിരുമേനിയുടെ പ്രതിപുരുഷനും മഹ്ദിയും മസീഹുമായി വന്ന ഹദ്റത്ത് അഹ്മദി (അ) നെ കുറിച്ചാണ് ഇവിടെ സൂചന. മക്കയിൽ നിന്നും വളരെ ദൂരെ സ്ഥിതി ചെയ്യുന്ന ഇന്ത്യയിലെ പഞ്ചാബിലെ ഖാദിയാനിലായിരുന്നു അദ്ദേഹത്തിന്റെ ജനനം അഥവാ റസൂൽ തിരുമേനി (സ) യുടെ രണ്ടാം വരവ്. ഇന്ന് ഖാദിയാനിൽ പോയാൽ അവിടെയും ഇതേ പേരോടുകൂടി "മസ്ജിദ് അഖ്സ" എന്ന പേരിലുള്ള ഒരു പള്ളി നമുക്ക് ദർശിക്കാം. ഈ പ്രവചനത്തിൽ അതും ഉൾക്കൊള്ളുന്നു.

ഇത്രയും എഴുതിയതിൽ നിന്നും ഇസ്റായും മിഅ്റാജും രണ്ടു വ്യത്യസ്ത സന്ദർഭങ്ങളിൽ തിരുമേനി (സ) ക്കുണ്ടായ ഉയർന്ന ദർശനങ്ങളാണെന്നു മനസ്സിലായിട്ടുണ്ടാകുമെന്ന് വിശ്വസിക്കുന്നു. ഇതിലെ ഓരോ അവസ്ഥയെക്കുറിച്ചും ദീർഘമായ വിവരങ്ങൾ ആവശ്യമാണ്.

"സൂറ" ബനീ ഇസ്രായിലിൽ 'നാം നിനക്ക് കാണിച്ചുതരുന്ന ദർശനത്തെ ജനങ്ങൾക്കൊരു പരീക്ഷണമായിട്ടല്ലാതെ നാം ആക്കിയിട്ടില്ല' എന്ന ഖുർആൻ വചനത്തിൽ ഇസ്റായെക്കുറിച്ചു റുഅ്യാ (ആത്മദർശനം) എന്നു വന്നിരിക്കുന്നു . മിഅ്റാജിനെക്കുറിച്ചു സൂറത്തുൽ നജ്മിൽ "ഹൃദയം കണ്ടതായ കാഴ്ച വ്യാജമല്ല. അതിൽ യാതൊരു പിഴവും സംഭവിച്ചിട്ടില്ല' എന്നു പറയുന്നു. "മിഅ്റാജ് രാത്രിയിൽ ''വഹുവ നായിമ ഫിൽ മസ്ജിദുൽ ഹറാം" അദ്ദേഹം മസ്ജിദുൽ ഹറാമിൽ ഉറങ്ങുകയായിരുന്നു എന്നു ബുഖാരി രിവായത്ത് ചെയ്യുന്നു.

റസൂൽ തിരുമേനി (സ) മറ്റൊരിടത്ത് ഇങ്ങിനെ അരുൾ ചെയ്യുന്നു. "ഞാൻ കഅ്ബക്ക് അടുത്തുള്ള ഒരു സ്ഥലത്ത് (മസ്ജിദുൽ ഹറാമിൽ) ഉറക്കത്തിനും ജാഗ്രതയ്ക്കും മദ്ധ്യയുള്ള അവസ്ഥയിലായിരുന്നപ്പോഴാണ് അതു സംഭവിച്ചത് (ബുഖാരി). ഈ ആത്മീയാവസ്ഥയെയാണ് കശ്ഫ് എന്നു പറയുന്നത് മറ്റൊരുരിവായത്തിൽ പറയുന്നു. 'പിന്നെ നബി തിരുമേനി (സ) ഉണർന്ന് എഴുന്നേറ്റു. അപ്പോൾ തിരുനബി (സ) മസ്ജിദ് ഹറാമിൽ ആയിരുന്നു'. (ബുഖാരി)

*(ശേഷം 42-ാം പേജിൽ)*

# മൗദൂദി സാഹിബിനെ വെള്ള പൂശാൻ ജമാഅത്തെ ഇസ്‌ലാമിയുടെ നിരർത്ഥകവാദങ്ങൾ

മൗലാന അബ്ദുല്ലാഹ് സാഹിബ് എഛ്.എ.

## അഹ്മദികൾക്കെതിരെ അക്രമണം സംഘടിപ്പിച്ച് ഭരണം അട്ടിമറിക്കാൻ നോക്കുകയായിരുന്നു മൗദൂദി

പാകിസ്താൻ ഗവർണ്ണർ ജനറൽ ഒരു ഓർഡിനൻസ് മുഖേന പട്ടാളക്കോടതിയുടെ വിധികളിൻമേൽ മറ്റു കോടതികളിൽ അപ്പീൽ ബോധിപ്പിക്കുന്നതിനെ തടഞ്ഞതിനെയും പഞ്ചാബിലെ കലാപകാലത്ത് വാർത്താവിതരണങ്ങളിൽ നിയന്ത്രണം ചുമത്തിയതിനെയും ഖാദിരിസാഹിബ് ആക്ഷേപിക്കുന്നു. ഈ ആക്ഷേപത്തെക്കുറിച്ചു എനിക്കു വിശേഷിച്ചൊന്നും പറയാനില്ല. പാകിസ്താൻ ഗവർമ്മെണ്ടിന്റെ പ്രവർത്തനങ്ങളെ വിമർശിക്കുവാൻ എനിക്കർഹതയൊ അവകാശമോ ഉണ്ടെന്നു ഞാൻ കരുതുന്നില്ല. എങ്കിലും, ഒരു സംഗതി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അധികാരം ഗവർണ്ണർ ജനറലിന്നുണ്ടു. ആ അധികാരമുള്ളവർ ആവശ്യമനുസരിച്ചു അത്തരം ഉത്തരവുകൾ പാസ്സാക്കുക സാധാരണവുമാണ്. ആ സ്ഥിതിയ്ക്ക് പാക് ഗവർണ്ണർ ജനറൽ തന്റെ ഈ അധികാരം പ്രയോഗിച്ചതിന്നു അദ്ദേഹത്തെ ഖാദിരി സാഹിബ് ആക്ഷേപിച്ചതു മൗദൂദിസാഹിബിനെ ശിക്ഷിച്ചു എന്നതുകൊണ്ട് മാത്രമായിരിക്കാനെ തരമുള്ളൂ. ഈ ശിക്ഷാ വിധി മൗദൂദിസാഹിബിന്റെ ഏതെങ്കിലും ഒരെതിരാളിയുടെ മേൽ ആയിരിക്കുകയും ഈ ഓർഡിനൻസ് അപ്പോൾ ബലത്തിൽ വരുത്തപ്പെടുകയും ചെയ്തിരുന്നുവെങ്കിൽ ഖാദിരി സാഹിബിന്റെ കണ്ണിൽ അതെത്രയും നീതിപൂർവ്വകവും യുക്തിസഹവും ന്യായവും ആയിരിക്കുമല്ലേ? നിയമത്തെ നിഷ്കൃഷ്ടമായി പാലിക്കുന്നതിന്നും സമാധാനത്തെ സ്ഥിരമായി പുന:സ്ഥാപിക്കുന്നതിന്നും പട്ടാളക്കോടതിയ്ക്ക് അതർഹിക്കുന്ന സ്ഥാനം ലഭിക്കുന്നതിന്നും ഗവർണ്ണർ ജനറൽ അങ്ങനെ ചെയ്തതാണെന്നു കരുതാനേ തരമുള്ളൂ. മറ്റു കോടതികളിൽ അപ്പീൽ ബോധിപ്പിക്കാൻ പാടില്ലെന്നു ഓർഡിനൻസിൽ പറയുന്നുവെങ്കിലും ഗവർണ്ണർ ജനറലിന്നു അപ്പീൽ ബോധിപ്പിച്ചുകൂടെന്നു അതിന്നർത്ഥമില്ല. അതുകൊണ്ടുതന്നെയാണ് മൗദൂദിസാഹിബ് അപ്പീൽ ബോധിപ്പിക്കുന്ന പക്ഷം അതിനെക്കുറിച്ചു അനുഭാവപൂർവ്വം ആലോചിക്കുന്നതാണെന്നു പാക്പ്രധാനമന്ത്രിയും കേന്ദ്രഗവർമ്മേണ്ടിന്റെ ഒരു വക്താവും പ്രസ്താവിക്കുകയുണ്ടായത്. മാത്രമല്ല, മെയ് 9–ാം നു–ഗവർണ്ണർ ജനറൽ പുറപ്പെടുവിച്ച ആ ഓർഡിനൻസിൽതന്നെ സമാധാനത്തെ പുന:സ്ഥാപിക്കുന്നതിന്നു സഹായകമായിരിക്കാൻ വേണ്ടിയാണ് പ്രസ്തുത ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളതെന്നു സൂചിപ്പിക്കുകയും പട്ടാളക്കോടതി വിധിച്ചവിധിയെ കേന്ദ്ര ഗവർമ്മെണ്ടിന്നുമാത്രമെ റദ്ദാക്കാൻ അധികാരമുള്ളൂവെന്നു വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

പ്രക്ഷോഭകാലങ്ങളിൽ സമാധാനം സ്ഥാപിക്കുന്നതിന്നും കുഴപ്പങ്ങളും അക്രമങ്ങളും പടരാതിരിക്കുന്നതിന്നും വേണ്ടി വാർത്താപരിശോധനയും സെൻസറും മറ്റും അവശ്യസന്ദർഭങ്ങളിൽ എല്ലാ ഗവർമ്മേണ്ടുകളും നടപ്പാക്കുന്നതാണല്ലൊ. മാഹിറുൽ ഖാദിരിസാഹിബ് ഈ നടപടിക്കും പാകിസ്താൻ ഗവർമ്മെണ്ടിനെ ആക്ഷേപിക്കുന്നു. വാസ്തവത്തിൽ പാകിസ്താൻ ഗവർമ്മെണ്ടിന്റെ ഈ നടവടിമൂലം അവർണ്ണനീയമായ യാതനകൾക്ക് വിധേയരായിക്കഴിയുകയായിരുന്ന നിരാലംബരായ അഹ്മദികളുടെ വിവരം ഇതര സഹോദരന്മാർക്കോ കേന്ദ്ര ജമാ അത്തിന്നോ അറിയാൻ കഴിയാതെ അവർ പലതരം കഷ്ടനഷ്ടങ്ങൾക്കും പാത്രീഭൂതരായിത്തീരേണ്ടി വന്നുവെന്നതും ഒരു പരമാർത്ഥം മാത്രമാണ്. എന്നാൽ പ്രക്ഷോഭങ്ങളും കുഴപ്പങ്ങളും നാടൊട്ടുക്കും പരക്കാതിരിക്കുന്നതിന്നാണ് ഗവർമ്മെണ്ട് ഈ നടപടി സ്വീകരിച്ചതെന്നു മനസ്സിലാക്കിയതുകൊണ്ടാണ് പാക്കി

സ്ഥാനിലെ അഹ്മദികൾ ഗവർമ്മെണ്ടിനെ കുറ്റപ്പെടുത്താതിരുന്നത്.

എന്നാൽ വാർത്താപരിശോധന ഏർപ്പെടുത്തിയെങ്കിലും മൗദൂദി സാഹിബിന്റെ കക്ഷിക്കാർക്ക് അതു കൊണ്ടു യാതൊരു നഷ്ടവും പറ്റിയിട്ടില്ലെന്നു മാഹിറുൽ ഖാദിരിസാഹിബ് തന്നെ നമുക്കു മനസ്സിലാക്കിത്തരുന്നുണ്ട്. അദ്ദേഹം പറയുന്നു: "മൗലാനക്കെതിരായുള്ള കേസ്സ് വിചാരണ വാർത്തകൂടിയും കറാച്ചിയിലെ പത്രങ്ങൾക്ക് ജമാഅത്തെ ഇസ്ലാമി മുഖേനയാണ് ലഭിച്ചിട്ടുള്ളത്." ഇതിൽനിന്നു, ഗവർമ്മെണ്ടു വാർത്തകൾ പൂഴ്ത്തിക്കളയാൻ ശ്രമിച്ചതുനിമിത്തം വർത്തമാനപത്രങ്ങൾക്കും പ്രസ്സ് ഏജൻസികൾക്കും വാർത്തകൾ ലഭിക്കാൻ വിഷമമുണ്ടായെങ്കിലും അവർക്കുകൂടി അലഭ്യമായിരുന്ന വാർത്തകൾ മൗദൂദിസാഹിബിന്റെ പാർട്ടിക്ക് കിട്ടുവാൻ യാതൊരു വൈഷമ്യവും ഉണ്ടായില്ലെന്നല്ലേ മനസ്സിലാക്കേണ്ടത്? ആ നിലയ്ക്ക് വാർത്തകൾ പൂഴ്ത്തിക്കളയുന്നു എന്നു പറഞ്ഞുകൊണ്ടു പാകിസ്താൻ ഗവർമ്മെണ്ടിനെ ഇവരെന്തിനാക്ഷേപിക്കുന്നു? വീണ്ടും അദ്ദേഹം പറയുന്നു: ''പട്ടാളക്കോടതിയിൽ ഇതെ ലഘുലേഖതന്നെയാണ് പരിചിന്തനത്തിനും വിമർശനത്തിന്നും വിഷയമായിരുന്നിട്ടുള്ളത്". "ഖാദിയാനീ പ്രശ്നം എന്ന ലഘുലേഖ പട്ടാളനിയമകാലത്ത് എന്തിന്നു പ്രസിദ്ധീകരിച്ചു എന്ന കുറ്റത്തിന്നാകുന്നു മൗലാനാമൗദൂദിയെ മരണശിക്ഷക്കും പിന്നീട് 14 കൊല്ലം കഠിനതടവിന്നും വിധിച്ചുട്ടുള്ളതു". ഈ ഉദ്ധാരണങ്ങളിൽനിന്നു മനസ്സിലാകുന്നതു മൗദൂദിസാഹിബിന്റെ കേസ് സംബന്ധിച്ച എല്ലാ വർത്തമാനങ്ങളും ഗവർമ്മെണ്ടു രഹസ്യമാക്കാൻ ശ്രമിച്ചുവെങ്കിലും അദ്ദേഹത്തിന്റെ കക്ഷിക്കാർക്കു അവ അറിയാൻ പ്രയാസമുണ്ടായില്ലെന്നല്ലേ? കറാച്ചിയിലെ 'ജംഗ്' എന്ന ദിനപത്രം പ്രസിദ്ധപ്പെടുത്തിയ ഒരു വാർത്ത മുകളിൽ ഞാൻ ചേർത്തിട്ടുണ്ടു. അതിൽ മൗദൂദിസാഹിബിന്റെയും കൂട്ടുകാരുടെയും കേസ്സ് സംബന്ധിച്ച വർത്തമാനം കറാച്ചിയിലെ "ജമാഅത്തെ ഇസ്ലാമി" ആഫീസ് മുഖേനയാണ് പത്രങ്ങൾക്ക് കിട്ടിയതെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെ ഗവർമ്മെണ്ടിന്റെ രഹസ്യങ്ങൾ അറിയാൻ കഴിയുന്ന ഇവർ വാർത്താ പരിശോധനയും വാർത്താനിയന്ത്രണവും ഏർപ്പെടുത്തിയതിനെപററി പരാതിപ്പെടുകയും ഗവർമ്മെണ്ടിനെ ആക്ഷേപിക്കുകയും ചെയ്യുവാനൊരുങ്ങിയത് വിചിത്രം തന്നെ!

ഈ തുറന്ന പരമാർത്ഥങ്ങൾ കണ്ണുള്ളവരുടെയെല്ലാം മുമ്പിൽ ഉണ്ടായിരിക്കെയാണ് ''ജമാഅത്തെ ഇസ്ലാമി ഇന്നുവരെയ്ക്കും നിയമപരിധിക്കപ്പുറം ഒരൊററ കാലടിപോലും വെച്ചിട്ടില്ല" എന്നും മൗദൂദിസാഹിബും കൂട്ടുകാരും "വെറും റസൂലിനോടുള്ള സ്നേഹം കാരണമായി ജയിലിൽ പോകേണ്ടിവന്നവർ'' ആണെന്നും മാഹിറുൽ ഖാദിരി സാഹിബ് പറയുന്നത്. ഈ പ്രസ്താവനയ്ക്ക് യാഥാർത്ഥ്യവുമായി വല്ല പൊരുത്തവുമുണ്ടോ എന്നു വായനക്കാർ ഒന്നു ചിന്തിക്കേണ്ടതാണ്. പാകിസ്താനിൽ നടന്ന അക്രമപരമായ പ്രക്ഷോഭവുമായി മൗദൂദിസാഹിബിന്നും അനുചരന്മാർക്കും യാതൊരു ബന്ധവുമുണ്ടായിരുന്നില്ലെന്നും അവർ ഗുണ്ടായിസത്തെ എതിർക്കുന്നവരാണെന്നും അവിടെ അക്രമങ്ങളും വിധ്വംസക പ്രവർത്തനങ്ങളും മററുള്ളവരാണ് നടത്തിയതെന്നും ഇവർ പറയുന്നു. പാകിസ്താനിൽ നടന്ന പ്രക്ഷോഭം വിവിധ കക്ഷികൾ വ്യത്യസ്തതുറകളിലായി നടത്തിയിട്ടുള്ള ഒന്നല്ലെന്നും അതു സംഘടിതവും വ്യവസ്ഥിതവും മുൻകൂട്ടി പ്ലേനിട്ടുചെയ്തതും ആണെന്നുമുള്ള പരമാർത്ഥത്തെ അത്രവേഗം നിഷേധിക്കാനാവുകയില്ല. അഹ്മദികളെ ന്യൂനപക്ഷമായി പ്രഖ്യാപിക്കുകയും സഫറുല്ലാഖാനെ ഉദ്യോഗത്തിൽനിന്നു പുറത്താക്കുകയും അങ്ങനെ 'ഖത്തമുന്നുബുവ്വ'ത്തിനെ സംരക്ഷിക്കുകയും ചെയ്കയെന്നതായിരുന്നുവല്ലൊ പ്രക്ഷോഭക്കാരുടെ ലക്ഷ്യങ്ങളായി പറയപ്പെട്ടിരുന്നത്. "ഇസ്ലാമികഭരണഘടനാപ്രക്ഷോഭണവും അന്ത്യപ്രവാചകത്വസംരക്ഷണപ്രഖ്യാപനവും പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ രണ്ടും തമ്മിൽ വേർതിരിക്കുന്നത് ശരിയല്ല. ഭരണഘടനാപ്രസ്ഥാനത്തോടൊപ്പം ഈ പ്രസ്ഥാനവും ഒരേ ഗതിയിൽ ചലച്ചുകൊണ്ടിരിക്കട്ടെ". എന്നു മൗദൂദി സാഹിബ് തന്നെ ഉപദേശിച്ചതായി 'അൽ ഫാറൂഖ് ' മാസികപറഞ്ഞുതരുന്നു. (ജൂൺ, ജൂലായി ലക്കം) അന്ത്യ പ്രവാചകത്വസംരക്ഷണപ്രക്ഷോഭം യഥാർത്ഥത്തിൽ അഹ്മദിയ്യാ വിരുദ്ധപ്രക്ഷോഭംതന്നെയാണെന്നത് ആരേയും പറഞ്ഞറിയിക്കേണ്ടതായിട്ടില്ല. അപ്പോൾ, ഈ പ്രക്ഷോഭത്തിൽ മൗദൂദി സാഹിബിന്നും കൂട്ടുകാർക്കും യാതൊരു കൈയ്യും ഇല്ലെന്നും അഹ്മദികൾക്കെതിരിൽ നടന്ന അക്രമങ്ങൾക്കും പൈശാചികപ്പേക്കൂത്തുകൾക്കും അവർ എതിരായിരുന്നുവെന്നും പറഞ്ഞു നല്ല പിള്ള നടിക്കാൻ ശ്രമിക്കുന്നതു വഞ്ചനാപരമല്ലേ? വാസ്തവം പറയുകയാണെങ്കിൽ, ആ പ്രക്ഷോഭത്തിൽ മൗദൂദിസാഹിബിന്നും അനുയായികൾക്കുമുള്ള പങ്ക് മറ്റാരെക്കാളും ഒട്ടും കുറഞ്ഞതായിരുന്നില്ല. പാകിസ്താൻ ഗവർമ്മെണ്ട് ഈ പരമാർത്ഥത്തെ നല്ലവണ്ണം മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് മൗദൂദി സാഹിബിനെ ശിക്ഷിച്ചതും. അഹ്മദിയ്യാവിരുദ്ധപ്രക്ഷോഭക്കാരുടെ മറ്റൊരാവശ്യം അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കണമെന്നതായിരുന്നവല്ലോ. ഇക്കാര്യത്തിലും മൗദൂദി സാഹിബ് മറ്റുള്ളവർക്ക് നേതൃത്വം നൽകുകയാണുണ്ടായതെന്നത് പ്രത്യക്ഷമാണ്. ഈ ഉദ്ദേശാർത്ഥം തന്നെയാണ് അദ്ദേഹം "ഖാദിയാനിപ്രശ്നം" എന്ന ലഘുലേഖ രചിച്ചത്. "മൗലാനാ മൗദൂദി പാകിസ്താനിലെ ഖാദിയാനി സമുദായത്തെ ഒരു ന്യൂനപക്ഷമായി കണക്കാക്കണമെന്ന ബഹുജനാവശ്യത്തോട് തികച്ചും യോജിച്ചിരുന്നുവെന്നതു ശരിതന്നെയാണ്'' എന്നു "അൽഫാറൂഖ്" ഏറ്റു പറയുന്നുമുണ്ട്. (ജൂൺ ജൂലായി ലക്കം) അങ്ങനെ

*(ശേഷം 41-ാം പേജിൽ)*

## കുറിപ്പുകൾ

മുസാഫിർ

# യുക്തിവാദികളുടെ ശാസ്ത്രബോധവും സദാചാരവും

നാട് പരിഷ്കരിച്ച് ഇലക്ട്രിക് വെളിച്ചവും മോട്ടോർ വാഹനങ്ങളും വന്നതോടെ കുട്ടിച്ചാത്തന്റെയും ജിന്നുകളുടെയും ശല്യം ഏറെക്കുറേ ഇല്ലാതായി എന്ന് ഒരു മനോരോഗ വിദഗ്ദൻ ഈയിടെ പറയുകയുണ്ടായി. അതുപോലെ പഴയ ന്യൂട്ടോണിയൻ ക്ലാസിക്കൽ പ്രപഞ്ച വീക്ഷണത്തിൽ നിന്ന് ശാസ്ത്രം ആധുനികോത്തര യുഗത്തിലേക്ക് പ്രവേശിച്ചതോടെ യുക്തിവാദികൾ എന്ന് സ്വയം വിളിച്ചിരുന്ന 'നിരീശ്വരമതമൗലികവാദി'കൾ നാട്ടിൽ നിന്ന് ഏറെക്കുറെ അപ്രത്യക്ഷമായിരിക്കുന്നു. പാർട്ടിക്കിൾ ഫിസിക്സ്, ആന്റി മാറ്റർ, അനിശ്ചിതത്വ സിദ്ധാന്തം, സിംഗുലാരിറ്റി, കയോസ്, കോസ്മോളജി, മുതലായ ശാസ്ത്രശാഖകളുടെ ആവിർഭാവത്തോടെ അതിസങ്കീർണ്ണവും അതീവ ധിഷണാവൈഭവത്തോടും കൂടി സംഘടിപ്പിക്കപ്പെട്ടതുമായ പ്രപഞ്ചത്തെ സംബന്ധിച്ച അറിവിന് മുമ്പിൽ അവസാന വാക്ക് പോയിട്ട് പ്രാഥമികാക്ഷരം പോലും ഉരുവിടാൻ മനുഷ്യനായിട്ടില്ല എന്ന് സമ്മതിച്ച് ആധുനിക ശാസ്ത്രം മസ്തകം താഴ്ത്തി നിൽക്കുമ്പോഴാണ് ശ്രീ. ഇ.എ ജബ്ബാർ എന്ന കേരളത്തിലെ യുക്തിവാദി നേതാവ് മാതൃഭൂമിയിൽ (2006 ജനുവരി 29ന്) 'മതം ഉപേക്ഷിക്കുന്നതെന്തിന്' എന്ന ലേഖനവുമായി പ്രശ്നത്തിൽ ഇടപെടുന്നത്. പ്രപഞ്ചം സ്വയംഭൂവാണെന്ന് കരുതുന്ന അദ്ദേഹം ശാസ്ത്ര പുരോഗമനചിന്തക്കും സദാചാര ബോധമുണ്ടാക്കുന്നതിനും, മതം യാതൊരു സംഭാവനയും നൽകിയിട്ടില്ല പകരം ആയിരം കൊല്ലം പിറകോട്ടേക്ക് കൊണ്ടുപോകുകയാണ് ചെയ്തത് എന്നാണ് ശ്രീ ജബ്ബാറിന്റെ വിമർശന സാരം.

ശ്രീ ജബ്ബാറിനെ പോലെ, ശാഠ്യങ്ങളൊന്നുമില്ലാത്തതിനാൽ അദ്ദേഹം പറഞ്ഞ പല സത്യങ്ങളോടും ഈ ലേഖകൻ യോജിക്കുന്നു. പക്ഷേ ആ ദത്തങ്ങളുപയോഗിച്ച് അദ്ദേഹം ആവിഷ്കരിക്കുന്ന പൊതുവത്ക്കരണങ്ങളും സിദ്ധാന്തങ്ങളും നിഗമനങ്ങളും അഭിപ്രായ പ്രകടനങ്ങളുമെല്ലാം അങ്ങേയറ്റം ബാലിശവും യുക്തിവിരുദ്ധവും അസഹിഷ്ണുതാപൂർണ്ണവുമായ മൗലിക വാദങ്ങളുമാണെന്ന് പറയാതെ വയ്യ.

യൂറോപ്പിൽ ക്രിസ്തുമതം, ഭരണം നടത്തിയിരുന്ന മദ്ധ്യനൂറ്റാണ്ടുകളിൽ സ്വതന്ത്ര ചിന്തക്കും ശാസ്ത്രത്തിനുമെതിരെ കൈകൊണ്ട അത്യാചാരങ്ങൾ നിരത്തിക്കൊണ്ടാണ് ശ്രീ ജബ്ബാർ മത വിമർശനത്തിന്റെ മാലപടക്കത്തിന് തിരികൊളുത്തുന്നത്. 'സ്ത്രീകൾക്ക് ഒരു വാരിയെല്ല് കുറവാണെന്ന വിശ്വാസത്തെ കാര്യ കാരണ സഹിതം നിരാകരിച്ച ശരീര ശാസ്ത്രജ്ഞനായിരുന്ന വസേലിയസിനെ നാടു കടത്തിയത്, ' സ്ത്രീയേ നീ വേദനയോടെ പ്രസവിക്കും' എന്ന ബൈബിൾ വാക്യത്തിന് വിരുദ്ധമായി വേദനാ സംഹാര ഔഷധങ്ങൾ നിരോധിച്ചത്, വേദനാ സംഹാരികളുപയോഗിച്ചുള്ള സുഖ പ്രസവം വിലക്കപ്പെട്ടത്, പ്രകൃതി കോപങ്ങൾക്കെതിരെ മിന്നൽ രക്ഷാചാലകം ഉപയോഗിക്കുന്നത് സഭ വിലക്കിയത്, എഡിസൺ ബൾബ് കണ്ടുപിടിച്ചപ്പോൾ ദൈവഹിതമായ ഇരുളിനെ ചോദ്യം ചെയ്യാൻ പാടില്ല എന്ന് പറഞ്ഞത്, വിമാനം കണ്ടുപിടിച്ചവരോട് ദൈവത്തെ കാണാൻ ബാബേൽ ഗോപുരം പണിതവരുടെ ഗതി അതിന് പിന്നിൽ പ്രവർത്തിച്ചവർക്കുണ്ടാകും എന്ന് പറഞ്ഞത്, റോജർ ബേക്കൺ, ഗലീലിയോ ജുവാൻ ഓഫ് ആർക്ക് എന്നിവരെ ശിക്ഷിച്ചത്' അങ്ങിനെ ക്രിസ്തുമതം മധ്യകാല യൂറോപ്പിൽ ചെയ്തുകൂട്ടിയ അത്യാചരങ്ങൾ വിവരിച്ചു കാട്ടിയാണ് മനുഷ്യാവകാശത്തിനും ശാസ്ത്രത്തിനും മതം എതിരാണെന്ന് ജബ്ബാർ സമർത്ഥിക്കുന്നത്.

ശാസ്ത്ര പ്രതിഭകൾക്ക് പീഢനമനുഭവിക്കേണ്ടി വന്നത് മധ്യ കാലഘട്ടത്തിൽ ക്രിസ്ത്യൻ ഭരണത്തിന് കീഴിലായിരുന്നു എന്നത് ദൗർഭാഗ്യകരമാണ്. നൂറ്റാണ്ടുകൾക്ക് ശേഷം ആ തെറ്റുകൾക്കെല്ലാം മുട്ടുകുത്തി മാപ്പിരന്നുകൊണ്ടാണ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ കാലയവനികക്കുള്ളിൽ മറഞ്ഞതെന്ന കാര്യം നാം ഓർക്കുക.

മതാധിഷ്ഠിതമായ ക്രിസ്തീയ യൂറോപ്പ് മധ്യ നൂറ്റാണ്ടുകളിലാണ് മനുഷ്യനെ കിടിലം കൊള്ളിച്ച പീഢനങ്ങൾ അഴിച്ചുവിട്ടത്. എന്നാൽ പ്രബു

ദ്ധമായ നമ്മുടെ കാലത്ത് മത വിരുദ്ധമായ സോവ്യറ്റ് റഷ്യയിലെ ഇരുമ്പു മറക്കുള്ളിൽ നടന്ന എണ്ണിയാലൊടുങ്ങാത്ത പൈശാചികതകൾ നാം അറിഞ്ഞു കഴിഞ്ഞതാണല്ലോ. മാർക്സിസത്തിന്നെതിരെ എന്തെങ്കിലും പുതിയ ആശയം ആർക്കെങ്കിലും തലയിലു ദിച്ചാൽ വർഗ്ഗവഞ്ചകനും പിന്തിരിപ്പനുമായ ആ ഹതഭാഗ്യനെ ലേബർ ക്യാമ്പിലോ മനോരോഗ ചികിത്സാലയത്തിലോ പാർപ്പിക്കുക എന്നതായിരുന്നു സോവ്യറ്റ് രീതി. എന്നിട്ടും ശാസ്ത്രീയ രീതിയിൽ ചിന്തിക്കുന്നില്ലെങ്കിൽ ആ സോവ്യറ്റ് പൗരന്റെ ശരീരത്തിൽ സോഷ്യലിസ്റ്റ് ചിന്തകൾ ഉൽപാദിപ്പിക്കാത്ത തലക്ക് നിൽക്കാൻ അർഹതയില്ല എന്ന രീതിയിലായിരുന്നു ഭരണം. ആ കൊടും ക്രൂരതകൾ വിവരിച്ചുകൊണ്ടുള്ള പതിനായിരക്കണക്കിന് രേഖകൾ ഇപ്പോൾ വെളിച്ചം കണ്ടിരിക്കുന്നു.

മതം, ശാസ്ത്ര ചിന്തയെ അടിച്ചമർത്തിയ കാര്യമാണല്ലോ ശ്രീ ജബ്ബാർ തന്റെ ലേഖനത്തിൽ പറഞ്ഞത്. മതേതര സോവ്യറ്റ് യൂണിയനിൽ സോവ്യറ്റ് സ്കൂൾ ഓഫ് ജനിറ്റിക്സിന്റെ നേതാവും അക്കാദമീഷ്യനുമായ സസ്യ ശാസ്ത്രജ്ഞനായിരുന്നു ട്രോഫിം ലീസെങ്കോ (Trofim Lysenko). മാർക്സിസ്റ്റ് സൈദ്ധാന്തികൻ കൂടിയായ ലീസെങ്കോ തന്റെ സൈദ്ധാന്തിക നിലപാടിനെതിരാണെന്ന് പറഞ്ഞ് സർവാംഗീകൃതമായ ഒരു ജനിതക നിയമം സോവ്യറ്റ് വിദ്യാഭ്യാസ കരിക്കുലത്തിൽ ചേർക്കാൻ വിസമ്മതിച്ചത് മൂലം അവിടുത്തെ ശാസ്ത്രീയ ഗവേഷണങ്ങളെയും കാർഷിക മേഖലയേയും പിറകോട്ട് നയിച്ച സംഭവം കുപ്രസിദ്ധമാണല്ലോ. സിദ്ധാന്ത വാശി തലയിൽ കയറി ശാസ്ത്രീയമായി പിന്നോട്ട് പോയ സോവ്യറ്റ് യൂണിയന്റെ അനേകം കഥകളിലൊന്നാണിത്. അതായത് പാരമ്പര്യ ഗുണങ്ങൾ ക്രോമോസോമുകളിലൂടെ അടുത്ത തലമുറയിലേക്ക് കൈമാറ്റപ്പെടുന്നു എന്ന മെന്റലീഫിന്റെ സിദ്ധാന്തമാണ് മാർക്സിസത്തിന് നിരക്കുന്നതല്ല എന്ന് പറഞ്ഞ് ലീസെങ്കോ തള്ളിക്കളഞ്ഞത്. പകരം ആർജിത ഗുണങ്ങളും പാരമ്പര്യമായി കൈമാറ്റം ചെയ്യപ്പെടും എന്നായിരുന്നു അദ്ദേഹത്തിന്റെ മാർക്സിസ്റ്റ് നിലപാട്. സ്റ്റാൻലിന്റെ ഉറ്റ സുഹൃത്തായ അദ്ദേഹം പോപ്പുലേഷൻ ജെനിറ്റക്സിന്നും ഐഡിയോളജിയുടെപേരിൻ നിരോധമേർപ്പെടുത്തിയിരുന്നു. സ്റ്റാലിൻ മരിച്ചതിന് ശേഷം 1960ലാണ് ലീസെങ്കോയുടെ പിടുത്തത്തിൽ നിന്നും സോവ്യറ്റ് ജെനിറ്റിക്സ് മോചിതമായത്. ശാസ്ത്ര പ്രതിഭകളോട് റഷ്യ കാണിച്ച ദ്രോഹത്തിന് ഏറ്റവും വലിയ ഉദാഹരണം വിശ്വപ്രശസ്ത ന്യൂക്ലിയർ ശാസ്ത്രജ്ഞനും സോവ്യറ്റ് ഹൈഡ്രജൻ ബോംബിന്റെ പിതാവും, പിന്നീട് മനുഷ്യാവകാശ പ്രവർത്തകനുമായി തീർന്ന അന്ദ്രേയ് സഖറോവിനോട് കാട്ടിയ ക്രൂരതയായിരുന്നു.1975ൽ നോബൽ സമ്മാനം ലഭിച്ചിട്ടും അത് വാങ്ങാൻ പോലും അദ്ദേഹത്തെ സോവ്യറ്റ് അധികാരികൾ അനുവദിച്ചില്ല. അവസാനം സോവ്യറ്റ് യൂണിയൻ ചീട്ടുകൊട്ടാരം പോലെ തരിപ്പണമാക്കിയ ഗോർബച്ചോവ് വന്നതിന് ശേഷമാണ് ഗോർക്കിയിലെ തടവറയിൽ നിന്നും അദ്ദേഹം മോചിതനായത്. സൈനിക പ്രധാനമായ ശാസ്ത്രത്തിലും ബഹിരാകാശ ശാസ്ത്രത്തിലുമല്ലാതെ ഉപഭോക്തൃ വസ്തുക്കളുടെ നിർമാണത്തിലോ മറ്റു ശാസ്ത്ര മേഖലകളിലോ സോവ്യറ്റ് യൂണിയൻ വിജയിച്ചില്ല. വാസ്തവത്തിൽ നിർമിത വസ്തുക്കളുടെയും ഭക്ഷ്യവസ്തുക്കളുടെയും ദൗർലഭ്യം കാരണം സോവ്യറ്റ് യൂണിയനിലുടനീളം പൊതുവിതരണ സ്റ്റോറുകളുടെ മുന്നിൽ രൂപം കൊണ്ട നെടുനീളൻ ക്യൂവിൽ കുടുങ്ങിയാണ് കമ്യൂണിസ്റ്റ് റഷ്യ ശ്വാസം മുട്ടി മരിച്ചത്. പിന്നെയെന്ത് ശാസ്ത്ര പുരോഗതിയാണ് നിർമ്മത രാജ്യമായിരുന്ന റഷ്യയിൽ സംഭവിച്ചത്. ഇതൊന്നും തന്നെ മധ്യ നൂറ്റാണ്ടിലെ കഥകളല്ല നാം പത്രത്തിൽ വായിച്ച സംഭവങ്ങളാണ്.

1929 മുതൽ 1953 വരെ റഷ്യയെ ഭരിച്ച സ്റ്റാലിൻ രംഗ പ്രവേശം ചെയ്യുന്നത് തന്നെ തന്റെ സഹപ്രവർത്തകനായ ട്രോസ്കിയെ പുറത്താക്കിക്കൊണ്ടാണ്. പിന്നീട് അദ്ദേഹത്തെ മെക്സിക്കോയിൽ വെച്ച് കൊലപ്പെടുത്തുകയായിരുന്നു. 1937 മുതൽ 38 വരെ മാർക്സിസത്തിന്റെ പേരിൽ സ്റ്റാലിൻ നടപ്പാക്കിയ മഹാശുദ്ധീകരണം (Great Purge) 'വിപ്ലവം അതിന്റെ മക്കളെ കൊന്നതിന്നുന്നു' എന്ന പഴമൊഴിയുടെ പുലർച്ചയായിരുന്നു. കെ. ജി.ബിയുടെ പൂർവഗാമിയായിരുന്ന NKVD 'Russian Acronym for Peoples Commissiariat of Internal Affairs' എന്ന രഹസ്യ പോലീസിനെ ഉപയോഗിച്ചായിരുന്നു സംശയമുള്ളവരെ സ്റ്റാലിൻ ഉൻമൂലനം ചെയ്തത്. അതിന്റെ തലവനായ ജെൻറിക് യഗോദയാണ് നരവേട്ടക്ക് നേതൃത്വം നൽകിയത്. റഷ്യൻ വിപ്ലവത്തിനും അതിന് ശേഷവും ത്യാഗോജ്ജ്വലമായ ചരിത്രം രചിച്ച ചെമ്പടയുടെ മൂന്നിൽരണ്ടോളം ഇങ്ങിനെ കൊന്നൊടുക്കി എന്നാണ് കണക്കാക്കപ്പെടുന്നത്. സോവ്യറ്റ് യൂണിയൻ മതേതരമായിരുന്നിട്ടും എന്തുകൊണ്ട് മനുഷ്യാവകാശങ്ങളുടെ അടിച്ചമർത്തലുകളും മനുഷ്യ ഹത്യകളും ശാസ്ത്ര വെറിയും അവിടെ അരങ്ങേറിയത്?

ഇതിന് പുറമേ കംബോഡിയായിലെ കുപ്രസിദ്ധ കമ്യൂണിസ്റ്റായ പോൾപോട്ടിന്റെ ഖമർ റൂഷ് പാർട്ടിയുടെ മതേതര ഭരണം 1975 മുതൽ 79 വരെയുള്ള കാലയളവിൽ കൊന്നൊടുക്കിയത് 15 ലക്ഷം കംബോഡിയക്കാരെയായിരുന്നു. ചെകസ്ലോവാക്യയിലെ ഐറിക് ഹാനോക്കൽ റോമാനിയയിലെ ചെഷഷ്ക്ക്യൂ അൽബേനിയയായലെ അൻവർ ഹോജ എല്ലാവരും നമ്മുടെ സമകാലികരായിരുന്ന നരവേട്ടക്കാരും മതേതരന്മാരും.

ജബ്ബാർ എഴുതുന്നു: 'സുഖവും സന്തോഷവും പാപമാണെന്ന തോന്നലാണ് വിശ്വാസികളെ മനോരോഗികളും പര പീഡന പ്രേമികളുമാക്കി തീർത്തത്.' അങ്ങനെയാണെങ്കിൽ മതേതരായ കമ്യുണിസ്റ്റ് വിശുദ്ധരുടെ

പരപീഢനങ്ങൾക്കും മാനസിക രോഗത്തിനും യുക്തിസഹമായ വിശദീകരണം നൽകാൻ ജബ്ബാർ ബാദ്ധ്യസ്ഥനല്ലേ?

ഇനി ശ്രീ ജബ്ബാർ പറയുന്നത് പോലെ ക്രിസ്തീയ ലോകത്ത് വെറും അടിച്ചമർത്തലുകളും പീഢനങ്ങളും മാത്രമാണോ അരങ്ങേറിയത്. ആധുനിക ക്രിസ്തീയ യൂറോപ്പിൽ ക്രിസ്തീയ മതനാമമുള്ള പല രാഷ്ട്രീയ കക്ഷികളും ഭരണത്തിലുണ്ട്. മതത്തോട് അനുഭാവം പുലർത്തുകയും മത സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്ത പശ്ചിമ യൂറോപ്പും അമേരിക്കയുമാണല്ലോ ആധുനിക ശാസ്ത്രത്തിന് സംഭാവനകൾ കൂടുതലായി നൽകുന്നത്. മത വിരുദ്ധർക്ക് ശാസ്ത്ര സംഭാവനകൾ നൽകാൻ ഒരു രാജ്യം പോലും ഇന്നില്ല. സദാ പട്ടാള യൂനിഫോമിലുള്ള കമ്മ്യൂണിസ്റ്റ് ക്യൂബയിലെ നേതാവിന് ശാസ്ത്രം വളർത്താനുള്ള നേരമോ ശേഷിയോ അതിനുള്ള മൂഢോ ഉണ്ടെന്ന് തോന്നുന്നില്ല.

മറ്റൊരു കാര്യം കൂടി ഓർക്കണം. ശ്രീ. ജബ്ബാർ മലയാള ഭാഷയിൽ ഒരു ലേഖനമെഴുതിയെങ്കിൽ അതിന് പോലും കടപ്പാട് ക്രിസ്ത്യൻ മിഷനറിമാരോടുണ്ട് എന്ന ലളിത സത്യം മറക്കരുത്. കവിതയും സംസ്കൃത സാഹിത്യവുമായി കഴിഞ്ഞ മലയാള ഭാഷക്ക് ഗദ്യസാഹിത്യവും നിഘണ്ടുവും അച്ചടിയന്ത്രവും സമ്മാനിച്ചത് ക്രിസ്ത്യൻ മിഷനറിമാരാണ്. മലയാളം അച്ചടിയുടെ പിതാവായ ബെഞ്ചമിൻ ബെയ്ലി ഒരു ക്രിസ്തീയ വൈദികനായിരുന്നു. ആദ്യമായി മലയാളത്തിൽ വേദ പുസ്തകം പരിഭാഷ ചെയ്ത ബെയ്ലി 19–ാം നൂറ്റാണ്ടിൽ ആദ്യ ദശകങ്ങളിൽ അച്ചടി യന്ത്രം ഇംഗ്ലണ്ടിൽ നിന്നും വരുത്തി ടൈപ്പുകളുണ്ടാക്കി അച്ചടി നിർവഹിച്ച ഭാഷാസേവകനാണ്. അതുപോലെ നിഘണ്ടുകാരനായ ഹെർമൻ ഗുണ്ട്ട്ട് വൈയാകരണനായ റവ: ജോർജ്ജ് മാത്തൻ അർണോസു പാതിരി മുതലായവരെല്ലാം ക്രിസ്തീയ പുരോഹിതന്മാരായിരുന്നു എന്ന കാര്യം ജബ്ബാർ ഓർക്കണമായിരുന്നു.

ശ്രീ ജബ്ബാറിന്റെ മറ്റൊരു വിമർശനം 'മന്ത്രിച്ചൂതലും കൊമ്പുവെക്കലുമാണ് മേത്തരം ചികിത്സ എന്ന് വിശ്വസിച്ച ഇസ്‌ലാമിക ലോകത്തിനകത്ത് ചികിത്സാ ശാസ്ത്രത്തിന് കാര്യമായ സംഭാവനകളൊന്നുമുണ്ടായില്ല' എന്നാണ്. പടു യാഥാസ്ഥിതികരായ സുന്നികൾവരെ. ഇപ്പോൾ കൊമ്പുവെക്കാറില്ല. മന്ത്രിച്ചൂതലും ചുരുക്കമാണ്. പക്ഷേ ജബ്ബാറിന്റെ ശാസ്ത്രത്തെ സംബന്ധിച്ച് തികഞ്ഞ അജ്ഞതക്കും അത് വിളിച്ച് പറയുന്ന കൂസലില്ലായ്മക്കും മുമ്പിൽ പടു സുന്നികൾ വരെ ലജ്ജിച്ചു തലതാഴ്ത്തും. വൈദ്യ ശാസ്ത്രത്തിന് മുസ്‌ലിം ലോകം നൽകിയ സംഭാവന ഇത് സംബന്ധിച്ച് നാല ക്ഷരം വായിച്ചവർക്കെല്ലാം അറിയുന്നതാണ്. അവിസെന്ന എന്ന പേരിൽ അറിയപ്പെടുന്ന റഷ്യയിലെ ഉസ്ബെക്കിസ്ഥാനിലെ ബുഖാറക്കടുത്ത് ജനിച്ച ഇബ്നുസീന (980–1097) വിശ്വപ്രശസ്തനായ വൈദ്യശാസ്ത്ര പ്രതിഭയായിരുന്നു. പത്താം വയസ്സിൽ ഖുർആൻ മനപാഠമാക്കിയ ഇബ്നുസീന കൈവെക്കാത്ത വൈജ്ഞാനിക മേഖലകളില്ല. അദ്ദേഹത്തിന്റെ 'കാനൻ ഓഫ് മെഡിസിൻ' (അൽഖാനുനൂ ഫിത്തിബ്) എന്ന പുസ്തകം 18–ാം നൂറ്റാണ്ടുവരെ യൂറോപ്യൻ സർവകലാശാലയിൽ വൈദ്യശാസ്ത്രത്തിന്റെ പാഠപുസ്തകമായിരുന്നു. അദ്ദേഹത്തിന്റെ സഹസ്രാബ്ദ ജയന്തി മതേതര സോവ്യറ്റ് യൂണിയൻ സമുചിതം ആഘോഷിച്ചത് അദ്ദേഹം ശാസ്ത്രത്തിന് നൽകിയ സംഭാവനയുടെ പേരിലായിരുന്നു. അൽറാസി, ഇബ്നു ഹൈത്തം, അൽ ജാബിർ തുടങ്ങി മുസ്‌ലിം വൈദ്യശാസ്ത്രം പ്രതിഭകൾകൊണ്ട് നിറഞ്ഞതാണ്. മുസ്‌ലിം ശാസ്ത്രജ്ഞൻ മാരുടെ സംഭാവനകളെ പറ്റി പറയാൻ പ്രശസ്ത ശാസ്ത്ര ചരിത്രകാരനായ H.J.J Winters ന്റെ Eastern Science എന്ന പുസ്കത്തിൽ നിന്നും ഉദ്ധരിക്കാം.

"ഗ്രീക്ക് വീക്ഷണങ്ങൾക്ക് വിരുദ്ധമായി നിയതമായ വേഗത്തിൽ ഉൽസർജ്ജിക്കുന്ന കണങ്ങളുടെ പ്രഭാമയമായ സ്രോതസ്സാണ് പ്രകാശമെന്ന് ഇബ്നുസീന കണ്ടെത്തി. താപം, ബലം, ചലനം എന്നിവയുടെ പ്രവർത്തനത്തെ പറ്റി അദ്ദേഹം മനസ്സിലാക്കുകയും ചെയ്തു. ബസറയിൽ നിന്നും ഈജിപ്തിലേക്ക് കുടിയേറിപ്പാർത്ത മറ്റൊരു ശാസ്ത്രജ്ഞനും അവിസെന്നയുടെ സമകാലികനും എക്കാലത്തെയും ഉന്നത ശാസ്ത്ര വിജ്ഞാനിയുമായ ഇബ്നു ഹൈത്തം (അൽഹസൻ 965–1039 ക്രി.വ.) ഒപ്ടിക്ക്സിൽ (പ്രകാശികം) പരീക്ഷണ പഠനങ്ങൾ നടത്തിയതിന്റെ ഫലമായി പ്രകാശരശ്മി ഒരു മാധ്യമത്തിലൂടെ സഞ്ചരിക്കുമ്പോൾ ഋജുവും വേഗതയുള്ളതുമായ സഞ്ചാരപഥം കൈക്കൊള്ളുമെന്ന് കണ്ടെത്തുകയുണ്ടായി. ഈ വിഷയത്തിൽ പിൽക്കാലത്ത് ആവിഷ്കരിച്ച ഫെർമാറ്റിന്റെ അല്പതമ സമയതത്വം (Least Time Theory) നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഇബ്നുഹൈത്തം കണ്ടെത്തിയതായിരുന്നു. അതുപോലെ അദ്ദേഹം ജഡത്വ നിയമം(Theory of Inertia) ആവിഷ്കരിക്കുകയുണ്ടായി. അത് ന്യൂട്ടന്റെ ഒന്നാം ചലന നിയമമായി(Ist law of motion) പിന്നീട് അറിയപ്പെട്ടു. മറ്റൊന്ന് രണ്ട് ഭിന്ന മാധ്യമങ്ങളിലൂടെ പ്രകാശ കണങ്ങൾ സഞ്ചരിക്കുമ്പോഴുണ്ടാകുന്ന അപവർത്തനം (Refraction) സമകോണീയ ബലനിയമങ്ങളുടെ വെളിച്ചത്തിൽ നോക്കിക്കാണുകയും പ്രകാശ കിരണത്തിന്റെ അപവർത്തന (Refraction) സ്വഭാവം യാന്ത്രിക തലത്തിൽ വിശദീകരിച്ചതുമാണ്.

## 'സന്മാർഗ്ഗും യുക്തിവാദികളും'

'സദാചാരത്തിന്റെ ഉദ്ഭവത്തെ പറ്റി ജബ്ബാർ പറയുന്നു: 'സ്നേഹം, സഹാനുഭൂതി, കരുണ, സഹകരണ മനോഭാവം തുടങ്ങിയ സദ്വികാരങ്ങൾ വിശ്വാസത്തിൽ നിന്നും ഉണ്ടായതല്ല. ജന്മസിദ്ധമായ വികാരങ്ങളാണവ.' ജബ്ബാറിന്റെ ഈ സങ്കൽപത്തിൽ അയുക്തികതയുണ്ട്. മനുഷ്യനിലെ ധാർമ്മിക ഗുണത്തിന്റെ ബീജങ്ങൾ

സഹജഗുണങ്ങളായി ദൈവം മനുഷ്യാത്മാവിൽ ജനിക്കുമ്പോൾ തന്നെ നിക്ഷേപിച്ചിട്ടുണ്ട് എന്നതാണ് സത്യം ഇതിനെ ധാർമ്മികഗുണം എന്ന് വിളിക്കാനാവില്ല. ആ സഹജാവ ബോധത്തെ ത്യാജ്യ ഗ്രാഹ്യ ബോധത്തോടെ ഉപയോഗിക്കുമ്പോൾ മാത്രമേ അത് ധാർമ്മിക ഗുണമായി മാറൂ. മനുഷ്യർക്കു മാത്രമല്ല ജന്തുക്കൾക്കും സഹജ ഗുണമുണ്ടെന്ന് ജബ്ബാർ തന്നെ പറയുന്നു. എന്നാൽ പശുവിന്റെ നിരുപദ്രവ ഗുണത്തെ സൗമ്യ ഗുണമെന്നോ കഴുതയുടെ ഭാരം ചുമക്കുന്ന ശീലത്തെ സഹന ഗുണമെന്നോ ആരും വാഴ്ത്താറില്ല. സഹജ ഗുണങ്ങളെ ആദർശാത്മകമായി വളർത്തിയെടുത്ത് വിവേകബുദ്ധിയോടെ അവ പ്രയോഗിക്കുമ്പോൾ മാത്രമേ ധാർമ്മിക ഗുണമായി മാറു. നിഷ്കാമവും നിഷ്കളങ്കവുമായ ആദർശങ്ങൾ എന്ന നിലക്ക് മതങ്ങൾക്ക് മാത്രമേ ധാർമ്മിക ബോധത്തെ വളർത്തികൊണ്ടുവരാൻ സാധിക്കൂ. ഇഹലോകബദ്ധവും ശരീരനിഷ്ഠവുമായ യുക്തിവാദത്തിന്റെ ആദർശങ്ങൾക്ക് സഹജാവബോധം വളർത്തിയെടുത്ത് ധാർമ്മികതയുടേയോ അദ്ധ്യാത്മികതയുടേയോ നിലവാരത്തിലെത്തിക്കാൻ സാധ്യമല്ല. മതവിശ്വാസിക്ക് പ്രവാചകൻമാർ ജീവിതത്തിലൂടെ സാക്ഷാത്കരിച്ചതും ഉപദേശിച്ചു തന്നതുമായ ആദർശങ്ങളാണ് ധർമ്മങ്ങൾ. ചോദ്യം ചെയ്യാതെ അത് അനുസരിക്കുന്നതിൽ വിശ്വാസി ആനന്ദം കണ്ടെത്തുന്നു.

യുക്തിവാദികൾക്ക് മുമ്പിൽ ഒരു പ്രശ്നം ഉന്നയിച്ചുകൊണ്ട് ഈ ചർച്ച അവസാനിപ്പിക്കാം. ചാരിത്ര ശുദ്ധി എന്ന ധാർമ്മിക ഗുണത്തെ ഭൗതിക വാദത്തിന്റെ യുക്തിശാസ്ത്രം കൊണ്ട് എങ്ങിനെ ന്യായീകരിക്കാൻ സാധിക്കും. ഉറകൾ സുലഭമായ ഇക്കാലത്ത് മറ്റു പ്രത്യാഘാതങ്ങളൊന്നുമുണ്ടാക്കാതെ; പങ്കെടുക്കുന്ന ഇരുവർക്കും സുഖം മാത്രം നൽകുന്ന വ്യഭിചാരത്തെ ശ്രീ ജബ്ബാർ എന്തിന് എതിർക്കണം? നഷ്ടപ്പെടുവാൻ ഒന്നുമില്ല; കിട്ടാനുള്ളത് പരമാനന്ദമാണെങ്കിൽ യുക്തിവാദത്തിന്റെ പ്രായോഗിക തത്വശാസ്ത്ര പ്രകാരം വ്യഭിചാരം അനുകരണീയമായ ഒരു ധർമ്മമല്ലേ? അതുപോലെ ആഗോള പണക്കാരനായ ബിൽ ഗെയ്റ്റ്സിന്റെ ഒരു നൂറു രൂപ മോഷ്ടിക്കുന്നതിൽ എന്താണ് തെറ്റ്? വഞ്ചന, ചതി മുതലായ എല്ലാ ധാർമ്മിക വിരുദ്ധതകളിലേക്കും ലോകബദ്ധവും ശരീര നിഷ്ഠവുമായ ഈ പ്രായോഗിക യുക്തി ശാസ്ത്രം പ്രയോഗിക്കാവുന്നതാണ്. സഹജാവബോധമാണ് ധാർമ്മികത എന്നത് ഭൗതിക വാദത്തിന്റെ ബലഹീനവും അപകടകരവുമായ മുദ്രാവാക്യമാണ്. ഇങ്ങിനെ പറയുമ്പോൾ യുക്തിവാദികൾ ചോദിക്കാൻ സാധ്യതയുള്ള ഒരു ചോദ്യമുണ്ട്. എന്നാൽ പിന്നെ എല്ലാ മതവിശ്വാസികളും ഇങ്ങിനെ ധാർമ്മിക ജീവിതം നയിക്കുന്നവരാണോ എന്നാണ് ആ ചോദ്യം അതിനുള്ള മറുപടി മതം എന്നാൽ, ഒരു കേഡർ പാർട്ടിയോ സ്റ്റാലിനെ പോലെ ഒരു നേതാവോ ഇല്ലാത്ത പ്രസ്ഥാനമാണ്. പുറത്താക്കാനോ ശുദ്ധീകരിക്കാനോ ഇഹലോകത്ത് ആരുമില്ലാത്ത സർവ സ്വതന്ത്രരംഗമാണ് മതം. ദൈവം മനുഷ്യന് അത്രയും സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. ഭൗതിക വാസനകൾ മാത്രമുള്ള കള്ള നാണയങ്ങൾക്ക് വരെ മതവിശ്വാസി എന്ന് സ്വയംകൽപിത സർട്ടിഫിക്കറ്റുമായി മേൽ വിലസി നടക്കാം. അതുകൊണ്ടാണല്ലോ ജബ്ബാർ വിവരിച്ചതുപോലെ വിഗ്രഹം കട്ടു കടത്തു മ്പോൾ തിരുവാഭരണത്തിന്റെ ഒരംശം ക്ഷേത്ര ഭണ്ഡാരത്തിൽ നേർച്ചയാക്കുന്നവരും അനാഥശാലയിലെ ഫണ്ട് മുക്കി ഹജ്ജിന് പോവുന്ന ഹാജിമാരും നമ്മുടെ നാട്ടിലുണ്ടാവുന്നത്.

ശ്രീ ജബ്ബാറിനെ പോലെയുള്ള യുക്തിവാദികൾ ഇത്തരക്കാരെ പ്രവാചകൻമാരായിക്കണ്ട് മതത്തെ വിമർശിക്കാനൊരുമ്പെട്ടാൻ യുക്തിവാദികളുടെ ദോഷൈക ദൃഷ്ടിയോടും ബുദ്ധിശൂന്യതയോടും സഹതപിക്കുകയേ നിവർത്തിയുള്ളൂ. ശ്രീ ജബ്ബാറിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അത് നിരീശ്വരമതത്തിന്റെ ഒരു ദൃഷ്ടിദോശമാണ്. വിഗ്രഹം കക്കുന്ന പൂജാരിയും, കുമ്പസരിക്കുന്നവളെ കടന്നുപിടിക്കുന്ന വൈദികനും, ഫണ്ട് കക്കുന്ന ഹാജിമാരെയും മാത്രം കാണുന്ന ഈ ഭൗമിക ദൃഷ്ടിക്ക് മതത്തിന്റെ ആത്മീയ സൗന്ദര്യം കാണാൻ ആയിരം സൂര്യന്മാർ ഒന്നിച്ചുദിച്ചാലും സാധ്യമല്ല എന്നു ചുരുക്കം. ■

---

*(37 -ാം പേജിൽ നിന്ന് തുടർച്ച)*

മൗദൂദി സാഹിബ് പ്രക്ഷോഭക്കാരുടെ രണ്ടാമത്തെ ആവശ്യത്തെയും അനുകൂലിക്കുകയും അതിന്നു ഹൃദയപൂർവ്വമായ സഹകരണം നൽകുകയും ചെയ്തു. കലാപക്കാരുടെ മൂന്നാമത്തെ ആവശ്യം മുഹമ്മദ് സഫറുല്ലാഖാനെ വിദേശമന്ത്രീപദത്തിൽനിന്നും പുറംതള്ളണമെന്നതായിരുന്നു. "സഫറുല്ലാഖാനെ വിദേശമന്ത്രിസ്ഥാനത്ത്നിന്ന് നീക്കം ചെയ്യണമെന്നതു പാകിസ്താനെ തികച്ചും അന്യാധീനത്തിൽനിന്നു മോചിപ്പിക്കാനുള്ള ഒരു ശ്രമം മാത്രമാണ്. ഒരു ഇസ്‌ലാമിക രാഷ്ട്രത്തിന്റെ പ്രതിനിധി അതിൽ വിശ്വസിക്കാത്ത ആളായിരിക്കുമ്പോൾ പാകിസ്താന്റെ ദേശീയഭദ്രതയ്ക്ക് തന്നെ കോട്ടം തട്ടുമെന്നതിൽ സംശയമില്ല" എന്നു പറഞ്ഞുകൊണ്ടു 'അൽഫാറൂഖ്' ഈ അവശ്യത്തെയും ന്യായീകരിക്കുന്നു. സഫറുല്ലാഖാൻ സാഹിബിനെ മന്ത്രിപദത്തിൽ വെച്ചുകൊണ്ടിരിക്കുന്നതിന്നു മൗദൂദി സാഹിബ്തന്നെ പാകിസ്താൻ ഗവർമ്മെണ്ടിനെ നിശിതമായി വിമർശിക്കുകയുണ്ടായിട്ടുണ്ട്. അപ്പോൾ പ്രക്ഷോഭക്കാരുടെ എല്ലാ ആവശ്യങ്ങളോടും മൗദൂദി സാഹിബിന്നും കൂട്ടുകാർക്കും പരിപൂർണ്ണമായ യോജിപ്പുണ്ടെന്നു വ്യക്തമായി. എന്നിരിക്കെ ഈ പ്രക്ഷോഭവുമായി തങ്ങൾക്കു പങ്കില്ലെന്നു വരുത്താൻ ഇവർ പാടുപെടുന്നതു കാണുമ്പോൾ ആരാണ് മൂക്കിന്മേൽ വിരൽ വെച്ചു പോകാത്തത്?

(തുടരും)

■

# ദൈവപുത്രന്മാരും ദൈവവും

**ഹദ്റത്ത് അഹ്മദ് (അ)**

''ഇബ്രാഹിം, ഇസ്ഹാഖ്, ഇസ്മായിൽ, യഅ്ഖൂബ്, യൂസുഫ്, മൂസാ, ദാവൂദ്, സുലൈമാൻ (അലൈഹി മുസ്സലാം) എന്നീ പ്രവാചകന്മാരെക്കുറിച്ച് ദൈവഗ്രന്ഥങ്ങളിൽ ആലങ്കാരികമായി ദൈവപുത്രന്മാർ എന്ന് വർണ്ണിച്ചതുപോലെതന്നെ ഹസ്രത്ത് യേശുമിശിഹായെക്കുറിച്ച് ഈ അലങ്കാരപദം പ്രയോഗിക്കപ്പെട്ടിരിക്കുന്നുവെന്ന് ക്രിസ്ത്യാനികൾ പറയുന്നുവെങ്കിൽ ഒരാക്ഷേപവും വരികയില്ലായിരുന്നു. എന്തെന്നാൽ, പൂർവ്വികപ്രവാചകന്മാരെക്കുറിച്ച് പൂർവ്വികഗ്രന്ഥങ്ങളിൽ ആലങ്കാരികമായി ദൈവപുത്രന്മാർ എന്നു വർണ്ണിക്കുകയുണ്ടായിട്ടുണ്ട്.

നമ്മുടെ നബിതിരുമേനി(സ) യെക്കുറിച്ച് ചില പ്രവചനങ്ങളിൽ ദൈവം എന്നുതന്നെ വിശേഷിപ്പിച്ചതായി കാണാം. വാസ്തവത്തിൽ പ്രസ്തുത പ്രവാചകന്മാർ യഥാർത്ഥത്തിൽ ദൈവപുത്രന്മാരോ റസൂൽ തിരുമേനി(സ) ദൈവമോ ആയിരുന്നില്ല. മറിച്ച് സ്നേഹരൂപേണയുള്ള ആലങ്കാരികപ്രയോഗങ്ങൾ ദൈവവചനങ്ങളിൽ ധാരാളം കാണപ്പെടുന്നു. ഒരാൾ ദൈവസ്നേഹത്തിൽ തന്നത്താൻ വിസ്മൃതനായിക്കൊണ്ട് തന്റേതായ യാതൊന്നും അവശേഷിക്കാത്ത രീതിയിൽ 'ഫനാ'യുടെ (വിലയനത്തിന്റെ) 'മഖാമി'ൽ (അഗ്രാസനത്തിൽ) ആവിഷ്ടനാകുമ്പോൾ ഇത്തരത്തിലുള്ള പദങ്ങൾ പ്രയോഗിക്കപ്പെടുന്നു. കാരണം ഇത്തരം അവസ്ഥയിൽ തങ്ങളുടെ സത്ത അവിടെ അവശേഷിക്കുന്നില്ല. ഉദാഹരമമായി അല്ലാഹു ഇപ്രകാരം പറയുന്നു:

"നീ പറയുക, അല്ലയോ എന്റെ അടിയാറുകളേ! അല്ലാഹുവിന്റെ കാരുണ്യത്തെതൊട്ടു നിങ്ങൾ നിരാശപ്പെടരുത്. അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തരുളുന്നവനാണ്." (39:54)

നോക്കുക, ഇവിടെ യാ ഇബാദല്ലാഹ് (അല്ലാഹുവിന്റെ അടിയാറുകളെ) എന്നു പറയുന്നതിന്നു പകരമായി യാ ഇബാദി (എന്റെ അടിയാറുകളേ) എന്ന് അഭിസംബോധന ചെയ്യുവാനാണ് കല്പിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ മനുഷ്യൻ അല്ലാഹുവിന്റെ അടിയാറാണ്. മുഹമ്മദു നബിയുടേതല്ല. പക്ഷെ, ഇവിടെ അലങ്കോരോക്തിയാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്.

അതേവിധം മറ്റൊരിടത്ത് അല്ലാഹു പറയുന്നു.

''നിന്നോട് അനുസരണപ്രതിജ്ഞ (ബൈഅത്ത്) ചെയ്യുന്നവർ തീർച്ചയായും അല്ലാഹുവിനോടുതന്നെയാണ് അനുസരണപ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്കുമേലുണ്ട്...." (48:11)

ഈ വചനത്തിൽ റസൂൽതിരുമേനിയുടെ കൈകളെ അല്ലാഹു തന്റെ കൈകകളായി ചിത്രീകരിച്ചിരിക്കുന്നു. അതായത്, പ്രത്യക്ഷത്തിൽ അത് അല്ലാഹുവിന്റെ കൈകളായിരുന്നില്ല."

(ഹഖീഖത്തുൽ വഹ്യ്. 66, 67) ■



*അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എടപ്പാളിൽ നിർമ്മിച്ച മസ്ജിദ്*

*(35 -ാം പേജിൽ നിന്ന് തുടർച്ച)*

ഹദ്റത്ത് ആയിശ (റ) രിവായത്ത് ചെയ്യുന്നു. "അല്ലാഹുവിന്റെ പേരിൽ സത്യം, റസൂലുല്ലായുടെ ദേഹം ആ സ്ഥലത്ത് ഇല്ലാതായിട്ടില്ല. തിരുമേനിയുടെ ആത്മാവാണ് കരേറ്റപ്പെട്ടത്'. (അതായത് മിഅ്റാജ് ആത്മീയ ദർശനമായിരുന്നു. തഫ്സീർ കശ്ശാഫ്). ആയിശ (റ) ഇപ്രകാരവും രിവായത്ത് ചെയ്യുന്നു: 'അതു അല്ലാഹുവിൽ നിന്നുള്ള സത്യമായ ഒരു ആത്മീയ ദർശനമായിരുന്നു' (അദ്ദുറമുൽ മൻസൂർ). ഹദ്റത്ത് മുആവിയ ഇപ്രകാരം രിവായത്ത് ചെയ്യുന്നു. 'അതു അല്ലാഹുവിൽ നിന്നുള്ള സത്യമായ ഒരാത്മീയ ദർശനമായിരുന്നു. (അദ്ദറുൽ മൻസൂർ)

(തുടരും)

■